# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ഇടുക്കി ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024




**ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി -685603**

**ഇ-മെയിൽ: idukkidpaudit@gmail.com**

**ഫോൺ : .**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ:
നം.കെ.എസ്.എ.ഐ.ഡി.കെ(ഡി.പി.1)44/2024

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
ഇടുക്കി -685603
തീയ്യതി: 28/12/2024
ഇ-മെയിൽ: idukkidpaudit@gmail.com
ഫോൺ: .

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഓഫീസ് കോപ്പി

നമ്പർ: തീയ്യതി: 28/12/2024

നം.കെ.എസ്.എ.ഐ.ഡി.കെ(ഡി.പി.1)44/2024

**ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2024 | 04-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-04-2024 | 04-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പുഷ്പരാജ് വി.കെ., ഓഡിറ്റ് ഓഫീസർ (02.09.2024 മുതൽ),
ശ്രീ.മേജോ.കെ.ജോർജ്ജ്, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ,

ശ്രീ.ബിനുമോൻ. കെ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.റ്റി.ബിനു | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷെർലാ ബീഗം | സെക്രട്ടറി | 01-04-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജയശ്രീ.സി | ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 23-05-2023 |
| ഡോ.രമ.കെ.വി | ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-05-2023 | 03-07-2023 |
| ഡോ.ജയ്സി.പി | ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 04-07-2023 | 23-02-2024 |
| ഡോ.മിനി.ബി.എസ് | ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24-02-2024 | 31-03-2024 |
| ഡോ.അജി.പി.എൻ | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2023 | 31-03-2024 |
| ഡോ.സുരേഷ്.കെപി | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം, പാറേമാവ് | 01-04-2023 | 31-03-2024 |
| ശ്രീ.ഐ.വി.കോശി | ഡെപ്യൂട്ടി ഡയറക്ടർ-കൃഷി | 01-04-2023 | 31-03-2024 |
| ശ്രീമതി.ശൈലജ.എൽ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ-കൃഷി | 01-04-2023 | 10-12-2023 |
| ശ്രീ.സാം.കെ.ജയിംസ് | അസി. എക്സിക്യൂട്ടീവ് | 11-12-2023 | 31-03-2024 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ-കൃഷി | | |
| ശ്രീ.സാജു ജേക്കബ് | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.അനിൽകുമാർ.ജി | പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി | 01-04-2023 | 31-03-2024 |
| ശ്രീ.ബിനോയ്.വി.ജെ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01-04-2023 | 19-11-2023 |
| ശ്രീ.ഷംനാദ്.വി.എ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 20-11-2023 | 31-03-2024 |
| ശ്രീ.സാജു സെബാസ്റ്റ്യൻ | പ്രോജക്ട് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2023 | 31-03-2024 |
| ശ്രീമതി.ബിന്ദു.കെ | ഡെപ്യൂട്ടി ഡയറക്ടർ-വിദ്യാഭ്യാസം | 01-04-2023 | 31-05-2023 |
| ശ്രീമതി.ജയശ്രീ.സി.കെ | ഡെപ്യൂട്ടി ഡയറക്ടർ-വിദ്യാഭ്യാസം (പൂർണ അധിക ചുമതല) | 01-06-2023 | 06-08-2023 |
| ശ്രീമതി.വിജയ.ആർ | ഡെപ്യൂട്ടി ഡയറക്ടർ-വിദ്യാഭ്യാസം | 07-08-2023 | 31-03-2024 |
| ഡോ.ബിജു.ജെ.ചെമ്പരത്തി | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 01-04-2023 | 04-05-2023 |
| ഡോ.സജികുമാർ.ജി | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 05-05-2023 | 31-03-2024 |
| ഡോ.വികാസ് വിജയൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 01-04-2023 | 23-06-2023 |
| ഡോ.ആശമോൾ.കെ.എൻ | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 24-06-2023 | 03-09-2023 |

| | | | |
|---|---|---|---|
| ഡോ,ബിജു.പി.ജി | സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി | 04-09-2023 | 31-03-2024 |
| ശ്രീമതി.സാറ സൂര്യ ജോർജ്ജ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.കെ.പി.വിജയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-05-2023 |
| ശ്രീ.നിസാർ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-06-2023 | 12-10-2023 |
| ശ്രീമതി.സുനിതാ കുമാരി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13-10-2023 | 10-11-2023 |
| വേക്കന്റ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 11-11-2023 | 14-11-2023 |
| ശ്രീമതി.സനൂജ.എച്ച് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 15-11-2023 | 31-03-2024 |
| ഡോ.ഷൈലജ. സി.കെ | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 01-04-2023 | 26-04-2023 |
| വേക്കന്റ് | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 27-04-2023 | 02-06-2023 |
| ഡോ.എം.ജി.ശ്യാമള | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 03-06-2023 | 27-06-2023 |
| ഡോ.ജ്യോതി.ജെ (ഇൻചാർജ്) | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 28-06-2023 | 29-06-2023 |
| | | 01-07-2023 | 06-08-2023 |
| ഡോ.മിനി.ബി.എസ് | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം-തൊടുപുഴ | 30-06-2023 | 30-06-2023 |
| | | 07-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.ഡോളസ് പി.ഇ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2023 | 31-03-2024 |
| ഡോ.രാജീവ്.കെ.ആർ | സീനിയർ വെറ്റിനറി സർജൻ, ജില്ലാ പൗൾട്രി ഫാം കോലാനി | 01-04-2023 | 23-01-2024 |
| ഡോ.ജസ്റ്റൺ ജോർജ് | സീനിയർ വെറ്റിനറി സർജൻ, ജില്ലാ പൗൾട്രി ഫാം കോലാനി | 24-01-2024 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | പ്രതിമാസ, വർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-1-5 |
| 7 | വികസന അതോറിറ്റിയുടെ കണക്കുകൾ, മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, ഇ.എം.ഡി. എന്നിവ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. | 1-1-6 |
| 8 | ബാധ്യതാ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-1-7 |
| 9 | സ്റ്റോഴ്സ് തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-8 |
| 10 | ഇ.എം.എസ്.ഭവനപദ്ധതി വായ്പ തിരിച്ചടവ്- വായ്പ പൂർണ്ണമായും തിരിച്ചടച്ചെങ്കിലും കണക്കുകളിൽ ബാദ്ധ്യത നിലനിൽക്കുന്നു. | 1-1-9 |
| 11 | തെറ്റായ ശീർഷകത്തിൽ രസീത് പോസ്റ്റ് ചെയ്തു | 1-1-10 |
| 12 | സമയബന്ധിതമായി രസീതുകൾ അക്കൗണ്ട് ചെയ്യുന്നില്ല. | 1-1-11 |
| 13 | സ്ഥിരനിക്ഷേപം- വാർഷിക കണക്കുകളിലെ തുകയിൽ വ്യക്തതയില്ല. | 1-1-12 |
| 14 | കണക്കിൽ രേഖപ്പെടുത്താതെ ചെലവുകൾ ചെയ്യുന്നു. | 1-1-13 |
| 15 | മൂലധന ആസ്തി കണക്കുകൾ വ്യക്തമല്ല | 1-1-14 |
| 16 | പഞ്ചായത്ത് ജനറൽ ഫണ്ട് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | മൂലധന നിക്ഷേപ തുകയുടെ കൃത്യത വ്യക്തമല്ല | 1-1-16 |
| 18 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുകയെ സാധൂകരിക്കുന്ന രേഖകളില്ല | 1-1-17 |
| 19 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കണക്കുകളിൽ അവ്യക്തത | 1-1-18 |
| 20 | വരവ് തുകകളുടെ വിശദാംശങ്ങൾ വ്യക്തമല്ല | 1-1-19 |
| 21 | സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല | 1-1-20 |
| 22 | വിവിധ നിക്ഷേപപ്രവൃത്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-21 |
| 23 | ചെലവുകൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. | 1-1-22 |
| 24 | ബജറ്റ് അവലോകനം | 1-2 |

| | | |
|---|---|---|
| 25 | ഗ്രാന്റ് വിനിയോഗം | 1-3 |
| 26 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 27 | 2022-23ൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 80 ശതമാനത്തിൽ താഴെ- 2023-24ൽ പൊതുവിഭാഗം വികസന ഫണ്ടിൽ 6.53 കോടി രൂപയുടെ കുറവ് | 1-3-2 |
| 28 | പൊതുവിഭാഗം വികസന ഫണ്ട് ചെലവ് 73.5 ശതമാനം മാത്രം. 1.22 കോടി ലാപ്സായി | 1-3-3 |
| 29 | പട്ടികജാതി വികസന ഫണ്ട് ചെലവ് 37.11 ശതമാനം മാത്രം. | 1-3-4 |
| 30 | പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 52.58 ശതമാനം മാത്രം. | 1-3-5 |
| 31 | റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 73.41 ശതമാനം മാത്രം. 49.13 ലക്ഷം ലാപ്സായി. | 1-3-6 |
| 32 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 53 ശതമാനം മാത്രം. 150.34 ലക്ഷം ലാപ്സായി. | 1-3-7 |
| 33 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-3-8 |
| 34 | പദ്ധതി അവലോകനം | 1-4 |
| 35 | ക്യാഷ് പരിശോധന | 1-5 |
| 36 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 37 | സംസ്ഥാന വിത്ത് ഫാമിലെ വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്തിൽ നിക്ഷേപിക്കുന്നില്ല | 1-7 |
| 38 | കോലാനി ജില്ലാ പൗൾട്രി ഫാമിലെ വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കുന്നില്ല | 1-8 |
| 39 | അരീക്കുഴ ജില്ലാ കൃഷിത്തോട്ടം - ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റാവുന്ന തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല | 1-9 |
| 40 | വാടക കുടിശിക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-10 |
| 41 | സ്ക്കൂളുകളിലെ ഉപയോഗശൂന്യമായ പഴയ കെട്ടിടങ്ങൾ, ഫർണിച്ചറുകൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-11 |
| 42 | സ്ക്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ-സബ്സിഡി തുക ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല | 1-12 |
| 43 | ജില്ലാ പഞ്ചായത്ത് വക കെട്ടിടം നഷ്ടപരിഹാരം നൽകാതെ ദേശീയപാതാ അധികൃർ പൊളിച്ചു മാറ്റി | 1-13 |
| 44 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻതുക നീക്കിയിരുപ്പ് | 1-14 |

| | | |
|---|---|---|
| 45 | ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. | 1-15 |
| 46 | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-16 |
| 47 | വികസന അതോറിറ്റിയുടെ കണക്കുകൾ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-17 |
| 48 | വികസന ഫണ്ടിൽ നിന്നുള്ള ടാർ വീപ്പയുടെ വില - തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-18 |
| 49 | സംയുക്ത പ്രോജക്റ്റുകളുടെ നിർവഹണം - മറ്റ് സ്ഥാപനങ്ങൾക്ക് നല്കിയ തുകകൾ ചെലവഴിക്കാതവശേഷിക്കുന്നു | 1-19 |
| 50 | സർക്കാരിലേയ്ക്ക് തിരിച്ചടച്ച - ട്രഷറി അക്കൗണ്ട് ബാലൻസ് ₹64,22,275/- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-20 |
| 51 | ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതിലുള്ള ഭൂരിഭാഗം കെട്ടിടങ്ങളും അസസ് ചെയ്ത് നമ്പറിട്ടിട്ടില്ല | 1-21 |
| 52 | ജില്ലാ പഞ്ചായത്തിന്റെ ഭൂവാസ്തികൾ ആധാരം പോക്കുവരവ് ചെയ്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടില്ല | 1-22 |
| 53 | ജില്ലാ ആസ്ഥാനവികസനത്തിന് ലഭ്യമായ ഭൂമിയുടെ ഉടമസ്ഥതാവകാശം വനംവകുപ്പിൽ നിന്നും ഡി-റിസർവ്വ് ചെയ്ത് ലഭ്യമായിട്ടില്ല | 1-23 |
| 54 | ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് റോളറുകൾ ലേലം ചെയ്തില്ല. | 1-24 |
| 55 | ഭരണസമിതി യോഗങ്ങളുടെ മിനിട്സ് സമയബന്ധിതമായി അംഗീകരിക്കുന്നില്ല | 1-25 |
| 56 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-26 |
| 57 | കോലാനി ജില്ലാ പൗൾട്രി ഫാമിന്റെ പ്രവർത്തനാവലോകനം | 1-27 |
| 58 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ - ഒടുക്കിയത് രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് | 1-28 |
| 59 | നവകേരള സദസ് - ക്വൊട്ടേഷൻ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല | 1-29 |
| 60 | ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കിയത് രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 61 | ഔദ്യോഗിക വാഹന അറ്റകുറ്റപ്പണി - ഇൻഷുറൻസ് ക്ലെയിം ലഭിക്കാത്തത്. | 1-31 |
| 62 | സർക്കാരിന്റെ മൂന്നാം വാർഷികം- ഘോഷയാത്ര ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-32 |
| 63 | അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം- വ്യാജബില്ലുകൾ ഹാജരാക്കി ₹1200000/കൈപ്പറ്റി | 1-33 |

| | | |
|---|---|---|
| 64 | ജില്ലാ ഹോമിയോ ആശുപത്രി മരുന്ന് വാങ്ങൽ - മുൻകൂറായി തുക അടച്ചിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-34 |
| 65 | സമഗ്ര ശിക്ഷ കേരള പദ്ധതി- ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവർത്തനങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-35 |
| 66 | വൈദ്യുതി കണക്ഷന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ തുക നിക്ഷേപിച്ചിട്ടും കണക്ഷൻ ലഭ്യമായിട്ടില്ല | 1-36 |
| 67 | ഡയാലിസിസ് ധനസഹായം-അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, വരുമാനം തെളിയിക്കുന്ന രേഖ എന്നിവയില്ല | 1-37 |
| 68 | കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാൾ അധിക തുക നൽകി | 1-38 |
| 69 | നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനുമതി ഇല്ലാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നിർവഹിച്ചു. | 1-39 |
| 70 | ചിന്നാർ പാലം- ബാലാവകാശ കമ്മീഷൻ നിർദേശിച്ചിട്ടും അപകടാവസ്ഥയിലായ പാലത്തിന്റെ അറ്റകുറ്റപ്പണി നടത്തിയില്ല. | 1-40 |
| 71 | അപകടാവസ്ഥയിലായ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്തുന്നില്ല. | 1-41 |
| 72 | ABC സെന്റർ നിർമ്മാണം ആരംഭിച്ചില്ല | 1-42 |
| 73 | ദേവികുളം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ വക സ്ഥലം അളന്ന് തിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-43 |
| 74 | ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത ബസ്സ്റ്റാന്റ് | 1-44 |
| 75 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല | 1-45 |
| 76 | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് മുനിയറ കോളനി കുടിവെള്ള പദ്ധതി-പാഴ് ചെലവ് | 1-46 |
| 77 | ബൈസൺവാലി ഗ്രാമപഞ്ചയാത്ത് പോസ്റ്റ് ഓഫീസ്പടി കുടിവെള്ള പദ്ധതി-വ്യക്തമായ ആസൂത്രണമില്ലാതെ പ്രോജക്ട് ആവിഷ്കരിച്ചു. പദ്ധതി പാതിവഴിയിൽ | 1-47 |
| 78 | കരുണാപുരം ഗ്രാമപഞ്ചായത്ത് ഈറ്റക്കാനം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി പാതിവഴിയിൽ | 1-48 |
| 79 | ഉപ്പുതറ പഞ്ചായത്ത്-രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി വിഹിതം നൽകൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-49 |
| 80 | സേനാപതി ഗ്രാമപഞ്ചായത്ത്-തലയൻകാവ് കുടിവെള്ള പദ്ധതി-ആസ്തിയിൽ ഉൾപ്പെടാത്ത കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണി നടത്തി. | 1-50 |
| 81 | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് വാസുപ്പാറ കുടിവെള്ള പദ്ധതി പാതിവഴിയിൽ | 1-51 |

| | | |
|---|---|---|
| 82 | ഉപ്പുതറ ഗ്രാമപഞ്ചായത്ത് -മേച്ചേരിക്കട -ശവക്കോട്ടപ്പടി -ഒൻപതേക്കർ കുടിവെള്ള പദ്ധതി പാതിവഴിയിൽ | 1-52 |
| 83 | കോടിക്കുളം ഗ്രാമപഞ്ചായത്ത് കുളത്തുങ്കൽ കുളം - 27.43 ലക്ഷം ചെലവഴിച്ച് പുനരുദ്ധാരണം നടത്തിയ കുളം പോള നിറഞ്ഞ് മലിനമായി | 1-53 |
| 84 | വലിയവിളന്താൻ 300 ഏക്കർ റോഡ്-പദ്ധതി പൂർത്തീകരണത്തിൽ അകാരണമായ കാലതാമസം | 1-54 |
| 85 | മരിയാപുരം പഞ്ചായത്ത് - വനിത തൊഴിൽ പരിശീലന കേന്ദ്രം-ലക്ഷ്യം കൈവരിച്ചില്ല | 1-55 |
| 86 | രാജകുമാരി വനിതാ കർഷകമാർക്കറ്റ് ലക്ഷ്യം കൈവരിച്ചില്ല | 1-56 |
| 87 | മൂന്നാർ കടുകുമുടി തൊഴിൽ പരിശീലനകേന്ദ്രം-നിർമ്മാണം പാതി വഴിയിൽ | 1-57 |
| 88 | കരിങ്കുന്നം കർഷക പരിശീലനകേന്ദ്രം -സ്ഥലം പോക്കുവരവ് നടത്തിയില്ല. | 1-58 |
| 89 | അടിമാലി പഞ്ചായത്ത് പതിനാലാം മൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റിഹാൾ പ്രവർത്തന സജ്ജമായില്ല | 1-59 |
| 90 | വെള്ളംചിറ എസ്.സി കോളനി വനിതാ സാംസ്കാരിക നിലയം-നിർമ്മാണ ഉദ്ദേശ്യം വ്യക്തമല്ല | 1-60 |
| 91 | നാരകപ്പുഴ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം അരംഭിച്ച് പന്ത്രണ്ട് വർഷങ്ങൾക്കു ശേഷവും കെട്ടിടം പ്രവർത്തന സജ്ജമായില്ല. | 1-61 |
| 92 | വാഴത്തോപ്പ് വനിത റിക്രിയേഷൻ സെന്റർ -ലക്ഷങ്ങൾ പാഴ്ചെലവ് | 1-62 |
| 93 | ഉപ്പുകുന്ന് പകൽവീട് - സമുദായ സംഘടന കയ്യേറി | 1-63 |
| 94 | ബൈസൻവാലി പഞ്ചായത്ത് എട്ടൂർ അങ്കണവാടി നിർമ്മാണം- പൂർത്തീകരിച്ചില്ല. | 1-64 |
| 95 | അടിമാലി ഗ്രാമ പഞ്ചായത്ത് പടിക്കപ്പ് പകൽ വീട്-നിർമ്മാണം ആരംഭിച്ച് അഞ്ച് വർഷങ്ങൾക്കു ശേഷവും പ്രവർത്തനസജ്ജമായില്ല | 1-65 |
| 96 | രാജകുമാരി പി.എച്ച്.സി ടോയ്‌ലെറ്റ് നിർമ്മാണം-ലക്ഷ്യം കൈവരിച്ചില്ല | 1-66 |
| 97 | ശാന്തൻപാറ ടെന്നീസ് വോളിബോൾ കോർട്ട്-നിർമ്മാണം പാതിവഴിയിൽ നിലച്ചു | 1-67 |
| 98 | മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള നിർമ്മാണങ്ങൾ - പ്രത്യേക അവലോകന റിപ്പോർട്ട് | 1-68 |
| 99 | വിപണനകേന്ദ്രങ്ങൾ | 1-68-1 |
| 100 | ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ | 1-68-2 |
| 101 | പകൽവീട് | 1-68-3 |
| 102 | വൃദ്ധസദനങ്ങൾ | 1-68-4 |
| 103 | സാംസ്ക്കാരിക നിലയങ്ങൾ | 1-68-5 |
| 104 | ശുചിമുറികൾ, മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ | 1-68-6 |

| | | |
|---|---|---|
| 105 | മൈതാനങ്ങൾ | 1-68-7 |
| **ഭാഗം 2** | | |
| 1 | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 2-1 |
| **ഭാഗം 3** | | |
| 1 | അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം- വ്യാജബില്ലുകൾ ഹാജരാക്കി ₹1200000/-കൈപ്പറ്റി | 3-1 |
| 2 | കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം- അധിക തുക നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 18.05.2024 ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.05.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ മാർച്ച് 31, 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രിക സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| **കുയിലിമല**<br>**28.12.2024** | | **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**<br>**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**<br>**ജില്ലാ ഓഡിറ്റ് കാര്യാലയം ഇടുക്കി** |
| | | |

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2023-24 വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമാവേണ്ടതാണ്. എന്നാൽ, 2023-24 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 പ്രതിമാസ, വർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റേയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കുകയും സെക്രട്ടറി പത്രിക സാക്ഷ്യപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ ജില്ലാ പഞ്ചായത്ത് പാലിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ 2023 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2023-24 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല**

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വായ്പാ രജിസ്റ്റർ എന്നിവ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ രജിസ്റ്ററുകളിലും വാർഷിക കണക്കുകളിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത, കൃത്യത എന്നിവ വ്യക്തമല്ല.

**1-1-5 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല**

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, അനുബന്ധ രേഖകൾ വർക്ക് ഷീറ്റുകൾ എന്നിവ സൂക്ഷിക്കേണ്ടതാണ്. ആസ്തികളുടെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിനെ സാധൂകരിക്കുന്ന വർക്ക്ഷീറ്റ്, പ്രയർ പീരിയഡ് ക്രമീകരണങ്ങളെ സാധൂകരിക്കുന്ന രേഖകൾ തുടങ്ങിയവ പരിപാലിച്ചിട്ടില്ല. നിലവിൽ ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

**1-1-6 വികസന അതോറിറ്റിയുടെ കണക്കുകൾ, മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ, ഇ.എം.ഡി. എന്നിവ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.**

30.03.2007ലെ സ.ഉ.(സാധാ)നം.98/2007, 09.01.2009ലെ സ.ഉ.(സാധാ)നം.84/2009/തസ്വഭവ എന്നിവ പ്രകാരം ഇടുക്കി വികസന അതോരിറ്റി നിർത്തലാക്കി അതിന്റെ ആസ്തി-ബാധ്യതകളും വികസന അതോരിറ്റിയിലെ ജീവനക്കാരെയും അവരുടെ ശമ്പള, അലവൻസുകളുടെ ബാധ്യതയും ഇടുക്കി ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ, വികസന അതോരിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. കൂടാതെ, ജില്ലാ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.ഐ.ഡി. & ഇ.ഡബ്ല്യ പൈനാവ് ഡിവിഷൻ എക്സിസിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരങ്ങളും ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

**1-1-7 ബാധ്യതാ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല**

ജില്ലാ പഞ്ചായത്തിന്റെ 31.03.2024ലെ ആസ്തി ബാധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യതാ ശീർഷകങ്ങളിൽ തുകകൾ രേഖപ്പെടുത്തിയതിനെ സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

| ഷെഡ്യൂൾ | ഹെഡ് | വിശദാംശങ്ങൾ | തുക (₹) |
|---|---|---|---|
| B-9 Other Liabilities | 350300103 | Government And Other Dues Payable-Value Added Tax | 4303.00 |
| | 350300104 | Government And Other Dues Payable-Service Tax | 327786.00 |
| | 350300116 | Government And Other Dues Payable-Flood Cess | 2006.00 |
| | 350300199 | Government And Other Dues Payable-Others | 6754.00 |
| | 350800101 | Liability In Respect Of Stale Cheques | 39245.00 |
| | 350800299 | Other Liabilities | 211141.00 |

**1-1-8 സ്റ്റോഴ്സ് തെറ്റായി അക്കൗണ്ട് ചെയ്തു**

ജില്ലാ പഞ്ചായത്തിന്റെ 31.03.2024ലെ ആസ്തി-ബാധ്യത പത്രികയിൽ 430100102-Purchase Of Material-Stores എന്ന ഹെഡിൽ ₹1,11,000/- രേഖപ്പെടുത്തിയിട്ടുണ്ട്. പ്രിന്റർ, യു.പി.എസ്, ക്യാമറ തുടങ്ങി ഓഫീസ് ഉപയോഗത്തിനുള്ള സാധനങ്ങളാണ് 430100102 ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു പ്രത്യേക പ്രവൃത്തിയ്ക്ക് അല്ലെങ്കിൽ പ്രോജക്ടിനു വിതരണം ചെയ്യുന്നതിനു വേണ്ടി വാങ്ങുന്ന സാധനങ്ങളാണ് പ്രസ്തുത ഹെഡിൽ ബുക്ക് ചെയ്യേണ്ടത്. ഉദാഹരണത്തിനു തെരുവ് വിളക്കുകൾ, ബിറ്റുമിൻ എന്നിവ വാങ്ങി പ്രവൃത്തി ചെയ്യുന്ന കരാറുകാരനു വിതരണം ചെയ്യുമ്പോൾ സ്റ്റോഴ്സ് എന്ന ഹെഡ് മുഖേനയാണ് അക്കൗണ്ടിംഗ് നടത്തേണ്ടത്. എന്നാൽ, സ്ഥാപനത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്ക് വാങ്ങുന്ന സാധനങ്ങൾ (ഇൻവർട്ടീസ്, കമ്പ്യൂട്ടർ, ഫർണിച്ചർ മുതലായവ) 430100102 ഹെഡിൽ അല്ല അക്കൗണ്ട് ചെയ്യേണ്ടത്.

**1-1-9 ഇ.എം.എസ്.ഭവനപദ്ധതി വായ്പ തിരിച്ചടവ്- വായ്പ പൂർണ്ണമായും തിരിച്ചടച്ചെങ്കിലും കണക്കുകളിൽ ബാദ്ധ്യത നിലനിൽക്കുന്നു.**

ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി 2011-12 സാമ്പത്തിക വർഷം ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ നിന്നും ₹26,72,25,000/- വായ്പ അനുവദിച്ചെങ്കിലും ₹26,60,90,392/- മാത്രമാണ് പിൻവലിച്ചത്. 2011-12 സാമ്പത്തിക വർഷം മുതൽ 2020-21 വരയുള്ള കാലയളവിൽ വായ്പ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ, ജില്ലാ പഞ്ചായത്തിന്റെ കണക്കുകളിൽ വായ്പാനുവാദതുക തന്നെ വായ്പയായി അക്കൗണ്ട് ചെയ്തു. അതിനാൽ, 31.03.2024-ലെ ആസ്തി-ബാധ്യത പത്രികയുടെ 330500102-Secured Loan From Co-Operative

Banks എന്ന ശീർഷകത്തിൽ ₹11,34,608/- വായ്പ തിരികെ ഒടുക്കുവാനുള്ളതായി തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

**1-1-10 തെറ്റായ ശീർഷകത്തിൽ രസീത് പോസ്റ്റ് ചെയ്തു**

കോലാനി ജില്ല പൗൾട്രിഫാമിലെ കോഴിക്കുഞ്ഞുങ്ങൾ, മുട്ട, പന്നി, മറ്റ് വസ്തുക്കൾ എന്നിവ വിറ്റതിലൂടെ ജില്ലാ പഞ്ചായത്തിന് ലഭിച്ച ചുവടെ കൊടുത്തിരിക്കുന്ന വരവുകൾ തെറ്റായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. 151100102-Receipts From Transferred Institutions - Animal Husbandry ഹെഡിൽ വരവ് വയ്ക്കുന്നതിനു പകരം 151100101-Receipts From Transferred Institutions -Agriculture എന്ന ഹെഡിലാണ് വരവ് പോസ്റ്റ് ചെയ്തത്. ശീർഷകങ്ങളിലെ പിശക് പരിഹരിക്കുന്നതിന് റെക്ടിഫിക്കേഷൻ എൻട്രിയും വരുത്തിയിട്ടില്ല. അതിനാൽ, രണ്ട് ഹെഡുകളിലും രേഖപ്പെടുത്തിയ വരവു തുകകൾ യഥാർത്ഥ വരവിനെ പ്രതിഫലിപ്പിക്കുന്നില്ല.

| തിയതി | രസീത് നം. | അടച്ച തുക (₹) |
|---|---|---|
| 09.11.2023 | 123020900023 | 14,06,894.00 |
| 09.11.2023 | 123020900026 | 10,73,175.00 |
| 07.12.2023 | 123020900100 | 13,82,028.00 |
| 29.02.2024 | 123020900158 | 6,51,271.00 |
| 18.03.2024 | 123020900174 | 6,21,609.00 |

ജില്ലാ വെറ്ററിനറി സെന്ററിലെ വരവുകൾ 151100102-Receipts From Transferred Institutions - Animal Husbandry ഹെഡിൽ വരവ് വയ്ക്കുന്നതിനു പകരം 140400199-Other Fees, 140500115-Receipts On Account Of Cost Of Services Rendered, 140500199-Service Charges Collected എന്നീ മൂന്ന് വ്യത്യസ്ത ഹെഡുകളിലാണ് പോസ്റ്റ് ചെയ്തിട്ടുള്ളത്.

| തിയതി | രസീത് നം. | അടച്ച തുക (₹) |
|---|---|---|
| **140500115-Receipts On Account Of Cost Of Services Rendered** | | |
| 17.10.2023 | 123040100054 | 12,470.00 |
| 15.11.2023 | 123020900071 | 9,420.00 |
| **140500199-Service Chages Collected** | | |
| 15.02.2024 | 123040100104 | 11,080.00 |
| 27.03.2023 | 123040100127 | 9,500.00 |
| **140400199-Other Fees** | | |

| | | |
|---|---|---|
| 05.09.2023 | 123040100045 | 10,520.00 |
| 10.12.2023 | 123040100081 | 10,350.00 |

അതിനാൽ, നാല് ഹെഡുകളിലും രേഖപ്പെടുത്തിയിട്ടുള്ള വരവ് തുകകൾ യഥാർത്ഥ വരവിനെ പ്രതിഫലിപ്പിക്കുന്നില്ല.

**1-1-11 സമയബന്ധിതമായി രസീതുകൾ അക്കൗണ്ട് ചെയ്യുന്നില്ല.**

ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അരിക്കുഴ ജില്ലാ കൃഷിത്തോട്ടം, കോലാനി ജില്ലാ പൗൾട്രി ഫാം, കരിമണ്ണൂർ സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുന്ന വരവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് മാസങ്ങൾക്ക് ശേഷം മാത്രമാണ് പ്രസ്തുത തുകകൾക്ക് രസീത് രേഖപ്പെടുത്തി അതത് അക്കൗണ്ട് ശീർഷകങ്ങളിൽ വരവ് വയ്ക്കുന്നത്. പ്രതിമാസ റിക്കൺസിലിയേഷൻ കൃത്യമായി നടത്തി ലഭിച്ച തുകകളുടെ ആധികാരികത, കൃത്യത, സ്രോതസ് എന്നിവ ഉറപ്പാക്കാത്തതിനാലാണ് വരവുകൾ ബാങ്കിൽ ക്രഡിറ്റായി മാസങ്ങൾക്ക് ശേഷം അക്കൗണ്ട് ചെയ്യേണ്ടി വരുന്നത്. കൃത്യമായി അക്കൗണ്ടിംഗ് ചെയ്യാത്തതിനാൽ ലഭിക്കുന്ന വരവുകൾ തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്നതിനും കാരണമാവുന്നു. തൻമൂലം വിവിധ ശീർഷകങ്ങളിൽ വരവ് തുകകൾ തെറ്റായി പ്രതിഫലിപ്പിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | തുക (₹) | ബാങ്കിൽ ക്രഡിറ്റായ തിയതി | രസീത് തിയതി |
|---|---|---|---|
| കോലാനി ജില്ലാ പൗൾട്രി ഫാമിലെ വരവ് (തെറ്റായ ശീർഷകത്തിലാണ് വരവ് രേഖപ്പെടുത്തിയത്) | 14,06,894.00 | 27.04.2023 | 09.11.2023 |
| | 10,73,175.00 | 31.07.2023 | 09.11.2023 |
| | 6,51,271.00 | 19.01.2024 | 29.02.2024 |
| | 6,21,609.00 | 19.02.2024 | 18.03.2024 |
| കരിമണ്ണൂർ സംസ്ഥാന വിത്ത് ഫാമിലെ വരവ് | 3,71,314.00 | 18.08.2023 | 22.11.2023 |
| | 3,42,264.00 | 17.01.2024 | 29.02.2024 |
| അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിലെ വരവ് | 22,239.00 | 06.12.2023 | 29.02.2024 |
| | 49,577.00 | 20.12.2023 | 29.02.2024 |
| | 39,033.00 | 04.01.2024 | 29.02.2024 |
| | 40,344.00 | 10.01.2024 | 29.02.2024 |
| | 6,51,271.00 | 19.01.2024 | 29.02.2024 |
| | 24,260.00 | 23.01.2024 | 29.02.2024 |
| | 12,169.00 | 03.02.2024 | 18.03.2024 |
| | 8,30,000.00 | 03.02.2024 | 18.03.2024 |
| | 6,38,900.00 | 05.02.2024 | 18.03.2024 |
| | 9,749.00 | 08.02.2024 | 18.03.2024 |
| | 7,678.00 | 14.02.2024 | 18.03.2024 |
| | 69,812.00 | 16.02.2024 | 18.03.2024 |
| | 4,32,600.00 | 16.02.2024 | 18.03.2024 |
| | 1,33,018.00 | 16.02.2024 | 18.03.2024 |

| | | | |
|---|---|---|---|
| | 5,37,200.00 | 16.02.2024 | 18.03.2024 |
| | 4,26,800.00 | 16.02.2024 | 18.03.2024 |
| | 20,732.00 | 26.02.2024 | 18.03.2024 |

**1-1-12 സ്ഥിരനിക്ഷേപം- വാർഷിക കണക്കുകളിലെ തുകയിൽ വ്യക്തതയില്ല.**

31.03.2024-ലെ ആസ്തി-ബാധ്യത പത്രിക ബി-12 പത്രികയിലെ 420800101 ശീർഷകത്തിൽ സ്ഥിരനിക്ഷേപ നീക്കിയിരിപ്പായി ₹1,70,72,391/- രേഖപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ ഫ്ലെക്സി ഡെപ്പോസിറ്റിലെ തുകയാണ് സ്ഥിരനിക്ഷേപ ഹെഡിൽ അക്കൗണ്ട് ചെയ്തുവരുന്നത്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയ്ക്കായി ലഭിക്കുന്ന തുക യൂണിയൻ ബാങ്ക്, ചെറുതോണി ശാഖയിലെ 346702010020930 അക്കൗണ്ടിൽ നിക്ഷേപിക്കുകയും ബാങ്ക് ഓട്ടോ സ്വൈപ്പ് മുഖേന ഹ്രസ്വകാല സ്ഥിര നിക്ഷേപങ്ങൾ നടത്തുകയുമാണ് ചെയ്യുന്നത്. 31.03.2023-ൽ ഉണ്ടായിരുന്ന രണ്ട് ഫ്ലക്സി അക്കൗണ്ടുകൾ ക്ലോസ് ചെയ്യുകയും 27.03.2024-ൽ ആരംഭിച്ച 346703350000799 ഫ്ലെക്സി അക്കൗണ്ടിലേയ്ക്ക് 346702010020930 അക്കൗണ്ടിൽ നിന്നും ₹1,00,00,000/- ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബാങ്ക് പാസ്ബുക്ക് പ്രകാരം 346702010020930 അക്കൗണ്ടിൽ ₹12,60,382.50 യാണ് 31.03.2024ലെ നീക്കിയിരിപ്പ്.

മേൽ സ്ഥിരനിക്ഷേപം കൂടാതെ ഇടുക്കി വികസന അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് രണ്ട് സ്ഥിരനിക്ഷേപങ്ങൾ കൂടിയുണ്ട്. എന്നാൽ, വികസന അതോറിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ലാത്തതിനാൽ മേൽ സ്ഥിരനിക്ഷേപങ്ങൾ 420800101 ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് നം. | കാലാവധി പൂർത്തീകരിക്കുന്ന തീയതി | പലിശ | നിക്ഷേപ തുക (₹) |
|---|---|---|---|---|
| 1 | 346703350000799 | 27.03.2025 | 6.3 | 1,00,00,000.00 |
| **ഇടുക്കി വികസന അതോറിറ്റിയുടെ സ്ഥിരനിക്ഷേപം** | | | | |
| 1 | 12034180752001 | 27.11.2024 | 7.25 | 10,72,500.00 |
| 2 | 12034180752005 | 21.02.2025 | 8.00 | 30,87,724.00 |

സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം ഫ്ലെക്സി അക്കൗണ്ട് മുഖേനയുള്ള സ്ഥിരനിക്ഷേപം ₹1,00,00,000/- യാണ്. എന്നാൽ, വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹1,70,72,391/-യാണ്. അതിനാൽ, സ്ഥിര നിക്ഷേപ ശീർഷകത്തിൽ നൽകിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

**1-1-13 കണക്കിൽ രേഖപ്പെടുത്താതെ ചെലവുകൾ ചെയ്യുന്നു.**

ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ, ബിൽ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ ചെലവുകളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി ചെയ്യുന്നില്ല എന്ന് വ്യക്തമായി. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ്) ചട്ടങ്ങൾ, 26.07.2011ലെ സ.ഉ.(സാധാ)152/2011/തസ്വഭവ എന്നിവയിൽ പഞ്ചായത്തുകൾ അനുവർത്തിക്കേണ്ട അക്കൗണ്ടിംഗ് നയങ്ങൾ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതൊരു ചെലവും ഡ്യൂ ആകുന്ന അവസരത്തിൽ തന്നെ അക്കൗണ്ടിൽ രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. പല ചെലവുകളും തുക പിൻവലിച്ചതിനു മാസങ്ങൾക്കു ശേഷം മാത്രമാണ് യഥാർത്ഥത്തിൽ കണക്കിൽ രേഖപ്പെടുത്തുന്നത്. ഉദാഹരണത്തിന് 2023 എപ്രിൽ മാസം നടത്തിയ ചെലവുകൾ മെയ് മാസവും മെയ് മാസം ചെയ്ത ചെലവുകൾ ജൂൺ മാസവുമാണ് ബുക്ക് ചെയ്തിട്ടുള്ളത്.

| ചെലവ് നടത്തിയ മാസം | വൗച്ചർ നമ്പർ | അക്കൗണ്ട് ചെയ്ത തിയതി |
|---|---|---|
| 2023 ഏപ്രിൽ | 22300001 മുതൽ 22300012 വരെ | 11.05.2023 |
| | 22300013 മുതൽ 22300036 വരെ | 25.05.2023 |

| | | |
|---|---|---|
| | 22300037 മുതൽ 22300050 വരെ | 26.05.2023 |
| 2023 മെയ് | 22300051 മുതൽ 22300100 വരെ | 22.06.2023 |
| | 22300101 മുതൽ 22300157 വരെ | 23.06.2023 |
| 2023 ജൂൺ | 22300158 മുതൽ 22300208 വരെ | 10.08.2023 |
| | 22300209 മുതൽ 22300245 വരെ | 02.09.2023 |
| | 22300246 മുതൽ 22300252 വരെ | 12.09.2023 |
| 2023 ജൂലൈ | 22300253 മുതൽ 22300294 വരെ | 12.09.2023 |
| | 22300295 മുതൽ 22300323 വരെ | 13.09.2023 |
| 2023 ഓഗസ്റ്റ് | 22300324 മുതൽ 22300412 വരെ | 19.09.2023 |

തുടർന്നുള്ള മാസങ്ങളിലും ചെലവ് നടത്തിയതിന ശേഷമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ചെലവുകൾ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ സാമ്പത്തിക വർഷത്തിലെ ഏതൊരു അവസരത്തിലും ജില്ലാ പഞ്ചായത്തിന്റെ യഥാർത്ഥ കണക്കുകളല്ല പ്രതിഫലിപ്പിച്ചത്. കൂടാതെ, പ്രതിമാസ ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ നടത്തിയില്ല.

**1-1-14 മൂലധന ആസ്തി കണക്കുകൾ വ്യക്തമല്ല**

26.07.2011ലെ സ.ഉ.(കൈ)നം.152/2011ൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ജില്ലാ പഞ്ചായത്തിൽ നിലവിലില്ല. സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റേയും മൂല്യത്തിന്റേയും ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്താനായിട്ടില്ല.

**1-1-15 പഞ്ചായത്ത് ജനറൽ ഫണ്ട് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല**

01.04.20211 മുതലാണ് സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗിലേയ്ക്ക് ജില്ലാ പഞ്ചായത്ത് മാറിയത്. പ്രസ്തുത അവസരത്തിൽ പഞ്ചായത്ത് ജനറൽ ഫണ്ട് (അക്കൗണ്ട് ഹെഡ്-310100101) നിർണ്ണയിച്ചതിന് അനുബന്ധരേഖകൾ സൂക്ഷിയ്ക്കാത്തതിനാൽ മേൽ ഹെഡിലെ തുകയുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല. അതിനാൽ 31.03.2024ൽ തീയതിയിലെ ജില്ലാ പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യനിർണയ പ്രക്രിയ നാളിതുവരെ ശരിയായി പൂർത്തീകരിച്ചിട്ടില്ല. കൂടാതെ അതാത് വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളിലെ കമ്മി/മിച്ചം എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ജനറൽ ഫണ്ടിൽ വരുത്തിയിട്ടില്ല.

**1-1-16 മൂലധന നിക്ഷേപ തുകയുടെ കൃത്യത വ്യക്തമല്ല**

ഫണ്ട് തിരിച്ചുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്ന ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ ജില്ലാ പഞ്ചായത്തിൽ പരിപാലിച്ചിട്ടില്ല. അതിനാൽ ഡബിൾ എൻട്രി അക്കൗണ്ടിംഗിലേയ്ക്ക് മാറിയ 01.04.2011ൽ രേഖപ്പെടുത്തിയ മൂലധന ശീർഷകത്തിലെ മുന്നിരിപ്പും പിന്നീടുള്ള വർഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധന വർദ്ധനവിന്റെയും കൃത്യത വ്യക്തമല്ല.

**1-1-17 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുകയെ സാധൂകരിക്കുന്ന രേഖകളില്ല**

Capital Work In Progress ഹെഡിൽ അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിവരം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ച് ക്രമീകരണങ്ങൾ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ Capital Work In Progress ശീർഷകത്തിലെ മുന്നിരിപ്പ്, ക്രമീകരണം, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-18 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കണക്കുകളിൽ അവ്യക്തത**

ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ വരവ്/ചെലവ്/ക്രമികരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശീർഷകങ്ങളിലെ തുകകളുടെ വരവ് വിശദാംശങ്ങൾ, ലഭിച്ച വർഷം, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വ്യക്തമായ വിവരണം രേഖപ്പെടുത്താതെ ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും മറ്റു ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തിയപ്പോൾ കൃത്യമായ വിവരണം നൽകാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റു ഹെഡ്ഡുകളിലേയ്ക്കോ തുക ക്രമീകരിച്ചിരിക്കുകയാണ്. മുൻ വർഷങ്ങളിൽ വിവിധ ഹെഡുകളിൽ വരവ് രേഖപ്പെടുത്തിയ തുകകളുടെ ഉറവിടം വ്യക്തമല്ലാത്തതിനാൽ 01.04.2023ലെ മുന്നിരിപ്പും വ്യക്തമല്ല.

| ക്രമ നം. | ശീർഷകം | മുന്നിരിപ്പ് (₹) | വരവ് (₹) | ചെലവ് (₹) | 31.03.2024ലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| 1 | 320100116 | 23,90,192.00 | 6,64,05.00 | 0.00 | 24,56,597.00 |
| 2 | 320200111 | 80,113,438.00 | 3,15,06,000.00 | 8,61,06,606.00 | 2,55,12,832.00 |
| 3 | 320200112 | 4,80,30,949.00 | 4,65,19,152.00 | 5,22,00,824.00 | 4,23,49,277.00 |
| 4 | 320200321 | 0.00 | 11,63,000.00 | 11,63,000.00 | 0.00 |
| 5 | 320200399 | 23,74,165.00 | 0.00 | 0 | 23,74,165.00 |
| 6 | 320300199 | 8,39,251.00 | 0.00 | 0 | 8,39,251.00 |
| 7 | 320400101 | 64,22,275.00 | 0.00 | 64,22,275 | 0.00 |
| 8 | 320700103 | 6,89,000.00 | 0.00 | 0 | 6,89,000.00 |
| 9 | 320700104 | 5,00,000.00 | 0.00 | 0 | 5,00,000.00 |
| 10 | 320700201 | 10,00,000.00 | 0.00 | 0 | 10,00,000.00 |
| 11 | 320700203 | 30,16,869.00 | 0.00 | 0 | 30,16,869.00 |
| 12 | 320700204 | 16,30,177.00 | 0.00 | 0 | 16,30,177.00 |
| 13 | 320800101 | 84,650.00 | 0.00 | 0 | 84,650.00 |

**1-1-19 വരവ് തുകകളുടെ വിശദാംശങ്ങൾ വ്യക്തമല്ല**

ജില്ലാ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന വരവുകളുടെ വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം എന്നിവ വ്യക്തമായിട്ടില്ല. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകാത്തതിനാലാണ് ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമാകാതിരിക്കുന്നത്.

| ക്രമ നം | രസീത് നം/വൗച്ചർ നം. | തിയതി | തുക |
|---|---|---|---|
| **140400199- Other Fees** | | | |
| 1 | 123020900036 | 22.11.2023 | 19,500.00 |

| | | | |
|---|---|---|---|
| 2 | 123020900078 | 22.11.2023 | 8,995.00 |
| 3 | 123020900090 | 01.12.2023 | 1,998.00 |
| 4 | 123020900101 | 07.12.2023 | 31,173.00 |
| 5 | 123020900114 | 14.12.2023 | 10,258.00 |
| 6 | 123020900115 | 05.01.2024 | 4,213.00 |
| 7 | 123020900116 | 05.01.2024 | 2,528.00 |
| 8 | 123020900129 | 19.01.2024 | 28,404.00 |
| 9 | 123020900153 | 29.02.2024 | 590.00 |
| 10 | 123020900154 | 29.02.2024 | 187.00 |
| 11 | 123020900237 | 14.03.2024 | 13,300.00 |
| 12 | 123020900162 | 14.03.2024 | 5,655.00 |
| 13 | 123020900177 | 18.03.2024 | 20,000.00 |
| 14 | 123020900178 | 18.03.2024 | 2,000.00 |

### 1-1-20 സോഫ്റ്റ്‌വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൌണ്ടിംഗ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലേക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

### 1-1-21 വിവിധ നിക്ഷേപപ്രവൃത്തികൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

ജില്ല പഞ്ചായത്ത് വിവിധ ഏജൻസികളിലായി വിവിധ പ്രവൃത്തികൾക്ക് നിക്ഷേപിച്ച/മുൻകൂർ നൽകിയ തുകകളുടെ വിശദാംശങ്ങൾ 460000000 ഹെഡിൽ അക്കൗണ്ട് ചെയ്യുന്നില്ല. കൂടാതെ, അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മുന്നിരിപ്പ്, ആകെ നിക്ഷേപം, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്, നീക്കിയിരിപ്പ്, നിക്ഷേപ പ്രവൃത്തികൾ ലക്ഷ്യമിട്ട ഭൗതിക ലക്ഷ്യം കൈവരിച്ചോ, തുക തിരികെ ലഭ്യമായോ, ലഭ്യമായ തുക തിരികെ അതത് അക്കൗണ്ടിലേക്ക് അടവാക്കിയോ തുടങ്ങിയ വിവരങ്ങൾ വ്യക്തമല്ല.

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ വൈദ്യുതീകരണത്തിന് നാല് പ്രോജക്ടുകളിലായി ₹6,55,022/- കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, മേൽ തുകകൾ 460000000 ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതിനു പകരം ചെലവായി ബുക്ക് ചെയ്തു.

കൂടാതെ, 31.03.2024ലെ ആസ്തി-ബാദ്ധ്യത പത്രികയിൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയതിന്റെ കൃത്യതയും വ്യക്തമല്ല.

| ക്രമ നം | ഹെഡ് | തിയതി | തുക (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | 460500499- Advance To Other Accredited Agencies | 18.02.2022 | 35,281.00 | നബാർഡ് പ്രവർത്തി-വാപ്കോസ് |
| 2 | 460500204 - Advance To Implementing Agencies - Deposit With Ground Water Department | 31.03.2022 | 16,992.00 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി-മുട്ടം ഹോമിയോ ആശുപത്രി കുഴൽക്കിണർ |

| | | | | |
|---|---|---|---|---|
| 3 | 460500201 - Advance To Implementing Agencies - Deposit With Kerala Water Authority | 28.12.2019 | 5,00,000.00 | കൊന്നക്കാംമല കുടിവെള്ള പദ്ധതി - കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് |

**1-1-22 ചെലവുകൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.**

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ എന്ന പ്രോജക്റ്റിൽ (നം.21/24) ₹89,01,143/- ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ തൻവർഷത്തെ ചെലവുകൾക്കുള്ള തുകയാണ് പ്രധാനമായും അനുവദിച്ചിട്ടുള്ളത്. എന്നാൽ, 254000000 ഹെഡിൽ അതത് ഡീറ്റേയിൽഡ് ഹെഡുകളിൽ ചെലവ് അക്കൗണ്ട് ചെയ്യുന്നതിനു പകരം 280800301 (Prior Period – Operations And Maintanance Expenses) എന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്തത്. അതിനാൽ, തുൻമൂലം സ്ഥാപനത്തിന്റെ വാർഷിക കണക്കുകളിൽ തെറ്റായ ചെലവ് കണക്കുകൾ പ്രതിഫലിപ്പിക്കുന്നു.

**1-2 ബജറ്റ് അവലോകനം**

27.02.2023-ലെ ജില്ലാ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹66,26,162/- മുന്നിരിപ്പും ₹82,36,13,500/- വരവും ₹82,15,64,000/- ചെലവും ₹86,75,662/- മിച്ചവും വരുന്ന 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 15.03.2023ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 24.02.2023-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.
സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകുവാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.
ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ചെലവിലോ അന്തരമുണ്ടായാൽ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ പരിഷ്കരിച്ച ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, 2023-24-ലെ പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ടെങ്കിലും മേൽ നിർദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

13.02.2024ലെ ഭരണസമിതി യോഗത്തിലെ 2-1 തീരുമാനപ്രകാരം അംഗീകരിച്ച 2023-24ലെ പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റുകൾ പ്രകാരം മുന്നിരിപ്പ് ₹67,73,033/-യും വരവ് ₹96,07,00,922/- ചെലവ് ₹96,04,52,000/- മിച്ചം ₹70,21,955/-യുമാണ്. 2023-24ലെ ബജറ്റ്, പരിഷ്കരിച്ച ബജറ്റ് എന്നിവ പ്രകാരമുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | 2023-24 ബജറ്റ് പ്രകാരം (₹) | 2023-24 പരിഷ്കരിച്ച ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് | 66,26,162.00 | 67,73,033.00 |

| | | |
|---|---|---|
| വരവ് | 82,36,13,500.00 | 96,07,00,922.00 |
| ആകെ | 83,02,39,662.00 | 96,74,73,955.00 |
| ചെലവ് | 82,15,64,000.00 | 96,04,52,000.00 |
| നീക്കിയിരിപ്പ് | 86,75,662.00 | 70,21,955.00 |

**തനത് വരുമാനം - ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ അന്തരം**

2023-24 വർഷത്തെ ബജറ്റ്, പരിഷ്കരിച്ച ബജറ്റ് എന്നിവ പ്രകാരം തനത് വരുമാന ശീർഷകങ്ങളിൽ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കുന്നത് വസ്തുതാപരമല്ല. ജില്ലാ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ വാടക, ലേലം, ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം, പലിശ വരുമാനം തുടങ്ങിയ ഇനങ്ങളിലെ മുൻവർഷ വരുമാനം 2.001 കോടി (2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം) രൂപയാണ്. എന്നാൽ തൻവർഷ ബജറ്റിലെ പ്രതീക്ഷിത തനത് വരുമാനമായി രേഖപ്പെടുത്തിയിട്ടുള്ളത് 1.76 കോടി രൂപയും പരിഷ്കരിച്ച ബജറ്റ് പ്രകാരം 2.94 കോടി രൂപയുമാണ്. വരവിനങ്ങളിലുള്ള വ്യതിയാനത്തിന്റെ വിശദാംശം ചുവടെ.

| ഹെഡ് | 2022-23 വാർഷിക കണക്കുകൾ (ഇൻകം & എക്സ്പെണ്ടിച്ചർ പത്രിക പ്രകാരം) (₹) | 2023-24ലെ ബജറ്റ് (₹) | 2023-24ലെ പരിഷ്കരിച്ച ബജറ്റ് (₹) | 2023-24 വാർഷിക കണക്കുകൾ (ഇൻകം & എക്സ്പെണ്ടിച്ചർ പത്രിക പ്രകാരം) (₹) |
|---|---|---|---|---|
| Rental Income | 7,59,598.00 | 5,85,000.00 | 5,75,000.00 | 6,21,626.00 |
| Fees & User Charges | 60,49,676.00 | 20,02,000.00 | 8,03,000.00 | 8,67,149.00 |
| Sale & Hire Charges | 8,93,656.00 | 10,00,000.00 | 8,00,000.00 | 7,86,824.00 |
| Receipts From Transferred Institutions | 1,02,91,852.00 | 1,20,00,000.00 | 2,50,00,000.00 | 1,18,16,796.00 |
| Interest Earned | 19,50,153.00 | 20,00,000.00 | 22,00,000.00 | 19,22,998.00 |
| Other Income | 72,771.00 | 50,000.00 | 65,100.00 | 4,674.00 |
| **ആകെ** | **20,0,17,706.00** | **1,76,37,000.00** | **2,94,43,100.00** | **1,60,20,067.00** |

മേൽ പ്രകാരം തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രിയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ശാസ്ത്രീയമായ രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും ആവശ്യമായ ബജറ്ററി കൺട്രോൾ ഉറപ്പാക്കുന്നതിനും പ്രത്യക്ഷ വ്യതിയാനം കുറിപ്പുകളിലൂടെ വിശദീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ് - ചെലവുകൾ കണക്കിലെടുത്ത് ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാവാതിരിക്കുവാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | പരാമർശം (ക്യൂ ബിൽ) (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 0.00 | 18,83,84,096 | 18,83,84,096 | 13,84,63,413 | 4,99,20,683 | 1,39,25,444 |
| വികസനഫണ്ട് - പട്ടികജാതി വിഭാഗം | 0.00 | 20,63,32,529 | 20,63,32,529 | 7,65,67,695 | 12,97,64,834 | 1,01,66,805 |
| വികസനഫണ്ട് - പട്ടികവർഗ്ഗ വിഭാഗം | 0.00 | 4,40,58,375 | 4,40,58,375 | 2,31,67,806 | 2,08,90,569 | 29,48,362 |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബേസിക്ക്* | 4,80,69,972 | 4,65,19,152 | 9,45,89,124 | 3,94,50,224 | 5,51,38,900** | |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്* | 7,58,61,943 | 6,30,12,000 | 13,88,73,943 | 3,15,34,321 | 10,73,39,622** | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0.00 | 7,46,07,850 | 7,46,07,850 | 5,47,73,220 | 1,98,34,630** | 49,32,558 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0.00 | 6,95,10,000 | 6,95,10,000 | 4,05,73,382 | 2,89,36,618** | 87,89,250 |
| ആർ.എം.എസ് .എ | 11,34,244 | 31,26,139 | 42,60,383 | 30,00,000 | 12,60,383** | |
| ആർ. ജി. പി. എസ്. എ-വെർച്വൽ ക്ലാസ് റൂം | 8,60,644 | 0.00 | 8,60,644 | 0.00 | 8,60,644** | |
| എസ്.ടി. സ്കോളർഷിപ്പ് | 10,000 | 0.00 | 10,000 | 0.00 | 10,000** | |
| എൻ.എച്ച്.എം.-കീമോതെറാപ്പി യൂണിറ്റ് | 3,50,000 | 0.00 | 3,50,000 | 0.00 | 3,50,000** | |
| കേരളോത്സവം | 45,139 | 1,233*** | 46,372 | 0.00 | 46,372** | |
| ആയുർവ്വേദ വകുപ്പ് | 37,93,440 | 0.00 | 37,93,440 | 0.00 | 37,93,440** | |
| നബാർഡ്**** | 0.00 | 11,63,000 | 11,63,000 | 11,63,000 | 0.00 | |

* നീക്കിയിരിപ്പ്

**പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പിൽ പലിശ, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക എന്നിവ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. പലിശ, ട്രഷറി നീക്കിയിരിപ്പ് എന്നിവ ഉൾപ്പടെയാണ് നീക്കിയിരിപ്പ്.

*** പലിശ

**** തൻവർഷത്തെ തുക മാത്രം

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവ അനുവദിച്ച ഫണ്ടുകളുടെ വരവ്, ചെലവ് വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല.

## 1-3-2 2022-23ൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 80 ശതമാനത്തിൽ താഴെ- 2023-24ൽ പൊതുവിഭാഗം വികസന ഫണ്ടിൽ 6.53 കോടി രൂപയുടെ കുറവ്

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ

വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചപ്പോൾ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ₹6,53,03,904/- കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് അനുവദിച്ചത്. ജില്ലാപഞ്ചായത്തിന് പൊതുവിഭാഗം വികസനഫണ്ട് വിഹിതം ₹25,36,88,000/- ആയിരുന്നു. എന്നാൽ, 2022-23 സാമ്പത്തിക വർഷം പട്ടികജാതി വികസന ഫണ്ട് ചെലവ് 35.12 ശതമാനവും പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 57.06 ശതമാനവും മാത്രമായിരുന്നു. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2023-24ലെ പട്ടികജാതി വികസന ഫണ്ടിലേയ്ക്ക് ₹5,98,77,529/-യും പട്ടികവർഗ്ഗ വികസനഫണ്ടിലേക്ക് ₹54,26,375/-യും പരിഹാര വകയിരുത്തൽ നടത്തിയിട്ടുണ്ട്. അതിനാൽ, ഷോർട്ട് ഫാൾ തുകയായി ₹6,53,03,904/- കുറവ് ചെയ്തത ശേഷം ₹18,83,84,096/- യാണ് പൊതുവിഭാഗം വികസന ഫണ്ടിൽ ലഭിച്ചത്.

| ഗഡു | ബജറ്റ് അലോക്കേഷൻ (₹) | ഷോർട്ട് ഫാൾ കിഴിവ് (₹) | അനുവദിച്ച വിഹിതം (₹) |
|---|---|---|---|
| ഒന്ന് | 8,45,62,700.00 | 0.00 | 8,45,62,700.00 |
| രണ്ട് | 8,45,62,700.00 | 0.00 | 8,45,62,700.00 |
| മൂന്ന് | 8,45,62,600.00 | 6,53,03,904.00 | 1,92,58,696.00 |
| **ആകെ** | **25,36,88,000.00** | **6,53,03,904.00** | **18,83,84,096.00** |

### 1-3-3 പൊതുവിഭാഗം വികസന ഫണ്ട് ചെലവ് 73.5 ശതമാനം മാത്രം. 1.22 കോടി ലാപ്സായി

2023-24ൽ അനുവദിച്ച പൊതുവിഭാഗം വികസനഫണ്ട് വിഹിതമായ ₹18,83,84,096/-ൽ സാമ്പത്തിക വർഷം ₹13,84,63,413/- മാത്രമാണ് ചെലവഴിച്ചത്. വിവിധ കാരണങ്ങളാൽ ₹1,39,25,444/-യുടെ ബില്ലുകൾ സാമ്പത്തിക വർഷത്തിൽ മാറുവാൻ സാധിക്കാത്തതിനാൽ ക്യൂ ബില്ലിൽ ഉൾപ്പെട്ടു. ക്യൂ ബില്ലിൽ ഉൾപ്പെടുന്ന തുക അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. കൂടാതെ, എസ്.സി.എസ്.പി/ ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പൊതുവിഭാഗം വികസന ഫണ്ടിന്റെ 73.5 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1,22,43,864/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കാവുന്ന ക്യാരി ഓവർ തുക (₹) | 2023-24ലെ ക്യൂ ബിൽ ബാദ്ധ്യത തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| 18,83,84,096.00 | 13,84,63,413.00 | 4,99,20,683.00 | 73.5 | 3,76,76,819.00 | 1,39,25,444.00 | 1,22,43,864.00 |

### 1-3-4 പട്ടികജാതി വികസന ഫണ്ട് ചെലവ് 37.11 ശതമാനം മാത്രം.

2022-23ലെ പരിഹാര വകയിരുത്തൽ ഉൾപ്പടെ 2023-24ൽ ലഭിച്ച പട്ടികജാതി വികസനഫണ്ട് വിഹിതമായ ₹20,63,32,529/-ൽ സാമ്പത്തിക വർഷം ₹7,65,67,695/- മാത്രമാണ് ചെലവഴിച്ചത്. വിവിധ കാരണങ്ങളാൽ ₹1,01,66,805/-യുടെ ബില്ലുകൾ സാമ്പത്തികവർഷത്തിൽ മാറുവാൻ സാധിക്കാത്തതിനാൽ ക്യൂ ബില്ലിൽ ഉൾപ്പെട്ടു. ക്യൂ ബില്ലിൽ ഉൾപ്പെടുന്ന തുക അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച

തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഫണ്ടിന്റെ 37.11 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹7,83,31,523/- 2024-25 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ജില്ലാപഞ്ചായത്തിന് അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ 2023-24 വർഷം കുറവ് വരുന്നതിന് ഇടയാക്കും.

| **അലോട്ട് മെന്റ് (₹)** | **ചെലവ് (₹)** | **നീക്കി യിരിപ്പ് (₹)** | **ചെലവ് ശത മാനം** | **2024-25ൽ അനുവദി ക്കാവുന്ന ക്യാരി ഓവർ തുക (₹)** | **2023-24ലെ ക്യൂ ബിൽ ബാദ്ധ്യത തുക (₹)** | **2024-25 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരി ക്കുന്ന തുക (₹)** |
|---|---|---|---|---|---|---|
| 20,63,32,529.00 | 7,65,67,695.00 | 12,97,64,834.00 | 37.11 | 4,12,66,506.00 | 1,01,66,805.00 | 7,83,31,523.00 |

**1-3-5 പട്ടികവർഗ്ഗ വികസന ഫണ്ട് ചെലവ് 52.58 ശതമാനം മാത്രം.**

2022-23ലെ പരിഹാര വകയിരുത്തൽ ഉൾപ്പടെ 2023-24ൽ അനുവദിച്ച പട്ടികവർഗ്ഗ വികസനഫണ്ട് വിഹിതമായ ₹4,40,58,375/-ൽ സാമ്പത്തിക വർഷം ₹2,31,67,806/- മാത്രമാണ് ചെലവഴിച്ചത്. വിവിധ കാരണങ്ങളാൽ ₹29,48,362/-യുടെ ബില്ലുകൾ സാമ്പത്തികവർഷത്തിൽ മാറുവാൻ സാധിക്കാത്തതിനാൽ ക്യൂ ബില്ലിൽ ഉൾപ്പെട്ടു. ക്യൂ ബില്ലിൽ ഉൾപ്പെടുന്ന തുക അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. കൂടാതെ, എസ്.സി.എസ്.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ പൊതുവിഭാഗ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 52.58 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹91,30,532/- 2024-25 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ജില്ലാപഞ്ചായത്തിന് അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ 2024-25 വർഷം കുറവ് വരുന്നതിന് ഇടയാക്കും.

| **അലോട്ട് മെന്റ് (₹)** | **ചെലവ് (₹)** | **നീക്കി യിരിപ്പ് (₹)** | **ചെലവ് ശത മാനം** | **2024-25ൽ അനുവദി ക്കാവുന്ന ക്യാരി ഓവർ തുക (₹)** | **2023-24ലെ ക്യൂ ബിൽ ബാദ്ധ്യത തുക (₹)** | **2024-25 വർഷത്തെ വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക (₹)** |
|---|---|---|---|---|---|---|
| 4,40,58,375.00 | 2,31,67,806.00 | 2,08,90,569.00 | 52.58 | 88,11,675.00 | 29,48,362.00 | 91,30,532.00 |

**1-3-6 റോഡ് മെയിന്റനൻസ് ഫണ്ട് ചെലവ് 73.41 ശതമാനം മാത്രം. 49.13 ലക്ഷം ലാപ്സായി.**

2023-24ൽ അനുവദിച്ച റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹7,46,07,850/-ൽ സാമ്പത്തിക വർഷം ₹5,47,73,220/- മാത്രമാണ് ചെലവഴിച്ചത്. വിവിധ കാരണങ്ങളാൽ ₹49,32,558/-യുടെ ബില്ലുകൾ

സാമ്പത്തികവർഷത്തിൽ മാറുവാൻ സാധിക്കാത്തതിനാൽ ക്യൂ ബില്ലിൽ ഉൾപ്പെട്ടു. ക്യൂ ബില്ലിൽ ഉൾപ്പെടുന്ന തുക അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്. അനുവദിച്ച ഫണ്ടിന്റെ കേവലം 73.41 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന സംരക്ഷണ ഗ്രാന്റിൽ അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ, ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ, അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹49,13,060/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കാവുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| 7,46,07,850.00 | 5,47,73,220.00 | 1,98,34,630.00 | 73.41 | 1,49,21,570.00 | 49,13,060.00 |

**<u>1-3-7 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 53 ശതമാനം മാത്രം. 150.34 ലക്ഷം ലാപ്സായി.</u>**

2023-24ൽ അനുവദിച്ച റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹6,95,10,000/-ൽ സാമ്പത്തിക വർഷം ₹4,05,73,382/- മാത്രമാണ് ചെലവഴിച്ചത്. വിവിധ കാരണങ്ങളാൽ ₹87,89,520/-യുടെ ബില്ലുകൾ സാമ്പത്തികവർഷത്തിൽ മാറുവാൻ സാധിക്കാത്തതിനാൽ ക്യൂ ബില്ലിൽ ഉൾപ്പെട്ടു. ക്യൂ ബില്ലിൽ ഉൾപ്പെടുന്ന തുക അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്. അനുവദിച്ച ഫണ്ടിന്റെ കേവലം 58.37ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2021-22 മുതൽ സാമ്പത്തിക വർഷം അനുവദിക്കുന്ന സംരക്ഷണ ഗ്രാന്റിൽ അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ, ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ, അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1,50,34,618/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കാവുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| 6,95,10,000.00 | 4,05,73,382.00 | 2,89,36,618.00 | 58.37 | 1,39,02,000.00 | 1,50,34,618.00 |

**<u>1-3-8 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.</u>**

ജില്ലാപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ 31.03.2024-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിട്ടുണ്ട്.

| ക്രമ നം. | ശീർഷകം | തുക (₹) |
|---|---|---|
| 1 | 320100116 | 24,56,597.00 |
| 2 | 320100118 | 12,60,383.00 |
| 3 | 320100199 | 8,60,644.00 |

| | | |
|---|---|---|
| 4 | 320200305 | 10,000.00 |
| 5 | 320200307 | 3,50,000.00 |
| 6 | 320200323 | 46,372.00 |
| 7 | 320200399 | 23,74,165.00 |
| 8 | 320300199 | 8,39,251.00 |
| 9 | 320700103 | 6,89,000.00 |
| 10 | 320700104 | 5,00,000.00 |
| 11 | 320700201 | 10,00,000.00 |
| 12 | 320700203 | 30,16,869.00 |
| 13 | 320800101 | 84,650.00 |
| 14 | 320800199 | 37,93,440.00 |

രസീത് ചെയ്യുപ്പോൾ കൃത്യമായ വിവരണം രേഖപ്പെടുത്താതതിനാൽ വിവിധ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യതയും ആധികാരികതയും വ്യക്തമല്ല. 320700104 ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള ₹5,00,000/- കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ഏഴല്ലൂർ എസ്.സി.കോളനി കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണിയ്ക്കായി 30.11.2021ൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയതാണ്. എന്നാൽ, തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

ഏ.ബി.സി. പ്രോജക്ട് നടപ്പാക്കുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 2017-18ൽ ലഭിച്ച വിഹിതം വർഷങ്ങളായി ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. എ.ബി.സി. പദ്ധതിയ്ക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ നിലവിൽ ₹27,96,869/- നീക്കിയിരിപ്പുണ്ട്.

പ്രത്യേക ഉദ്ദേശ്യ പദ്ധതികൾ/സംയുക്ത പ്രോജക്ടുകൾ എന്നിവയ്ക്കായി തുക നൽകിയ സ്ഥാപനം/ ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം/ചെലവ് ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക/വിനിയോഗ ശേഷം മിച്ചമുള്ള തുകകൾ, ഫണ്ട് അനുവദിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി അതത് സ്ഥാപനങ്ങൾക്ക് തിരികെ നല്കുകയോ ജില്ലാ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 720 | 1,05,34,55,024 | 312 | 41,58,99,641* | 0 | 408 | 43.33 |

*സുലേഖ ചെലവ് പത്രിക പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ചെലവ് ₹6,93,33,159/- ആണ്. എന്നാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല. അതിനാൽ, പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ യഥാർത്ഥ ചെലവ് ₹7,09,84,545/- യാണ്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 1 | DP Works 2023-24 മാങ്കുളം ജി.പി 3350 മൈൽ റോഡ് കോൺക്രീറ്റിംഗ് (538/24) | 10,00,000.00 | 8,23,813.00 |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2023-24 കഞ്ഞിക്കുഴി പഞ്ചായത്ത് തള്ളക്കാനം മില്ലുപടി റോഡ് (578/24) | 10,00,000.00 | 8,27,573.00 |

സുലേഖ ചെലവ് പത്രിക പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ ചെലവ് ₹3,97,33,924/- ആണ്. എന്നാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടിന്റെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല. അതിനാൽ, റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ യഥാർത്ഥ ചെലവ് ₹4,05,73,382/- യാണ്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2023-24 കല്ലാർ ജി.എച്ച്.എസ്. പെയിന്റിംഗ്, ടൈൽ വർക്ക് (134/24) | 10,00,000.00 | 8,39,458.00 |

2023-24 വാർഷിക പദ്ധതി അംഗീകാര നടപടികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 16.01.2023 |
| ഗ്രാമസഭ യോഗം | 20.01.2023 |
| വികസന സെമിനാർ | 01.03.2023 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 26.02.2023 |
| ഭരണസമിതിയുടെ അംഗീകാരം | 01.03.2023 (2-1) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നില്ല. 2023-24 വാർഷിക പദ്ധതി രൂപീകരണം, അവലോകനം എന്നിവയുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. ഗ്രാമസഭക്ക് സമാനമായ യോഗം കൂടിയിട്ടുണ്ട്. എന്നാൽ, ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ വികസന ആവശ്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല .

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ജില്ലാപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും

അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുമുണ്ടാവുന്ന ജാഗ്രതക്കുറവ് ജില്ലാപഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസമാവുന്നുണ്ട്. 2023-24 വാർഷിക പദ്ധതി വിവിധ അവസരങ്ങളിൽ ഭേദഗതി ചെയ്യുകയും 197 പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കരട് എന്നിവയിൽ നിർദേശിക്കാത്തതും കരട് പദ്ധതിരേഖയിൽ ഉൾപ്പെടാത്തതുമായ പ്രോജക്ടുകളാണ് ഭേദഗതി വഴി ഉൾപ്പെടുത്തുന്നത്. കൂടാതെ, വാർഷിക പദ്ധതിയിൽ ഉൾപ്പടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിശോധന ഇല്ലാതെയാണ്.

19.04.2024ലെ സ.ഉ (കൈ)നം.84/2022/തസ്വഭവ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 6.3.16 ഖണ്ഡിക പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണം വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥ പാലിക്കാതെ ബൈസൺവാലി പഞ്ചായത്ത്- എട്ടൂർ അങ്കണവാടി നിർമ്മാണം പഞ്ചായത്തിന് തുക നൽകൽ (26/24, അടങ്കൽ- അഞ്ച് ലക്ഷം), ശാന്തൻപാറ പഞ്ചായത്ത് ശങ്കരൻപാണ്ഡ്യൻ മെട്ട് അങ്കണവാടി നിർമ്മാണം പഞ്ചായത്തിന് തുക നൽകൽ (28/24അടങ്കൽ- 10 ലക്ഷം) എന്നീ പ്രോജക്ടുകൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, മേൽ പ്രോജക്ടുകൾ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 6.4.(എ) (12) ഖണ്ഡിക പ്രകാരം എസ്.എസ്.കെ. പ്രോജക്ട് വിഹിതം കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ വ്യവസ്ഥ പാലിക്കാതെ എസ്.എസ്.കെ. വിഹിതം നൽകൽ - ടി.എസ്.പി (20/24, അടങ്കൽ- അഞ്ച് ലക്ഷം) എന്ന പ്രോജക്ട് കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കാർഷികമേഖലയിൽ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സാധിച്ചില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ, മറ്റ് വകുപ്പുകളുടെ അംഗീകാരം ആവശ്യമുള്ള സംഗതിയിൽ അവ നേടിയെടുക്കൽ എന്നിവയിൽ അനാവശ്യ കാലവിളംബമാണ് വരുത്തിയിട്ടുള്ളത്. ആവശ്യമായ രേഖകൾ സമയബന്ധിതമായി വാങ്ങുന്നതിനു സാധിക്കാത്തതുമൂലം പല പ്രോജക്ടുകളും ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

2023-24 ൽ ആവിഷ്കരിച്ച പ്രോജക്ടുകൾ, 2022-23ലെ സ്പിൽ ഓവർ പ്രോജക്ടുകൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പുതിയത് | 291 | 123 | 42.27 | 56,64,28,402 | 25,86,30,068 | 45.66 |
| സ്പിൽ ഓവർ | 429 | 189 | 44.06 | 48,70,26,622 | 15,72,69,573 | 32.29 |
| ആകെ | 720 | 312 | 43.33 | 1,05,34,55,024 | 41,58,99,641 | 39.48 |

105.34 കോടി രൂപയുടെ 2023-24 വാർഷിക പദ്ധതിയിൽ 41.58 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 720 പ്രോജക്ടുകളിൽ 43.33 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. 2023-24 വാർഷിക പദ്ധതി

നിർവ്വഹണത്തിൽ സംസ്ഥാന തലത്തിൽ പതിമൂന്നാം സ്ഥാനമാണ് ജില്ലാപഞ്ചായത്തിനു ലഭിച്ചത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 64 | 32 | 50 | 11,48,16,164 | 3,16,16,057 | 27.54 |
| പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി | 1 | 1 | 100 | 70,000 | 69,400 | 99.14 |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 1 | 1 | 100 | 21,81,000 | 6,93,875 | 31.81 |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 1 | 1 | 100 | 10,00,000 | 10,00,000 | 100 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കൃഷി | 5 | 5 | 100 | 1,36,00,000 | 50,49,857 | 37.13 |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 5 | 3 | 60 | 60,00,000 | 29,50,044 | 49.17 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | 2 | 2 | 100 | 50,00,000 | 41,46,366 | 82.93 |
| ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 2 | 2 | 100 | 3,13,33,334 | 2,63,11,297 | 83.97 |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 4 | 3 | 75 | 1,25,00,000 | 64,40,808 | 51.53 |
| ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം | 1 | 1 | 100 | 25,00,000 | 25,00,000 | 100 |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 5 | 5 | 100 | 11,65,54,699 | 11,31,90,897 | 97.11 |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | 6 | 2 | 33.33 | 17,33,720 | 2,81,000 | 16.21 |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി) | 7 | 6 | 85.71 | 1,86,66,970 | 1,69,90,476 | 91.02 |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവ്വേദം) | 9 | 9 | 100 | 1,52,00,000 | 1,51,83,510 | 99.89 |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 3 | 3 | 100 | 23,00,000 | 22,39,011 | 97.35 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 604 | 236 | 39.07 | 70,99,99,137 | 18,72,37,043 | 26.37 |
| **ആകെ** | **720** | **312** | **43.33** | **1,05,34,55,024** | **41,58,99,641** | **39.48** |

ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 6 പ്രോജക്ടുകളിൽ രണ്ടെണ്ണം മാത്രമാണ് നടപ്പാക്കിയത്. കാർഷികമേഖല പ്രധാന വരുമാന സ്രോതസായ ജില്ലയിൽ കൃഷി വികസനത്തിനാവശ്യമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനു ശ്രമിക്കുന്നില്ല. മെച്ചപ്പെട്ട വിത്ത്,

തൈകൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനു ആവശ്യമായ സാങ്കേതിക പിന്തുണയുറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നില്ല.

സോളാർ പാനൽ സ്ഥാപിച്ചതു വഴി സ്കൂളുകളിലെ വൈദ്യുതി ചാർജ്ജ് ഗണ്യമായ രീതിയിൽ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ആവിഷ്കരിച്ച പ്രോജക്ടുകളിൽ അമ്പത് ശതമാനത്തിൽ താഴെ മാത്രമാണ് 2023-24ൽ നടപ്പാക്കിയത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ, കുടിവെള്ള പ്രോജക്ടുകൾ എന്നിവ ആവിഷ്കരിച്ചതിനാൽ ഭൂരിഭാഗം പദ്ധതികളും പാതിവഴിയിൽ അവസാനിച്ചിരിക്കുകയാണ്. വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി സമർപ്പിച്ച അപേക്ഷകളിന്മേൽ ജില്ലാപഞ്ചായത്ത് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല.

വിവിധ വിഭാഗങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 574 | 264 | 45.99 | 81,12,50,943 | 31,48,97,066 | 38.82 |
| പട്ടികജാതി വിഭാഗം | 106 | 31 | 29.25 | 19,58,62,966 | 7,73,34,769 | 39.48 |
| പട്ടികവർഗ്ഗ വിഭാഗം | 40 | 17 | 42.5 | 4,63,41,115 | 2,36,67,806 | 51.07 |
| **ആകെ** | **720** | **312** | **43.33** | **1,05,34,55,024** | **41,58,99,641** | **39.48** |

ഉൽപാദന മോഖലയിൽ അംഗീകാരം ലഭിച്ച 47 പ്രോജക്ടുകളിൽ 22 എണ്ണവും സേവന മേഖലയിൽ 413 ൽ 169 എണ്ണവും പ്രോജക്ടുകളാണ് നടപ്പാക്കിയത്. ഉല്പാദന മോഖലയിൽ ചെലവ് 50.30 ശതമാനവും സേവന മേഖലയിൽ ചെലവ് 44.55 ശതമാനവുമാണ്. പശ്ചാത്തല മേഖലയിൽ ആവിഷ്കരിച്ച 260ൽ 121 പ്രോജക്ടുകൾ നടപ്പാക്കി. പശ്ചാത്തല വിഭാഗത്തിൽ ചെലവ് കേവലം46.70 ശതമാനം മാത്രമാണ്.

പ്രത്യേക വിഭാഗങ്ങൾക്കായുള്ള പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വനിത | 29 | 12 | 41.38 | 3,90,96,498.00 | 82,47,386.00 | 21.09 |
| കുട്ടികൾ | 15 | 9 | 60 | 1,65,59,030.00 | 87,51,211.00 | 52.85 |
| വൃദ്ധർ | 12 | 6 | 50 | 2,43,52,694.00 | 1,29,18,998.00 | 53.05 |
| ഭിന്നശേഷിയുള്ളവർ | 1 | 0 | 0 | 60,00,000.00 | 0.00 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ | 3 | 2 | 66.67 | 21,00,000.00 | 12,00,000.00 | 57.14 |
| **ആകെ** | **60** | **29** | **48.33** | **8,81,08,222.00** | **3,11,17,595.00** | **35.32** |

നിർവ്വഹണ ഏജൻസികളിലൂടെയും അക്രഡിറ്റഡ്/അംഗീകൃത ഏജൻസികളിലൂടെയും നിർവ്വഹിക്കപ്പെടുന്ന പ്രോജക്ടുകളുടെ ഗുണപരവും സമയബന്ധിതവുമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനായി ആവശ്യമായ സന്ദർഭങ്ങളിൽ ഇടപെടേണ്ടതാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ മോണിട്ടറിംഗ് പദ്ധതി പൂർത്തീകരണത്തിന് ശേഷമുള്ള വിലയിരുത്തലിൽ ഒതുങ്ങാതെ പദ്ധതിയുടെ ഓരോ ഘട്ടത്തിലുമുള്ള നിരന്തര വിലയിരുത്തലിലൂടെ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സുതാര്യവും ഗുണമേന്മയോടു കൂടിയും ഉള്ള നടപടിക്രമങ്ങളിലൂടെ കൈവരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ മോണിട്ടറിംഗ് സമിതികൾക്ക് സാധിക്കേണ്ടതാണ്.

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2024ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

ജില്ലാപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.
ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. ആസ്തികൾ തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നില്ല. കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ജില്ലാപഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ജില്ലാപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും മുൻകൂറുകൾ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ജില്ലാപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടുപോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ തനത് ആസ്തികളുടെ നടത്തിപ്പിന് കൃത്യമായ ബൈലാ തയ്യാറാക്കേണ്ടതുണ്ട്. വിവിധ ആസ്തികളുടെ തുടർപരിപാലനം സമയബന്ധിതമായി അതാത് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറുന്നില്ല.

ജില്ലാപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/ വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിൽ ഉൾപ്പെടുത്തിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ അപൂർണ്ണവുമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ 2023-24ൽ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് മാത്രമായാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നത്. പദ്ധതികളുടെ പൂർത്തീകരണം, അവയുടെ ഫലപ്രാപ്തി തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നില്ല. സംയുക്ത പദ്ധതികൾ രൂപീകരിക്കുന്നതിനു മുൻപ് കൃത്യമായ സാധ്യതാ പഠനം നടത്തുന്നില്ല. ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെടുന്നില്ല. സ്പിൽ ഓവർ പദ്ധതികൾ പലതും തുടർ വർഷങ്ങളിലും പൂർത്തീകരിക്കപ്പെടുന്നില്ല.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളിലെ വരവുകൾ യഥാസമയം ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. വരവ് സംബന്ധമായി ഡിമാന്റ് – കലക്ഷൻ- ബാലൻസ് വ്യക്തമാക്കുന്ന പത്രിക തയ്യാറാക്കി സൂക്ഷിക്കുവാനും, എല്ലാ ഘടകസ്ഥാപനങ്ങളിലും ഓരോ വർഷത്തെയും വരവു ചെലവുപത്രിക സാമ്പത്തികവർഷാവസാനം കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാനും നിർദേശം നൽകേണ്ടതാണ്.

ഭരണസമിതിയോഗങ്ങളുടെ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സാമ്പത്തിക വർഷം മിനിട്ട്സ് തയ്യാറാക്കിയതിൽ അഞ്ച് മാസം വരെ കാലതാമസം ഉണ്ടായിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാതെ അവശേഷിക്കുന്ന തടസ്സവാദങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ്, സർചാർജ്ജ് നടപടികൾ, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ എന്നിവയിന്മേൽ സമയബന്ധിതമായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 സംസ്ഥാന വിത്ത് ഫാമിലെ വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്തിൽ നിക്ഷേപിക്കുന്നില്ല

കരിമണ്ണൂരിൽ പ്രവർത്തിക്കുന്ന സംസ്ഥാന വിത്ത് ഫാമിൽ നിന്നും നെൽവിത്ത്, വാഴത്തൈ, പച്ചക്കറികൾ, പാൽ മുതലായവ വിൽക്കുന്നതു വഴി ലഭിക്കുന്ന പണവും വിവിധ കൃഷിഭവനുകളിൽ നിന്നും ലഭിക്കുന്ന തുകകളും യഥാസമയം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുന്നില്ല. ലഭ്യമാകുന്ന തുകകൾ വളരെ വൈകിയാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നത്. 01.04.2023 മുതൽ 31.03.2024 വരെ രണ്ട് തവണ മാത്രമാണ് ജില്ലാ പഞ്ചായത്തിൽ തുക ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തുക സ്വീകരിച്ച തിയതി | | ലഭിച്ച തുക (₹) | ജില്ലാ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ തിയതി |
|---|---|---|---|
| എന്നു മുതൽ | എന്നു വരെ | | |
| 15.01.2023 | 17.08.2023 | 3,71,314.00 | 18.08.2023 |
| 18.08.2023 | 16.01.2024 | 3,42,264.00 | 17.01.2024 |

18.08.2023ൽ ഒടുക്കിയ തുകയിൽ 2022-23 സാമ്പത്തിക വർഷം ലഭിച്ച തുകകളും ഉൾപ്പെടുന്നുണ്ട്. കൂടാതെ 18.01.2024 മുതൽ ലഭിച്ച വരവുകൾ 05.04.2024ലാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. അതിനാൽ 2023-24ൽ അക്കൗണ്ട് ചെയ്യേണ്ടിയിരുന്ന വരവ് അടുത്ത സാമ്പത്തിക വർഷത്തെ കണക്കുകളിലാണ് പ്രതിഫലിക്കുന്നത്. പ്രസ്തുത നടപടി ജില്ലാപഞ്ചായത്തിന് ലഭിക്കേണ്ട വരവുകൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്നതിനു കാരണമാവുന്നു. സമയബന്ധിതമായി തുക ഒടുക്കുന്നില്ലാത്തതിനാൽ ഫാമിന്റെ പ്രവർത്തനം സംബന്ധിച്ച കൃത്യമായ വിവരങ്ങളല്ല വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നത്. ലഭിക്കുന്ന തുക ഫാമിന്റെ ക്യാഷ് ബുക്കിൽ ചേർത്ത് ഫാമിന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചതിനു വളരെ നാളുകൾക്ക് ശേഷം ജില്ലാ പഞ്ചായത്തിൽ ഒടുക്കുകയുമാണ് നിലവിൽ ചെയ്യുന്നത്. കൂടാതെ, ബാങ്ക് ട്രാൻസ്ഫർ, ചെക്ക്, യു.പി.ഐ. എന്നിവ മുഖേന ലഭിക്കുന്ന വരവുകൾക്ക് രസീതു നൽകുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 7(2), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 23 എന്നിവയിൽ വരവുകൾ യഥാസമയം ബാങ്ക്/ട്രഷറിയിൽ ഒടുക്കേണ്ട നടപടിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ലഭിക്കുന്ന വരവുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഫാം ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, നിശ്ചിത ഇടവേളകളിൽ (ആഴ്ചയിലെ അവസാന പ്രവർത്തി ദിവസം) തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് രസീതു ലഭ്യമാക്കി കളക്ഷൻ രജിസ്റ്ററിൽ പതിപ്പിക്കേണ്ടതുമാണ്. കൂടാതെ ഏത് രീതിയുള്ള വരവുകൾക്കും ഒദ്യോഗിക രസീത് നൽകേണ്ടതും ഫാമിന്റെ വാർഷിക വരവ് - ചെലവ് പത്രിക തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

## 1-8 കോലാനി ജില്ലാ പൗൾട്രി ഫാമിലെ വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്കുന്നില്ല

കോലാനി ജില്ലാ പൗൾട്രി ഫാമിലെ കോഴിക്കുഞ്ഞുങ്ങൾ, മുട്ട തുടങ്ങിയവ വിൽക്കുന്നതു വഴി ലഭിക്കുന്ന വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുന്നില്ല. ലഭ്യമാകുന്ന തുകകൾ ഒരു മാസത്തിലേറെ താമസിച്ചാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫാമിൽ തുക സ്വീകരിച്ച തിയതി | | ലഭിച്ച തുക (₹) | ജില്ലാ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ തിയതി |
|---|---|---|---|
| എന്നു മുതൽ | എന്നു വരെ | | |
| 22.02.2023 | 24.04.2023 | 14,06,894.00 | 27.04.2023 |
| 25.04.2023 | 25.07.2023 | 10,73,175.00 | 27.07.2023 |
| 26.07.2023 | 13.11.2023 | 13,82,028.00 | 14.11.2023 |
| 14.11.2023 | 16.01.2024 | 6,51,271.00 | 19.01.2024 |

| | | | |
|---|---|---|---|
| 17.01.2024 | 18.02.2024 | 6,21,609.00 | 19.02.2024 |
| 19.02.2024 | 01.03.2024 | 2,18,595.00 | 02.03.2024 |
| 02.03.2024 | 19.03.2024 | 1,51,426.00 | 20.03.2024 |
| 20.03.2024 | 30.03.2024 | 2,30,410.00 | 30.03.2024 |

27.04.2023ൽ ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ ₹14,06,894/-ൽ 22.03.2023 മുതൽ 31.03.2023 വരെ ലഭിച്ച ₹8,36,215/- ഉൾപ്പെടുന്നുണ്ട്. ലഭിക്കുന്ന തുക ഫാം സൂപ്രണ്ടിന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയും വളരെ നാളുകൾക്ക് ശേഷം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയുമാണ് നിലവിൽ ചെയ്യുന്നത്. ലഭിക്കുന്ന വരവുകൾ ആഴ്ചയിലെ അവസാന പ്രവൃത്തി ദിവസത്തിനു മുമ്പായി ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും രസീതു ലഭ്യമാക്കി കളക്ഷൻ രജിസ്റ്ററിൽ പതിപ്പിക്കേണ്ടതുമാണ്.

## 1-9 അരീക്കുഴ ജില്ലാ കൃഷിത്തോട്ടം – ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റാവുന്ന തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

ഇടുക്കി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. എല്ലാ വരവുകൾക്കും രസീത് നല്കുന്നില്ല.**

വിവിധ സ്ഥാപനങ്ങൾ വിത്തുകളും തൈകളും വാങ്ങുന്നതിനായി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഒടുക്കിയിട്ടുള്ള തുകകൾക്ക് രസീത് നല്കുകയോ കാഷ്ബുക്കിൽ വരവ് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണക്കുറിപ്പിന് മറ്റ് സ്ഥാപനങ്ങൾ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്ന തുകകളുടെ വിവരങ്ങൾ കൃത്യമായും വ്യക്തമായും ഫാം ഓഫീസിൽ നല്കാത്തതിനാൽ രസീത് നല്കുവാനോ കാഷ് ബുക്കിൽ സമയബന്ധിതമായി രേഖപ്പെടുത്തുവാനോ സാധിച്ചിട്ടില്ലായെന്ന് മറുപടി നല്കി. ഫാമിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കുന്ന തുകകളുടെ വിവരം യഥാസമയം ഫാം സൂപ്രണ്ടിനെ അറിയിക്കുന്നതിന് ഫാമിന്റെ പ്രധാന ഉണഭോക്താക്കളായ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർദേശം നല്കുന്നതിന് ജില്ലാ പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്. യഥാസമയം ബാങ്ക് പാസ്ബുക്ക് അപ്ഡേറ്റ് ചെയ്ത് ലഭ്യമായ തുകകൾക്ക് കൃത്യമായി രസീത് നല്കുന്നതിനും കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നതിനും ഫാം സൂപ്രണ്ടും ശ്രദ്ധ ചെലുത്തേണ്ടതുമാണ്. നാളിതുവരെ അക്കൗണ്ടിൽ നേരിട്ട് ലഭ്യമായ തുകകൾ പരിശോധിച്ച് കാഷ്ബുക്കിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തൊടുപുഴ ശാഖയിൽ ഫാം സൂപ്രണ്ടിന്റെ പേരിലുള്ള 67187415539 നമ്പർ അക്കൗണ്ടിൽ 31.03.2023-ൽ ₹36,92,940/- നീക്കിയിരിപ്പുണ്ട്. എന്നാൽ കാഷ്ബുക്കിൽ 01.04.2023-ൽ മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് ₹2,71,370/- മാത്രമാണ്. ബാങ്ക് അക്കൗണ്ടിൽ അവശേഷിച്ചിരുന്ന തുകകൾ പൂർണമായും ഫാമിന്റെ നീക്കിയിരിപ്പായി കാഷ്ബുക്കിൽ രേഖപ്പെടുത്തി തുടങ്ങിയത് 10.01.2024 മുതൽ മാത്രമാണ്. സ്ഥാപനത്തിന്റെ കാഷ്ബുക്ക് പ്രകാരം 31.03.2024-ലെ നീക്കിയിരിപ്പ് ₹26,28,351/-യാണ് (ബാങ്ക്- ₹25,93,164/-, കാഷ്-₹35,187/-). എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം ₹34,86,806.85 നീക്കിയിരിപ്പുള്ളതായി കാണുന്നു. വ്യത്യാസത്തിന്റെ കാരണം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വിശദീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബാങ്ക് പാസ് ബുക്ക് യഥാസമയം അപ്ഡേറ്റ് ചെയ്യാതിരുന്നതു മൂലം സംഭവിച്ച ന്യൂനതകളാണിതെന്നും നിലവിൽ പ്രസ്തുത ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടെന്നും മറുപടി നല്കി. വരവുകളെല്ലാം യഥാസമയം തന്നെ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നതിനും മാസാന്ത്യ വർഷാന്ത്യ റിക്കൺസിലിയേഷനുകൾ കൃത്യമായി നടത്തി വ്യത്യാസത്തിന്റെ കാരണം കാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വാടക കുടിശിക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും 2023-24 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം വാടക കുടിശ്ശിക ലഭിക്കുവാനുണ്ടെന്ന് ബോധ്യപ്പെട്ടു.

| സ്ഥാപനത്തിന്റെ പേര് | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (₹) | കുടിശ്ശിക ലഭിക്കാനുള്ള കാലയളവ് | ആകെ കുടിശ്ശിക (₹) |
|---|---|---|---|---|
| ജനകീയ ഹോട്ടൽ | അസിസ്റ്റന്റ് സെക്രട്ടറി വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | 11,244.00 | 12 മാസം | 1,34,928.00 |
| ചെറുതോണി ഷോപ്പിംഗ് കോംപ്ളക്സ് റൂം നമ്പർ 3 | ഷിഹാബുദ്ധീൻ ബീവിരാകത്ത് പുതിയപുര ചെറുതോണി | 7,758.00 | 4മാസം(₹2952 ഒരു മാസത്തെ വാടകയിൽ ലഭിക്കാനുള്ളത് ഉൾപ്പടെ) | 33,984.00 |
| നഗരംപാറ വെയ്റ്റിംഗ് ഷെഡ് റൂം | ജയിൻ അഗസ്റ്റ്യൻ കിഴക്കേടത്ത് | 4,631.00 | 12 മാസം | 55,572.00 |
| | ആകെ | | | 2,24,484.00 |

ഇതു കൂടാതെ ഇടുക്കി വികസന അതോറിറ്റിയുടെ കൈവശമുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലും വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്.

| സ്ഥാപനത്തിന്റെ പേര് | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക (₹) | കുടിശ്ശിക ലഭിക്കാനുള്ള കാലയളവ് | ആകെ കുടിശ്ശിക (₹) |
|---|---|---|---|---|
| ബങ്ക് നമ്പർ-15 | രാജേന്ദ്രൻ, പുതുവിൽകാരക്കാട്ട് പുത്തൻവീട്, ചെറുതോണി | 1,665.00 | 8 മാസം | 13,320.000 |
| ബങ്ക് നമ്പർ-101 | ജോയി സെബാസ്റ്റ്യൻ, കൊട്ടുക്കച്ചിറയിൽ, വെള്ളയാംകുടി | 11,076.00 | 12 മാസം | 1,32,912.00 |
| ബങ്ക് നമ്പർ-7(1) | നൗഷാദ്, തടിപ്ലാക്കൽ, ചെറുതോണി | 730.00 | 8 മാസം* | 14180.00 (മുൻ വർഷ കുടിശിക 8,340.00 ഉൾപ്പെടെ) |
| ബങ്ക് നമ്പർ-8 | ഷൈബി ജോമോൻ, പ്ലാത്തോട്ടത്തിൽ, മരിയാപുരം | 14,294.00 | 2 മാസം* | 1,91,944.00 (മുൻ വർഷ കുടിശിക- 1,63,356.00) |
| | ആകെ | | | 3,52,356.00 |

വാടകയിനത്തിൽ ജില്ലാ പഞ്ചായത്തിന് ലഭിക്കാനുള്ള തുക നിയമാനുസൃത പിഴയും ജി.എസ്.ടി-യും ഉൾപ്പെടെ ഈടാക്കുവാൻ നിയമ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
[ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26 തീ.07.11.2024) മറുപടി ലഭ്യമാക്കിയില്ല]

*2023-24 സാമ്പത്തിക വർഷം സ്ഥാപനം പ്രവർത്തിച്ച കാലയളവ്.

## 1-11 സ്കൂളുകളിലെ ഉപയോഗശൂന്യമായ പഴയ കെട്ടിടങ്ങൾ, ഫർണിച്ചറുകൾ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചുവടെ പരാമർശിച്ചിട്ടുള്ള സ്കൂളുകളിലെ ഉപയോഗശൂന്യമായ പഴയ കെട്ടിടങ്ങൾ, ഫർണിച്ചറുകൾ തുടങ്ങിയവ ബന്ധപ്പെട്ട സ്കൂൾ അധികൃതരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | ലേലം ചെയ്യേണ്ട വസ്തു | ഭരണസമിതി തീരുമാനം |
|---|---|---|---|
| 1 | ഗവൺമെന്റ് ഹൈസ്കൂൾ, ചെമ്പകപ്പാറ | പഴയ സ്കൂൾ കെട്ടിടത്തിന്റെ ഓട്. | 30.05.2023, 5-1 |
| 2 | ഗവൺമെന്റ് ഹൈസ്കൂൾ, ശാന്തിഗ്രാം | എൽ.പി.എസ്. കെട്ടിടം. | 30.05.2023, 6-1 |
| 3 | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, ദേവിയാർ കോളനി | കാലപ്പഴക്കം ചെന്ന കെട്ടിടം. | 05.07.2023, 15-2 |
| 4 | ഗവൺമെന്റ് ഹൈസ്കൂൾ, കുറ്റിപ്ലാങ്ങാട് | പഴയ കെട്ടിടം, പാഴ്‌വസ്തുക്കൾ | 14.07.2023, 1-9 |
| 5 | ഗവൺമെന്റ് ഹൈസ്കൂൾ, രാജകുമാരി | അപകടാവസ്ഥയിലായ കെട്ടിടത്തിന്റെ മുകൾനില. | 30.11.2023, 10-1 |
| 6 | ഗവൺമെന്റ് ഹൈസ്കൂൾ, രാജാക്കാട് | അപകടാവസ്ഥയിലായ പഴയ ക്വാർട്ടേഴ്സ് കെട്ടിടം | 30.11.2023, 13-1 |
| 7 | ഗവൺമെന്റ് ഹൈസ്കൂൾ, പാമ്പനാർ | എൽ.പി സ്കൂൾ കെട്ടിടം. | 05.03.2024, 17-1 |
| 8 | ഗവൺമെന്റ് ഹൈസ്കൂൾ, പെരിഞ്ചാംകുട്ടി | പഴയ ഒറ്റമുറി കെട്ടിടം | 06.02.2024, 9-1 |

കെട്ടിടങ്ങൾ ലേലം ചെയ്ത് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1 തീ.09.10.2024) ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

1. ചെമ്പകപ്പാറ പഴയ സ്കൂൾ കെട്ടിടത്തിന്റെ ഓട്.

സ്കൂളിലെ ഉപയോഗശൂന്യമായ വസ്തുക്കൾ വാല്യൂവേഷൻ പ്രകാരം ലേല നടപടി സ്വീകരിച്ച് വിൽപ്പന നടത്തുവാൻ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഹെഡ്മാസ്റ്റർക്ക് നിർദേശം നൽകിയിട്ടുണ്ട്.

2. ശാന്തിഗ്രാം എൽ.പി.എസ്. കെട്ടിടം.

കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ട്, വാല്യുവേഷൻ എന്നിവ ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തുകയും ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൽ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയ്ക്ക് മുമ്പാകെ വെയ്ക്കുന്നതാണ്.

3. ദേവിയാർ കോളനി ഗവ. ഹയർസെക്കണ്ടറി കാലപ്പഴക്കം ചെന്നകെട്ടിടം.

കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ട്, വാല്യുവേഷൻ എന്നിവ ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തുകയും ആയത് ലഭ്യമാക്കുന്നതിന് നിർദേശം നൽകുകയും ചെയ്തു. റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

4. കുറ്റിപ്ലാങ്ങാട് സ്കൂൾ.

സ്കൂളിലെ ഉപയോഗശൂന്യമായ വസ്തുക്കൾ വാല്യൂവേഷൻ ലഭ്യമാക്കി ലേല നടപടി സ്വീകരിച്ച് വിൽപ്പന നടത്തുവാൻ ഹെഡ്മാസ്റ്ററിനെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഹെഡ്മാസ്റ്റർക്ക് നിർദേശം നൽകിയിട്ടുണ്ട്.

5 . രാജകുമാരി ഗവ. സ്കൂൾ മുകൾനില.

സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കണമെന്ന പ്രിൻസിപ്പളിന്റെ അപേക്ഷയിന്മേൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ റിപ്പോർട്ട് നൽകിയിരുന്നു. ഒന്നാം നിലയിൽ സൺഷെയ്ഡ്, ബീം എന്നിവയുടെ കോൺക്രീറ്റ് പ്ലാസ്റ്ററിംഗ് അടർന്നതാണെന്നും ചില ഭിത്തികൾക്ക് വിള്ളലുകൾ സംഭവിച്ചിട്ടുണ്ടെന്നും പ്രസ്തുത ന്യൂനതകൾ പരിഹരിച്ചാൽ കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാമെന്നും എക്സിക്യൂട്ടീവ് എഞ്ചിനിയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

6. രാജാക്കാട് ഗവ സ്കൂൾ ക്വാർട്ടേഴ്സ്.

കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ട്, വാല്യുവേഷൻ എന്നിവ ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ആയത് ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുമുണ്ട്. റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

7. ഗവൺമെന്റ് ഹൈസ്കൂൾ, പാമ്പനാർ.

കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ട്, വാല്യുവേഷൻ എന്നിവ ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തുകയും ആയത് ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുമുണ്ട്. റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

8. ജി.എച്ച്.എസ് പെരിഞ്ചാംകുട്ടി കെട്ടിടം.

കെട്ടിടത്തിന്റെ സർവ്വേ റിപ്പോർട്ട്, വാല്യുവേഷൻ എന്നിവ ലഭ്യമാക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തുകയും ആയത് ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുമുണ്ട്. റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

രാജകുമാരി ഗവൺമെന്റ് സ്കൂൾ കെട്ടിടം ഒഴികെയുള്ള സ്കൂളുകളിലെ പഴയ കെട്ടിടങ്ങൾ/ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്ത് ലേലത്തുകയും നികുതിയും ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രാജകുമാരി ഗവൺമെന്റ് സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അപകടാവസ്ഥയിലായ/ഉപയോഗശൂന്യമായ കെട്ടിടങ്ങൾ സ്കൂൾ അധികൃതരുടെ അവശ്യത്തിന്റെ അടിസ്ഥാനത്തിൽ അവധിക്കാലത്ത് പൊളിച്ചു മാറ്റുന്നതിന് 05.03.2024ലെ ഭരണസമിതിയോഗത്തിൽ തീരുമാനിച്ചിരുന്നു (തീരുമാനം-17-2). എന്നാൽ, തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചില്ല. കുട്ടികളുടെ സുരക്ഷയ്ക്ക് തന്നെ ഭീഷണിയായി നിൽക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

**1-12 സ്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ-സബ്സിഡി തുക ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല**

ജില്ലാ പഞ്ചയാത്തിന്റെ കീഴിലുള്ള സ്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 2022-23 വാർഷിക പദ്ധതിയിൽ മൂന്ന് പ്രോജക്ടുകൾ ഏറ്റെടുക്കുകയും അനർട്ട് മുഖേന 28 സ്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സോളാർ പാനൽ സ്ഥാപിക്കുന്നതിന് എംപാനൽ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും അനർട്ട് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ വിജയികളായ സ്ഥാപനങ്ങളുമായി അനർട്ട് കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് പ്രവർത്തി നടത്തിയിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി സ്കൂളുകളിൽ സോളാർ പാനലിന്റെ പ്രവർത്തനം പരിശോധിച്ച അവസരത്തിൽ ഗണ്യമായ തുക വൈദ്യുതി ചാർജ്ജിനത്തിൽ കുറവു വന്നതായി സ്കൂൾ അധികൃതർ വ്യക്തമാക്കി.

അനർട്ടുമായി ജില്ലാപഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കാരാറുകളിലെ വ്യവസ്ഥ നം.19 പ്രകാരം സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടു സർക്കാർ നിർദേശങ്ങൾക്ക് വിധേയമായി ലഭിക്കുന്ന ഇൻസന്റീവ് ഉപഭോക്താവിന് ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനു വേണ്ടിവരുന്ന ചെലവിന്റെ 10 ശതമാനമാണ് സബ്സിഡിയായി ലഭിക്കുന്നത്.

അതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം സബ്സിഡി തുക സ്കൂളുകളുടെ അക്കൗണ്ടിൽ ലഭ്യമാവേണ്ടതും ആയത് ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്.

| ക്രമ നം | സ്കൂളിന്റെ പേര് | പാനൽ കപ്പാസിറ്റി (KW) | ബിൽ പ്രകാരമുള്ള തുക (₹) | സബ്സിഡി തുക (₹) |
|---|---|---|---|---|
| I | അടിമാലി, ദേവികുളം ബ്ലോക്കുകളുടെ പരിധിയിൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ (1070/23, 388/24) | | കരാർ നം. 24/SEC/IDP/2023 തിയതി 26.03.2023 | |
| 1 | ഗവൺമെന്റ് ഹൈസ്കൂൾ മന്നാംകണ്ടം | 2 | 2,05,000.00 | 20,500.00 |
| 2 | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, വെള്ളത്തൂവൽ | 2 | 2,05,000.00 | 20,500.00 |
| 3 | ഗവൺമെന്റ് ഹൈസ്കൂൾ, മച്ചിപ്ലാവ് | 3 | 2,32,721.00 | 23,272.00 |
| 4 | ഗവൺമെന്റ് ഹൈസ്കൂൾ, വെള്ളത്തൂവൽ | 2 | 1,97,358.00 | 19,736.00 |
| 5 | ഗവൺമെന്റ് ഹൈസ്കൂൾ, ചിത്തിരപുരം | 2 | 1,86,632.00 | 18,663.00 |
| 6 | ഗവൺമെന്റ് ഹൈസ്കൂൾ, കല്ലാർ വട്ടിയാർ | 2 | 1,98,012.00 | 19,801.00 |
| 7 | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, പണിക്കൻകുടി | 4 | 2,90,801.00 | 29,080.00 |
| 8 | ഗവൺമെന്റ് ഹൈസ്കൂൾ, ചിന്നക്കനാൽ | 2 | 1,98,012.00 | 19,801.00 |
| 9 | ഗവൺമെന്റ് ഹൈസ്കൂൾ, മുക്കുടം | 2 | 1,98,012.00 | 19,801.00 |
| 10 | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, ദേവികുളം | 2 | 1,98,012.00 | 19,801.00 |
| 11 | ഗവൺമെന്റ് ഹൈസ്കൂൾ, മുനിയറ | 2 | 1,98,012.00 | 19,801.00 |
| II | കട്ടപ്പന, അഴുത ബ്ലോക്കുകളുടെ പരിധിയിൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ (1072/23, 398/24) | | കരാർ നം.26/SEC/IDP/2023 തിയതി 26.03.2023 | |
| 12 | പഞ്ചായത്ത് ഹൈസ്കൂൾ, വണ്ടിപ്പെരിയാർ | 5 | 3,41,400.00 | 34,140.00 |
| 13 | പഞ്ചായത്ത് ഹയർ സെക്കണ്ടറി സ്കൂൾ, വണ്ടിപ്പെരിയാർ | 5 | 3,41,400.00 | 34,140.00 |
| 14 | ഗവൺമെന്റ് ട്രൈബൽ ഹയർസെക്കണ്ടറി സ്കൂൾ, മുരിക്കാട്ടുകുടി | 5 | 3,41,400.00 | 34,140.00 |
| 15 | നെഹ്റു സ്മാരക പഞ്ചായത്ത് ഹയർ സെക്കണ്ടറി സ്കൂൾ, പുറ്റടി | 5 | 3,41,400.00 | 34,140.00 |
| 16 | ഗവൺമെന്റ് ഹൈസ്കൂൾ, നാലുമുക്ക് | 3 | 2,38,980.00 | 23,898.00 |
| 17 | പഞ്ചായത്ത് ഹൈസ്കൂൾ, ഏലപ്പാറ | 3 | 2,38,980.00 | 23,898.00 |
| 18 | ഗവൺമെന്റ് ഹൈസ്കൂൾ, കണയങ്കവയൽ | 3 | 2,38,980.00 | 23,898.00 |
| 19 | ഗവൺമെന്റ് ഹൈസ്കൂൾ, അണക്കര | 4 | 2,90,801.00 | 29,080.00 |
| 20 | ഗവൺമെന്റ് ഹൈസ്കൂൾ, പാമ്പനാർ | 4 | 2,90,801.00 | 29,080.00 |
| 21 | ഗവൺമെന്റ് ഹൈസ്കൂൾ, വാഗമൺ | 4 | 2,90,801.00 | 29,080.00 |
| III | നെടുങ്കണ്ടം, ഇടുക്കി ബ്ലോക്കുകളുടെ പരിധിയിൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ സോളാർ പാനൽ | | കരാർ നം.25/SEC/IDP/2023 തിയതി 26.03.2023 | |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ (1071/23, 407/24)24/SEC/IDP/2023 DT 26.03.2023 | | | |
| 22 | ഗവൺമെന്റ് ഹൈസ്കൂൾ, രാജാക്കാട് | 10 | 6,25,900.00 | 62,590.00 |
| 23 | ഗവൺമെന്റ് ഹൈസ്കൂൾ, കല്ലാർ, നെടുങ്കണ്ടം | 5 | 3,41,400.00 | 34,140.00 |
| 24 | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, പതിനാറാംകണ്ടം | 5 | 3,41,400.00 | 34,140.00 |
| 25 | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, രാജാക്കാട് | 5 | 3,41,400.00 | 34,140.00 |
| 26 | ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, രാജകുമാരി | 5 | 3,41,400.00 | 34,140.00 |
| 27 | ഗവൺമെന്റ് ഹൈസ്കൂൾ, പഴയരിക്കണ്ടം | 5 | 3,41,400.00 | 34,140.00 |
| 28 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ലാർ, നെടുങ്കണ്ടം | 3 | 2,38,980.00 | 23,898.00 |
| | ആകെ | | | 7,83,438.00 |

സ്കൂളുകളിൽ സോളാർ പാനൽ സ്ഥാപിച്ചതിനു ലഭിച്ച സബ്സിഡി തുക ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38 തീ.18.11.2024) സബ്സിഡി തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അതത് സ്കൂളുകളോട് നിർദേശിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, അനർട്ടുമായുള്ള കരാറുകളിലെ വ്യവസ്ഥ 15 പ്രകാരം അനർട്ടോ, അനർട്ട് ചുമതലപ്പെടുത്തുന്ന വ്യക്തികളോ മൂന്ന് മാസത്തിലൊരിക്കൽ പവർപ്ലാന്റിൽ പരിശോധന നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥ അനർട്ട് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ജില്ലാ പഞ്ചായത്ത് വക കെട്ടിടം നഷ്ടപരിഹാരം നൽകാതെ ദേശീയപാതാ അധികൃർ പൊളിച്ചു മാറ്റി

ജില്ലാ ആസ്ഥാനമായ ചെറുതോണി ടൗണിൽ ₹1,172/-, ₹1,478/-, ₹2,586/- എന്നിങ്ങനെ മാസവാടക ലഭിച്ചുകൊണ്ടിരുന്ന മൂന്ന് റൂമുകൾ ഉൾപ്പെടുന്ന ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം ചെറുതോണി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയപാതാ അധികൃതർ പൊളിച്ചുമാറ്റി. പാലത്തിന്റെ അപ്രോച്ച് റോഡിന് കുഴി എടുത്തപ്പോൾ കെട്ടിടത്തിന്റെ അടിത്തറ ഇളകിയെന്നും തൊഴിലാളികളുടെ സുരക്ഷയെ കരുതിയാണ് കെട്ടിടം പൊളിച്ചതെന്നുമാണ് ദേശീയപാതാ അധികൃതരുടെ വിശദീകരണം. പാലത്തിന് അപ്രോച്ച് റോഡ്, സർവ്വീസ് റോഡ് എന്നിവ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 23.02.2021ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ സംകയുക്ത പരിശോധനയെ തുടർന്ന് മാർക്ക് ചെയ്ത കെട്ടിടഭാഗം പൊളിച്ചു നീക്കുന്നതിന് ജില്ലാപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ, സംയുക്ത പരിശോധനയിലെ തീരുമാനത്തിനു വിരുദ്ധമായി ജില്ലാ പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ കെട്ടിടം മുഴുവനായി ദേശീയപാതാ അധികൃതർ പൊളിച്ചു നീക്കിയ നടപടി അംഗീകരിക്കാനാവില്ലെന്ന് വിലയിരുത്തിയ 14.02.2023ലെ ജില്ലാ പഞ്ചായത്ത് കമ്മറ്റി ദേശീയ പാതാ അധികൃതരുടെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും നഷ്ടം തിട്ടപ്പെടുത്തുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു (തീരുമാന നം.13-1).

കെട്ടിടം പൊളിച്ചു മാറ്റുന്നതിനു മുൻപ് സൈറ്റിൽ നിന്നും കെട്ടിടത്തിന്റെ അളവുകൾ എടുക്കാത്തതിനാൽ കെട്ടിടവുമായി ബന്ധപ്പെട്ട രേഖകൾ ലഭിച്ചാൽ മാത്രമേ നഷ്ടം നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളുവെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ കെട്ടിടമായി ബന്ധപ്പെട്ട രേഖകൾ ജില്ലാപഞ്ചായത്തിന്റെ കൈവശം ലഭ്യമല്ല. ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാണ്

ദേശീയപാതാ അധികൃതരിൽ നിന്നും സമയബന്ധിതമായി നഷ്ടപരിഹാരം ഈടാക്കുന്നതിന് സാധിക്കാതെ വന്നത്.

ജില്ലാ പഞ്ചായത്ത് അനുമതി കൂടാതെ കെട്ടിടം പൊളിച്ച നീക്കിയതിനാൽ നഷ്ട പരിഹാരം ആവശ്യപ്പെട്ട് ദേശീയപാതാ അധികൃതർക്ക് കത്ത് നൽകുന്നതിന് 30.11.2023ലെ ഭരണസമിതി യോഗത്തിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി (തീരുമാനം 19-1). വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് വശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/09.10.2024) നഷ്ട പരിഹാരം ആവശ്യപ്പെട്ട് ദേശീയപാത അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. തുടർ നിയമനടപടികൾ സ്വീകരിച്ച് അർഹതപ്പെട്ട നഷ്ടപരിഹാരം ഈടാക്കേണ്ടതാണ്.

**1-14 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻതുക നീക്കിയിരുപ്പ്**

ഇടുക്കി ജില്ലാ പഞ്ചായത്ത് എൽ.ഐ.ഡി & ഇ.ഡബ്ല്യു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇടുക്കി ശാഖയിൽ ആരംഭിച്ചിട്ടുള്ള 67278030532 നമ്പർ അക്കൗണ്ടിൽ 2023-24 സാമ്പത്തിക വർഷാവസാനം ₹2,11,54,378/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൽ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് ക്രഡിറ്റ് ചെയ്യപ്പെട്ട ഇ-ടെണ്ടർ ഫീസ്, മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളുടേതായി അക്കൗണ്ടിൽ അവശേഷിക്കുന്ന ഇ-ടെണ്ടർ ഫീസ്, മറ്റ് വരവുകൾ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം.34/08.11.2024-ന് തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. ജില്ലാപഞ്ചായത്തിന്റേത് കൂടാതെ ഇ-ടെൻഡറിനായി പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്ത ജില്ലയിലെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവകാശപ്പെട്ട തുകകളും ഈ അക്കൗണ്ടിലെ നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ളതും ജില്ലാപഞ്ചായത്തിന്റെ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ പ്രസ്തുത അക്കൗണ്ട് പലിശരഹിത അക്കൗണ്ടായതിനാൽ അക്കൗണ്ടിൽ വൻതുക നിലനിർത്തിയിരിക്കുന്നത് ജില്ലാപഞ്ചായത്തിനും മറ്റ് സ്ഥാപനങ്ങൾക്കും പലിശയിനത്തിലുള്ള വരുമാനനഷ്ടം ഉണ്ടാകുന്നതിനിടയാക്കുന്നുണ്ട്. ആയതിനാൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയിൽ ജില്ലാപഞ്ചായത്തിനും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവകാശപ്പെട്ട തുക പ്രത്യേകം കണക്കാക്കി അതാത് സ്ഥാപനങ്ങളുടെ തനതുഫണ്ടിലേക്ക് മാറ്റി നൽകുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സ്ഥാപനങ്ങളുടെ സാമ്പത്തിക താൽപര്യം സംരക്ഷിക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച് നീക്കിയിരിപ്പ് തുക ക്രമീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 ഇൻഷ്വറൻസ് എടുക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.**

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5% (മിനിമം ₹2,00,000/-, പരമാവധി ₹5,00,000/-) ഇൻഷ്വറൻസ് കവറേജ് പ്രവൃത്തി തുടങ്ങി 15 ദിവസത്തിനുള്ളിൽ കരാറുകാരൻ നൽകേണ്ടതാണെന്ന് STANDARD BID DOCUMENT FOR E-Tenderingലും ലെറ്റർ ഓഫ് അക്സപ്റ്റൻസിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്കുണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനാണ് ഈ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ഇൻഷ്വറൻസ് എടുത്ത് രേഖകൾ സമർപ്പിക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% തുക ഫൈൻ ഇനത്തിൽ ബില്ലിൽ കുറവ് ചെയ്യേണ്ടതാണ്. താഴെപ്പറയുന്ന പ്രവൃത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുത്ത് രേഖകൾ സമർപ്പിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/നമ്പർ | കരാറുകാരൻ | കരാർ തുക (₹) | ഈടാക്കേണ്ടിയിരുന്ന ഫൈൻ (₹) |
|---|---|---|---|---|
| 1 | DP Works 2022-2023 -മൂന്നാർ പഞ്ചായത്ത് രാജമല റോഡ് (617/23, 745/24) | ബിജു കെ.പി. | 11,80,028.00 | 2,360.00 |

| | | | | |
|---|---|---|---|---|
| 2 | 2022-2023 ഇടുക്കി ജില്ലാ പഞ്ചായത്ത് - 2022-2023 ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് ശാന്തൻപാറ കളിസ്ഥലം നിർമ്മാണം - ടെന്നീസ് വോളിബോൾ കോർട്ട് (955/23, 465/24) | ജോസ് വർഗീസ് മാത്യൂ | 11,33,736.00 | 2,267.00 |
| 3 | DP Works 2022-2023 -കാന്തല്ലൂർ പഞ്ചായത്ത് - ഗുഹനാഥപുരം റോഡ് 4-ാം വാർഡ് ചെങ്കലാർ (612/23, 810/24) | അൻഷാദ് പി കെ | 7,07,366.00 | 1,415.00 |
| 4 | വെള്ളത്തൂവൽ പഞ്ചായത്ത് കുത്തുപാറ ശെല്യാംപാറ റോഡ് പൂർത്തീകരണം (1113/23, 636/24) | അൻഷാദ് പി കെ | 6,84,380.00 | 1,369.00 |
| 5 | അടിമാലി പഞ്ചായത്ത് കുളമാൻകുഴി -പാട്ടേടമ്പ്കുടി നടപ്പാത (61/24) | സൈനുദ്ധീൻ എം.എ. | 6,63,468.00 | 1,327.00 |
| 6 | 2022-23 കൊന്നത്തടി പഞ്ചായത്ത് കാക്കാസിറ്റി - പുരയിടം സിറ്റി റോഡ് പുനരുദ്ധാരണം ഐറിഷ് (829/23, 643/24) | അടിമാലി ലേബർ കോൺട്രക്ടർ സൊസൈറ്റി | 16,85,332.00 | 3,371.00 |
| 7 | 2022-23 കുമളി പഞ്ചായത്ത് വലിയവളവ് - ആത്തമുക്ക് ഹെൽത്ത് സെൻറർ റോഡ് മെയിന്റനൻസ് (749/23, 654/24) | സണ്ണി പി.ജെ. | 16,35,488.00 | 3,271.00 |
| 8 | ഇടുക്കി ജില്ലാ പഞ്ചായത്ത് - ഉപ്പുതറ ജി പി മത്തായിപ്പാറ മറ്റപ്പള്ളിക്കവല റോഡ് റീ ടാറിംഗ് (802/23, 581/24) | കെ.എ. ചെറിയാൻ | 19,09,756.00 | 3,820.00 |
| 9 | ഇടുക്കി ജില്ലാ പഞ്ചായത്ത്- ഉപ്പുതറ ഗ്രാമ പഞ്ചായത്ത് ആഴംകാല പ്ലാമൂട് പാലം പൂർത്തീകരണം (44/23, 540/24) | അഖിൽ ജോർജ്ജ് | 3,75,593.00 | 751.00 |
| 10 | ഇടുക്കി ജില്ലാ പഞ്ചായത്ത് - 2022-23 വണ്ണപ്പുറം പഞ്ചായത്ത് - മുട്ടുകണ്ടം - ചേലച്ചുവട് കുവപ്പുറം- പേടിക്കാട് പടി റോഡ് പുനരുദ്ധാരണം (789/23, 785/24) | രാജീവ് പി.എസ്. | 8,69,952.00 | 1,740.00 |
| 11 | മാങ്കുളം പഞ്ചായത്ത് താളുംകണ്ടം വേലിയാംപാറ റോഡ് പുനരുദ്ധാരണം (1088/23, 534/24) | ജോസ് വർഗീസ് മാത്യൂ | 25,38,324.00 | 5,077.00 |
| 12 | മൂന്നാർ ഗ്രാമ പഞ്ചായത്ത് കോളനി റോഡ് പുനരുദ്ധാരണം (968/22, 393/23, 859/24) | ഹൈറേഞ്ച് ലേബർ കോൺട്രാക്ട് സൊസൈറ്റി | 17,74,777.00 | 3,550.00 |

| | | | | |
|---|---|---|---|---|
| 13 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2023-24- ശാന്തൻപാറ ജിപി- ശാന്തൻപാറ ജിഎച്ച്എസ് റിപ്പയർ വർക്സ് (376/24) | ജയകുമാർ | 10,65,743.00 | 2,131.00 |
| 14 | 2022-23 - മൂന്നാർ പഞ്ചായത്ത് ചട്ടമൂന്നാർ ടോപ്പ് റോഡ് (864/23, 656/24) | ബിജു കെ.പി. | 13,94,483.00 | 2,789.00 |
| 15 | 2022-23 ഉപ്പുതറ ഗ്രാമ പഞ്ചായത്ത് മെമ്പർകവല കൊല്ലത്തിക്കാവ് നടപ്പാത കോൺക്രീറ്റിംഗ് (582/23, 565/24) | ബിനു എം. ജെ. | 7,32,327.00 | 1,465.00 |
| 16 | 2022-23 ഉപ്പുതറ ഗ്രാമ പഞ്ചായത്ത് പുതുപറമ്പിൽപ്പടി ബാലവാടിപ്പടി വരെ നടപ്പാത (583/23, 566/24) | ബിനു എം. ജെ. | 7,32,330.00 | 1,465.00 |
| 17 | DP Works 2022-2023- ഉപ്പുതറ ഗ്രാമ പഞ്ചായത്ത് കുമാരികുളം കരിശ്ശുപള്ളിപ്പടി കുടിവെള്ള പദ്ധതി (78/23, 615/24) | ബിനു എം. ജെ. | 6,68,018.00 | 1,336.00 |
| 18 | ഇടുക്കി ജില്ലാ പഞ്ചായത്ത്- രാജകുമാരി ഗ്രാമ പഞ്ചായത്ത് ടോയ്‌ലെറ്റ് നിർമ്മാണം രാജകുമാരി പി എച്ച് സി (64/23, 670/24) | ജയകുമാർ വി.വി. | 16,58,648.00 | 3,317.00 |
| 19 | ഇടുക്കി ജില്ലാ പഞ്ചായത്ത് - 2022-23 കരുണാപുരം ജി പി വാർഡ് 17 ഈറ്റക്കാനം കുടിവെള്ള പദ്ധതി മോട്ടോർ, വൈദ്യുത കണക്ഷൻ (885/23, 773/24) | ഷാജി കെ.റ്റി. | 1,27,211.00 | 254.00 |
| 20 | ഇടുക്കി ജില്ലാ പഞ്ചായത്ത് 2023-24 സേനാപതി പഞ്ചായത്ത് തലയങ്കാവ് കുടിവെള്ള പദ്ധതി (342/24) | ബാലമൂർത്തി | 8,58,836.00 | 1,718.00 |
| 21 | ഇടുക്കി ജില്ലാ പഞ്ചായത്ത് - വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് വാർഡ് 11 ഹിലാഷ് റോഡ് കോൺക്രീറ്റിംഗ് ടാറിംഗ് (505/23, 590/24) | സണ്ണി പി.ജെ. | 17,22,435.00 | 3,445.00 |
| 22 | 2022-23 പെരുവന്താനം പഞ്ചായത്ത് ആനചാരി - ഏകകയം റോഡിൽ ആനചാരി പാലത്തിന് സമീപം സംരക്ഷണ ഭിത്തി (1039/23, 607/24) | അബ്ദുൾ കലാം | 17,20,363.00 | 3441.00 |
| 23 | 2022-2023 ഇടുക്കി ജില്ലാ പഞ്ചായത്ത് -പെരുവന്താനം പഞ്ചായത്ത് ചുഴിപ്പ് - മുച്ചാംകുഴി | ബന്നി മാത്യു | 7,07,310.00 | 1415.00 |

മുൻവശത്തെ മുറിയ്ക്ക് ഷട്ടർ സ്ഥാപിക്കാത്തതിനാൽ തുറന്ന കിടക്കുകയാണ്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാപഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല.

|  |  |  |
|---|---|---|
| കുവക്കണ്ടം എസ്.റ്റി. ലൈബ്രറി കെട്ടിടം | ലൈബ്രറിയുടെ ഉൾവശം | കെട്ടിടത്തിന്റെ മുൻവശം തുറന്ന നിലയിൽ |

**29. വണ്ണപ്പുറം പഞ്ചായത്ത് – വെള്ളക്കയം യുവജന ക്ഷേമകേന്ദ്രം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | വണ്ണപ്പുറം പഞ്ചായത്ത് - വെള്ളക്കയം യുവജനക്ഷേമകേന്ദ്രം നിർമ്മാണം (1168/17, 886/18, 807/19) | വണ്ണപ്പുറം പഞ്ചായത്ത് വെള്ളക്കയം യുവജന ക്ഷേമകേന്ദ്രം പൂർത്തീകരണം (1258/19, 1109/20, 791/21, 582/22) |
| അടങ്കൽ | ₹10,00,000/- (വികസനഫണ്ട്-പട്ടികവർഗ്ഗവിഭാഗം) | ₹10,00,000/- (വികസനഫണ്ട്-പട്ടികവർഗ്ഗവിഭാഗം) |
| ചെലവ് | ₹8,48,268/- (2018-19) | ₹7,24,305/-(2020-21), ₹84,833/- (2021-22). ആകെ -₹8,09,138/- |

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ വെള്ളക്കയം എന്ന സ്ഥലത്ത് ₹10 ലക്ഷം വകയിരുത്തി 2016-17ൽ ആവിഷ്കരിച്ച കെട്ടിടത്തിന്റെ പണി പാതിവഴിയിൽ നിർത്തി. തുടർന്ന് യുവജനക്ഷേമ കേന്ദ്ര നിർമ്മാണം പൂർത്തീകരിക്കുന്നതിന് 2018-19 ൽ പുതിയൊരു പ്രോജക്ട് ഏറ്റെടുത്ത് കെട്ടിട നിർമ്മാണം 2021-22ൽ പൂർത്തീകരിച്ചു. പുഴയുടെ തീരത്തോട് ചേർന്ന് പുഴയുടെ അരികിൽ നിന്നും കൽക്കെട്ട് കെട്ടി അതിനുമുകളിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. മഴക്കാലത്ത് ശക്തമായ വെള്ളം ഒഴുകുന്ന പുഴയുടെ തൊട്ടരികിൽ നിർമ്മാണം നടത്തിയിട്ടുള്ളത് മൂലം കെട്ടിടത്തിന് ബലക്ഷയം വരുന്നതിന് കാരണമകും. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയതല്ലാതെ യാതൊരു പ്രവർത്തനങ്ങളും തുടർന്ന് നടന്നിട്ടില്ല. യുവജനക്ഷേമ കേന്ദ്രവും പരിസരങ്ങളും സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിട്ടുള്ളതിനാൽ "സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ പാടില്ല" എന്ന് കാളിയാർ പോലീസ് കെട്ടിടത്തിൽ നോട്ടീസ് പതിപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിൽ പ്ലംബിംഗ്, വയറിംഗ് എന്നിവ ചെയ്തിട്ടുണ്ടെങ്കിലും കറന്റ് കണക്ഷനും വെള്ളവും ലഭ്യമായിട്ടില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാപഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല. കെട്ടിടത്തിന്റെ പരിപാലനം സംബന്ധിച്ച് വ്യക്തതയില്ല.

|  |  |  |
|---|---|---|
| വെള്ളക്കയം യുവജനക്ഷേമകേന്ദ്രം | വെള്ളക്കയം യുവജനക്ഷേമകേന്ദ്രം | കാളിയാർ പോലീസ് പതിപ്പിച്ചിട്ടുള്ള നോട്ടീസ് |

**30. വണ്ണപ്പുറം പഞ്ചായത്ത് – വെള്ളെള്ള് യുവജനക്ഷേമ കേന്ദ്രം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | വെള്ളെള്ള് യുവജനക്ഷേമകേന്ദ്രം (1225/16, 699/17, 806/18) | വണ്ണപ്പുറം പഞ്ചായത്ത് വെള്ളെള്ള് യുവജനക്ഷേമകേന്ദ്രം പൂർത്തീകരണം (1334/19, 1110/20, 692/21) |
| അടങ്കൽ | ₹10,00,000/- (വികസനഫണ്ട്-പട്ടികവർഗ്ഗവിഭാഗം) | ₹10,00,000/- (വികസനഫണ്ട്-പട്ടികവർഗ്ഗവിഭാഗം) |
| ചെലവ് | ₹9,59,970/- (2017-18) | ₹8,65,504/- (2020-21) |

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ വെള്ളെള്ള് ജംഗ്ഷനിൽ അഡ്വ കെ.ഫ്രാൻസിസ് ജോർജ്ജ് എം.പി.യുടെ പ്രാദേശികവികസന ഫണ്ട് ഉപയോഗിച്ച് 2004-05 ൽ നിർമ്മിച്ച ലൈബ്രറി കെട്ടിടത്തിന്റെ മുകളിലാണ് 10 ലക്ഷം രൂപ വകയിരുത്തി 2015-16ൽ നിർമ്മിച്ച വെള്ളെള്ള് യുവജനക്ഷേമ കേന്ദ്രം . ₹9,59,970/- ചെലവഴിച്ച് കെട്ടിട നിർമ്മാണം 2017-18ൽ പൂർത്തീകരിച്ചു. തുടർന്ന് വണ്ണപ്പുറം പഞ്ചായത്ത് വെള്ളെള്ള് യുവജനക്ഷേമകേന്ദ്രം പൂർത്തീകരണം എന്ന പേരിൽ 2018-19ൽ പുതിയൊരു പ്രോജക്ട് ഏറ്റെടുത്ത് യുവജനക്ഷേമ കേന്ദ്രത്തിന്റെ മുകളിൽ ₹8,65,504/- ചെലവഴിച്ച് ഒരു ഹാൾ കൂടി നിർമ്മിച്ചു. കെട്ടിടത്തിൽ പ്ലംബിംഗ് ചെയ്തിട്ടുണ്ടെങ്കിലും വെള്ളമില്ല. കൂടാതെ വയറിംഗ് നടത്തിയിട്ടില്ലാത്തിനാൽ കറന്റും ഇല്ല. യുവജനക്ഷേമ കേന്ദ്രത്തിന്റെ ഒരു നില ലൈബ്രറിയായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ, മുകൾനിലയിൽ നിർമ്മിച്ചിട്ടുള്ള ഹാൾ ഉപയോഗരഹിതമായി കിടക്കുകയാണ്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും കെട്ടിടത്തിന്റെ പരിപാലനം സംബന്ധിച്ചും വ്യക്തതയില്ല.

| | | |
|---|---|---|
|  |  |  |
| വെള്ളെള്ള് യുവജനക്ഷേമ കേന്ദ്രം | ഒരു നില ലൈബ്രറിയായി ഉപയോഗിക്കുന്നു. | മുകൾ നിലയിലെ ഹാൾ |

**<u>31. അടിമാലി ഗ്രാമപഞ്ചായത്ത്-പതിനാലാം മൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റിഹാൾ</u>**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | അടിമാലി പഞ്ചായത്ത് 14-ാം മൈൽ ലക്ഷം വീട് കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (399/22, 310/23) | അടിമാലി പഞ്ചായത്ത് പതിനാലാം മൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം (46/24) |
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ-ബേസിക്ക് ഗ്രാന്റ്) | ₹5,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹6,64,057/- (2021-22), ₹9,87,497/- (2022-23). ആകെ- ₹16,51,554/- | ₹4,67,556/- (2023-24) |

അടിമാലി ഗ്രാമപഞ്ചായത്തിന്റെ പതിനാലാം വാർഡ് നാല് സെന്റ് കോളനിയിലെ ജനങ്ങൾക്ക് വിവിധ യോഗങ്ങൾ, പരിപാടികൾ എന്നിവ നടത്തുന്നതിന് ഒരു കെട്ടിടം നിർമിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. കമ്മ്യൂണിറ്റി ഹാൾ, ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ₹16,51,554/- ചെലവഴിച്ച് രണ്ട് നിലകളിലായി കെട്ടിടം, ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് 2023-24ൽ ₹4,67,556/- ചെലവഴിച്ച് ടൈൽ പതിപ്പിക്കൽ, സ്റ്റെയർകേസ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. എന്നാൽ, കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കറന്റ് കണക്ഷനും

ലഭ്യമാക്കിയിട്ടില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാപഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല. കമ്മ്യൂണിറ്റി ഹാളിന്റെ പരിപാലനം സംബന്ധിച്ച് വ്യക്തതയില്ല.

|  |  |
|---|---|
| പതിനാലാം മൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റിഹാൾ | കമ്മ്യൂണിറ്റിഹാളിന്റെ ഉൾഭാഗം |

**32. കൊക്കയാർ ഗ്രാമപഞ്ചായത്ത്-നാരകംപുഴ എസ്.ടി കോളനി കമ്മ്യൂണിറ്റി ഹാൾ**

| | | | | |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | കൊക്കയാർ പഞ്ചായത്ത്-നാരകംപുഴ-എസ്.റ്റി.കോളനി കമ്യൂണിറ്റി സെൻറർ (1113/13) | കൊക്കയാർ പഞ്ചായത്ത്-നാരകംപുഴ-എസ്.റ്റി.കോളനി കമ്യൂണിറ്റി സെൻറർ (52/14, 38/15, 218/16, 108/17) | വാഗമൺ ഡിവിഷൻ കൊക്കയാർ പഞ്ചായത്ത് നാരകംപുഴ കമ്യൂണിറ്റി ഹാൾ പൂർത്തീകരണം (1372/18, 975/19, 1161/20, 1083/21) | 2022-2023 കൊക്കയാർ പഞ്ചായത്ത് നാരകപുഴ എസ് റ്റി കമ്യൂണിറ്റി ഹാൾ പൂർത്തീകരണം (975/23, 787/24, 376/25) |
| അടങ്കൽ | ₹8,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗ വിഭാഗം) | ₹14,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗ വിഭാഗം) | ₹13,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗ വിഭാഗം) | ₹10,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗ വിഭാഗം), ₹5,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് |
| ചെലവ് | ₹1,00,000/- (2012-13) | ₹10,86,574/- (2013-14) | ₹12,68,248/- (2019-20) | ₹5,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് (2023-24) |

കൊക്കയാർ ഗ്രാമപഞ്ചായത്തിലെ നാരകംപുഴ എസ്.ടി.കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് ₹8,00,000/- വകയിരുത്തി 2012-13 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്ടിൽ ₹1,00,000/- ചെലവഴിച്ച് നിർമ്മാണം നിർത്തി. തുടർന്ന് 14 ലക്ഷം രൂപ അടങ്കലിൽ പുതിയൊരു പ്രോജക്ട് 2013-14 വാർഷിക പദ്ധതിയിൽ ആവിഷ്കരിക്കുകയും ₹10,86,574/- ചെലവഴിച്ച് കെട്ടിടത്തിന്റെ നിർമ്മാണം ഭാഗികമായി നടത്തുകയും ചെയ്തു. എന്നാൽ, കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർ വർഷങ്ങളിൽ തുക വകയിരുത്തിയെങ്കിലും നിർമ്മാണം നടന്നില്ല. പിന്നീട് 13 ലക്ഷം അടങ്കലിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തീകരണം എന്ന പേരിൽ 2017-18 വാർഷിക പദ്ധതിയിൽ പുതിയൊരു പ്രോജക്ട് ഏറ്റെടുത്തു. ആദ്യം നിർമ്മിച്ച കെട്ടിടത്തിന്റെ മുകൾനിലയിലായി ₹12,68,248/- ചെലവഴിച്ച് ഒരു നിലകൂടി 2019-20 ൽ പണിതു. 2023-24 വാർഷിക പദ്ധതിയിൽ നാരകംപുഴ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം എന്ന പേരിൽ വീണ്ടുമൊരു പ്രോജക്ട് ഏറ്റെടുക്കുകയും ₹5,00,000/- ചെലവഴിച്ച് ട്രസ് വർക്കും പാനലിംഗും ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ, നിർമ്മാണം ആരംഭിച്ച് പത്ത് വർഷം കഴിഞ്ഞിട്ടും കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. നാളിതുവരെ ₹29,54,822/- കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിൽ വയറിംഗും പ്ലംബിംഗും നടത്തിയിട്ടുണ്ടെങ്കിലും വെള്ളവും വൈദ്യുതിയും ലഭ്യമായിട്ടില്ല. ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനിടയിൽ ചെറിയ അളവിലുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്നതിനാൽ താഴെയും മുകളിലുമായി പരമാവധി 54 M2

അളവുള്ള രണ്ട് മുറികൾ എന്നതിലുപരി കമ്മ്യൂണിറ്റി ഹാളിന്റേതായ യാതൊരു പ്രയോജനങ്ങളും സ്ഥലവാസികൾക്ക് ഈ കെട്ടിടം കൊണ്ട് ലഭിക്കില്ലായെന്ന് വ്യക്തമാണ്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാപഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല.





നാരകംപുഴ കമ്മ്യൂണിറ്റി ഹാൾ

**33. കുമളി ഗ്രാമപഞ്ചായത്ത് – മന്നാക്കുടി ട്രൈബൽ കോളനി കമ്മ്യൂണിറ്റി ഹാൾ**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | വണ്ടന്മേട് ഡിവിഷൻ - കുമിളി ജിപി. - കൺസ്ട്രക്ഷൻ ഓഫ് മന്നാക്കുടി ട്രൈബൽ കോളനി കമ്മ്യൂണിറ്റി ഹാൾ (171/18, 1423/19, 1160/20) | 2021-2022 കുമളി പഞ്ചായത്തിൽ 13-ാം വാർഡിൽ ട്രൈബൽ കമ്യൂണിറ്റി ഹാൾ (295/22) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗവിഭാഗം) | ₹10,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗവിഭാഗം) |
| ചെലവ് | ₹14,79,367/- | ₹6,91,517/- |

കുമളി ഗ്രാമപഞ്ചായത്തിലെ മന്നാക്കുടിയിൽ 15 ലക്ഷം അടങ്കലിൽ 2017-18ൽ ആവിഷ്കരിച്ച പ്രോജക്ടാണ് മന്നാക്കുടി ട്രൈബൽ കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം. ₹14,79,367/- ചെലവഴിച്ച് ഒരു ഹാൾ, ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മണം 2019-20ൽ പൂർത്തീകരിച്ചു. തുടർന്ന് 2021-22 വാർഷിക പദ്ധതിയിൽ ₹6,91,517/-ചെലവഴിച്ച് പെയിന്റിംഗ്, ടൈൽ പാകൽ, പ്ലംബിംഗ് എന്നിവ നടത്തി. പ്ളംബിംഗ് നടത്തിയെങ്കിലും ജലലഭ്യതയില്ല. കൂടാതെ, കറന്റ് കണക്ഷനും ലഭ്യമായിട്ടില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല.



മന്നാക്കുടി ട്രൈബൽ കോളനി കമ്മ്യൂണിറ്റി ഹാൾ

**34. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്-മഞ്ചുമല എൽ. ഡി. വനിതാ സാംസ്കാരിക നിലയം**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 2019-20 വണ്ടിപ്പെരിയാർ പഞ്ചായത്ത് മഞ്ചുമല എൽ. ഡി. വനിതാ സാംസ്കാരിക നിലയം ബഹുവർഷം (336/21) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ-ബേസിക്ക് ഗ്രാന്റ്) |
| ചെലവ് | ₹14,90,470/- |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ മഞ്ചുമലയിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിച്ചത്. 2020-21, 2021-22 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അഴുത ബ്ലോക്ക് പഞ്ചായത്ത് 22.50 ലക്ഷം ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ മുകൾ നിലയിൽ ഒരു ഹാൾ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ₹14,90,470/- ചെലവഴിച്ച് കെട്ടിടത്തിന്റെ മേൽക്കൂര വാർക്കുകയും ചെയ്തു. ഭിത്തികളുടെ നിർമ്മാണം പാതിവഴിയിൽ നിലച്ചു. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം തൊഴിലാളികൾ പാർക്കുന്ന ലയത്തിനു സമീപമായതിനാലും സ്ഥലം വേലികെട്ടി വേർതിരിക്കാത്തതിനാലും ലയത്തിലെ കുട്ടികൾ കളിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പാതിവഴിയിൽ നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഭാഗമാണ് ഉപയോഗിക്കുന്നത്. കെട്ടിടത്തിന്റെ വശങ്ങൾ തുറന്ന് കിടക്കുന്നതിനാൽ അപകടസാധ്യത കൂടുതലാണ്. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള താഴത്തെ നില ഉപയോഗപ്പെടുത്താതെ നാശോന്മുഖമായി കൊണ്ടിരിക്കുമ്പോഴാണ് ജില്ലാ പഞ്ചായത്ത് വീണ്ടും പദ്ധതി ആവിഷ്കരിച്ചത്. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും വ്യക്തതയില്ല.

| | | |
|---|---|---|
|  |  |  |
| മഞ്ചുമല എൽ. ഡി. വനിതാ സാംസ്കാരിക നിലയം | സാംസ്കാരിക നിലയത്തിന്റെ ഉൾവശം | |

**35. കോടിക്കുളം ഗ്രാമപഞ്ചായത്ത്-വെള്ളംചിറ എസ്. സി. കമ്മ്യൂണിറ്റിഹാൾ**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | കോടിക്കുളം പഞ്ചായത്ത് വെള്ളംചിറ എസ്. സി. കമ്മ്യൂണിറ്റിഹാൾ (545/21, 845/22, 132/23, 621/24) | കോടിക്കുളം പഞ്ചായത്ത് വെള്ളംചിറകോളനി കമ്മ്യൂണിറ്റി ഹാളിന് ചുറ്റുമതിൽ നിർമ്മാണം (901/22, 363/23, 418/24) |
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട്-പട്ടികജാതി വിഭാഗം) | ₹10,00,000/- (വികസന ഫണ്ട്-പട്ടികജാതി വിഭാഗം) |
| ചെലവ് | ₹9,66,114/- (2020-21), ₹6,25,119/- (2022-23), ₹42,383/- (2023-24). ആകെ - ₹16,33,616/- | ₹6,16,381/- (2021-22), ₹1,26,879/- (2022-23). ആകെ - ₹7,43,260/- |

കോടിക്കുളം ഗ്രാമപഞ്ചായത്തിലെ വെള്ളംചിറയിൽ എസ്.സി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഉപയോഗിക്കുന്നതിന് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുന്നതിന് പട്ടികജാതി ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഒരു ഹാളും ടോയ്‌ലെറ്റുകളും ഉൾപ്പെടുന്ന കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു. എന്നാൽ, സമീപവാസികളായ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ കെട്ടിടം ഉപയോഗിക്കുന്നില്ല. കമ്മ്യൂണിറ്റി ഹാൾ ഉപയോഗിക്കാത്തതിനാൽ കെട്ടിടത്തിന്റെ ഉൾഭാഗം പൊടിപടലങ്ങൾ പിടിച്ച് കിടക്കുകയാണ്. ടോയ്‌ലെറ്റുകളുടെ വാതിലുകൾ തുറന്ന നിലയിലും ഉൾവശം വൃത്തിഹീനമായും കിടക്കുന്നു. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല.



വെള്ളംചിറ എസ്. സി. കമ്യൂണിറ്റിഹാൾ

**36. കോടിക്കുളം ഗ്രാമപഞ്ചായത്ത്-വെള്ളംചിറ എസ്സി കോളനി വനിത സാംസ്കാരിക നിലയം**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | DP Works 2022-2023 -കോടിക്കുളം പഞ്ചായത്ത് - വെള്ളംചിറ എസ്സി കോളനി വനിത സാംസ്കാരിക നിലയം (666/23, 814/24, 634/25) |
| അടങ്കൽ | ₹30,00,000/- (വികസന ഫണ്ട്-പട്ടികജാതി വിഭാഗം) |
| ചെലവ് | ₹7,19,019/- (2022-23), ₹12,18,346/- (2023-24). ആകെ - ₹19,37,365/- |

കോടിക്കുളം ഗ്രാമപഞ്ചായത്തിലെ വെള്ളംചിറയിൽ നിർമ്മിച്ച എസ്.സി. കമ്മ്യൂണിറ്റി ഹാളിന്റെ മുകൾ നിലയിലാണ് വെള്ളംചിറ എസ്സി കോളനി വനിത സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് 2022-23ൽ വാർഷിക പദ്ധതിയിൽ പ്രോജക്ട് ആവിഷ്കരിച്ചത്. നാളിതുവരെ ₹19,37,365/- ചെലവഴിച്ച് ഒരു ഹാൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ, വനിതാ സാംസ്കാരിക നിലയം നിർമ്മിച്ചിട്ടുള്ളതല്ലാതെ യാതൊരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. ഹാളിന്റെ ഉൾവശം മുഴുവൻ പക്ഷികളുടെ വിസർജ്യം നിറഞ്ഞ് മലിനമായി കിടക്കുകയാണ്. ജില്ലാ പഞ്ചായത്ത് തന്നെ പണിത എസ്.സി കമ്മ്യൂണിറ്റി ഹാൾ നാശോന്മുഖമായി കിടക്കുന്ന അവസരത്തിലാണ് വീണ്ടും നിർമ്മാണം നടത്തിയിട്ടുള്ളത്.



വെള്ളംചിറ എസ്സി കോളനി വനിത സാംസ്കാരിക നിലയം



പക്ഷികളുടെ വിസർജ്യം വീണു കിടക്കുന്ന സാംസ്കാരിക നിലയത്തിന്റെ ഉൾവശം

**37. ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്-കുളപ്പാറ എസ്.സി. കോളനി കമ്മ്യൂണിറ്റി ഹാൾ**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഉടുമ്പന്നൂർ പഞ്ചായത്ത് – കുളപ്പാറ എസ് സി. കോളനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം<br>(1496/20, 1303/21) |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) |
| ചെലവ് | ₹4,33,785/- (2020-21) |

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ കുളപ്പാറയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഉപയോഗിക്കുന്നതിന് പട്ടികജാതി ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 കാലയളവിൽ നിർമ്മാണം ആരംഭിച്ച കമ്മ്യൂണിറ്റി ഹാളിന്റെ പണി പാതിവഴിയിൽ നിർത്തി. തുടർന്ന് 2015-16 വാർഷിക പദ്ധതിയിൽ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരിക്കുന്നതിന് മറ്റൊരു പ്രോജക്ട് ഏറ്റെടുത്തെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്താതെ പദ്ധതി ഉപേക്ഷിച്ചു. തുടർന്ന് 2019-20 വാർഷിക പദ്ധതിയിൽ പുതിയൊരു പ്രോജക്ട് ഏറ്റെടുക്കുകയും കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കമ്മൂണിറ്റി ഹാൾ എന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തതെങ്കിലും രണ്ട് മുറികളാണ് പണിതിട്ടുള്ളത്. കെട്ടിടം ഉപയോഗിക്കാത്തതിനാൽ ഉൾഭാഗം പൊടിപടലങ്ങൾ പിടിച്ച് കിടക്കുകയാണ്. കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ഇല്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല. കെട്ടിടം നിൽക്കുന്ന സ്ഥലം സംരക്ഷിക്കപെടുകയോ വേലികെട്ടി വേർതിരിക്കുകയോ ചെയ്തിട്ടില്ല.



കുളപ്പാറ എസ് സി. കോളനി കമ്മ്യൂണിറ്റി ഹാൾ

**38. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്-കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാൾ**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാൾ (576/16, 392/17) | 2022-23 വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത്-കോഴിപ്പിള്ളി കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം (547/23, 672/24, 663/25) |
| അടങ്കൽ | ₹17,00,000/- (വികസന ഫണ്ട്-പൊതു വിഭാഗം) | ₹10,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗ വിഭാഗം) |
| ചെലവ് | ₹16,34,200/- (2016-17) | ₹6,66,864/- (2023-24) |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ കോഴിപ്പള്ളിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് 2015-16-ൽ ആവിഷ്കരിച്ച പ്രോജക്ടിൽ ₹16,34,200/- ചെലവഴിച്ച് കമ്മ്യൂണിറ്റി ഹാളിന്റെ സ്ട്രക്ച്ചറൽ പ്രവർത്തികൾ പൂർത്തീകരിച്ചു. തുടർന്ന് 2022-23 വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പുതിയൊരു പ്രോജക്ട് ഏറ്റെടുക്കുകയും കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. നിലവിൽ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിനു കീഴിലുള്ള കോഴിപ്പള്ളി അങ്കണവാടി, ഈ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിക്കുന്നു. കെട്ടിടത്തിന്റെ പുറകു വശത്തെ മൺതിട്ട മഴക്കാലത്ത് ഇടിഞ്ഞ് മണ്ണ് കെട്ടിടത്തിന്റെ മുറ്റത്ത് പതിച്ചിരിക്കുകയാണ്. ഇടിഞ്ഞു വീണ ഭാഗം കെട്ടി സംരക്ഷിക്കാത്തത് കെട്ടിടത്തിന്റെ സുരക്ഷയ്ക്ക് അപകടമാണ്. കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ഇല്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല.



കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാൾ



കമ്മ്യൂണിറ്റി ഹാളിന്റെ ഉൾശം



കമ്മ്യൂണിറ്റി ഹാളിന്റെ പുറകുവശത്തെ മൺതിട്ട ഇടിഞ്ഞ

| | | |
|---|---|---|
| | | നിലയിൽ |

**39. ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്-പഴയരിക്കണ്ടം എസ്.റ്റി.കോളനി കമ്മ്യൂണിറ്റിഹാൾ**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | കഞ്ഞിക്കുഴി പഞ്ചായത്ത് - പഴയരിക്കണ്ടം എസ്.റ്റി.കോളനി കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം (895/14) | കഞ്ഞിക്കുഴി പഞ്ചായത്ത് - പഴയരിക്കണ്ടം എസ്.റ്റി.കോളനി കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം (611/15) |
| അടങ്കൽ | ₹8,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗ വിഭാഗം) | ₹7,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗ വിഭാഗം) |
| ചെലവ് | ₹8,00,000/- (2013-14) | ₹7,00,000/- (2014-15) |

ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പഴയരിക്കണ്ടം ജംഗ്ഷനു സമീപം പഴയരിക്കണ്ടം ക്ഷേത്രത്തിനു സമീപമായി ക്ഷേത്രം ദേവസ്വം വിട്ടു നൽകിയ ഭൂമിയിൽ 2010-11 കാലയളവിൽ നിർമ്മാണം ആരംഭിച്ച കമ്മ്യൂണിറ്റി ഹാളിന്റെ പണി 2013-14, 2014-15 വാർഷിക പദ്ധതികളിൽ രണ്ട് പ്രോജക്ടുകളിലായി 15 ലക്ഷം ചെലവഴിച്ച് പൂർത്തീകരിച്ചു. നിലവിൽ ഹാളിന്റെ ഒരു ഭാഗം ക്ഷേത്രം വക ഓഫീസും മറുഭാഗത്ത് പട്ടികവർഗ്ഗ വകുപ്പിന്റെ സാമൂഹ്യ പഠനമുറിയും പ്രവർത്തിക്കുന്നു. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല.



പഴയരിക്കണ്ടം എസ്.റ്റി.കോളനി കമ്മ്യൂണിറ്റിഹാൾ

**40. ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്-ആൽപ്പാറ സാംസ്കാരിക നിലയം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | 2017-18-മുള്ളിരിങ്ങാട് ഡിവിഷൻ- കഞ്ഞികുഴി ജി.പി- ആൽപ്പാറ സാംസ്കാരിക നിലയം (168/18, 242/19, 1018/20) | കഞ്ഞിക്കുഴി പഞ്ചായത്ത് ആൽപ്പാറ സാംസ്കാരിക നിലയം പൂർത്തീകരണം (574/21) |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) | ₹5,00,100/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹9,96,556/- (2019-20) | ₹487179/- (2020-21) |

ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ആൽപ്പാറയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് 2017-18 വാർഷിക പദ്ധതിയിൽ 10 ലക്ഷം അടങ്കലിൽ പ്രോജക്ട് ആവിഷ്കരിച്ചു. ₹9,96,556/- ചെലവഴിച്ച് ഇരുനില കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ പ്രവർത്തികൾ പൂർത്തീകരിച്ചു. തുടർന്ന് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് മറ്റൊരു പ്രോജക്ടിലൂടെ ₹4,87,179/- ചെലവഴിച്ച് 2020-21ൽ പെയിന്റിംഗ്, പ്ലംബിംഗ്, ടൈൽ പാകൽ എന്നിവ ചെയ്തു. എന്നാൽ കെട്ടിടം ഉപയോഗിക്കാതെ നിഷ്ക്രിയ ആസ്തിയായി കിടക്കുകയാണ്. നവോദയ പബ്ലിക്ക് ലൈബ്രറി എന്നൊരു ബോർഡ് കെട്ടിടത്തിനു മുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലൊരു ലൈബ്രറിയും പ്രവർത്തിക്കുന്നില്ലെന്ന് പ്രദേശവാസികൾ വ്യക്തമാക്കി. തീർത്തും വിജനമായ പ്രദേശത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. അതിനാൽത്തന്നെ കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത വിരളമാണ്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു

ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല.



ആൽപ്പാറ സാംസ്കാരിക നിലയം

**41. പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്- മന്നാക്കുടി കമ്യൂണിറ്റി ഹാൾ**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് – മന്നാക്കുടി കമ്മ്യൂണിറ്റി ഹാൾ (1051/22, 426/23) | ഇടുക്കി ജില്ല പഞ്ചായത്ത് 2023-24 പമ്പടുംപറ പഞ്ചായത്ത് മന്നാക്കുടി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണ്ണം (114/24) |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗവിഭാഗം) | ₹5,00,000/- (വികസന ഫണ്ട്-പട്ടികവർഗ്ഗവിഭാഗം) |
| ചെലവ് | ₹8,95,084/- (2022-23) | ₹3,61,262/- (2023-24) |

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ മന്നാക്കുടി പട്ടികവർഗ്ഗ കോളനിയിൽ നിലവിലുണ്ടായിരുന്ന കമ്മ്യൂണിറ്റി ഹാൾ ജീർണ്ണാവസ്ഥയിൽ ആയതിനാൽ പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിനാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിനു സൗകര്യം കുറവായതിനാൽ കുറച്ചു കൂടി വിസ്താരമുള്ള ഹാൾ നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം പരിഗണിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മിതിയ്ക്ക് 0.50 സെന്റ് സ്ഥലം കൂടി അധികം ആവശ്യമാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമീപ സ്ഥലത്തിന്റെ ഉടമ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകുന്നതിനു സമ്മതപത്രം നൽകിയിട്ടുണ്ട്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കിയിട്ടില്ല. അതിനാൽ, കെട്ടിടം പ്രയോജനരഹിതമായി കിടക്കുകയാണ്.



മന്നാക്കുടി കമ്മ്യൂണിറ്റി ഹാൾ

**42. കരുണാപുരം ഗ്രാമപഞ്ചായത്ത്- ചക്കക്കാനം എസ്.സി.കോളനിയിൽ സാംസ്കാരിക നിലയം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | കരുണാപുരം പഞ്ചായത്ത്- ചക്കക്കാനം എസ്.സി.കോളനിയിൽ സാംസ്കാരിക നിലയം (1149/15, 510/16, 359/17) | 2019-20 കരുണാപുരം പഞ്ചായത്ത് ചക്കക്കാനം എസ്. സി. കോളനി സാംസ്കാരിക നിലയം (ബഹു വർഷം) (656/20, 453/21, 819/22, 149/23) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) | ₹15,00,100/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) |
| ചെലവ് | ₹8,39,428/- (2014-15) | ₹9,73,926/- (2020-21), ₹4,72,300/- (2022-23). ആകെ - ₹14,46,226/- |

കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ നാലാം വാർഡിൽ ചക്കക്കാനത്ത് ജില്ലാ പഞ്ചായത്ത് 2014-15 വർഷം സ്ട്രക്ചറൽ പ്രവൃത്തികൾ നടത്തിയ സാംസ്കാരിക നിലയം പൂർത്തീകരിക്കുന്നതിന് 2019-20 ൽ 15 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച പ്രോജക്ടാണിത്. കെട്ടിടത്തിന്റെ സ്ട്രക്ചറൽ നിർമ്മാണം നടത്തി നാലു വർഷത്തിനു ശേഷം മാത്രമാണ് തുടർ പ്രവൃത്തികൾക്ക് പ്രോജക്ട് ഏറ്റെടുത്തത്. ഒൻപത് വർഷം പിന്നിടുമ്പോഴും കെട്ടിടത്തിൽ വൈദ്യുതി, വെള്ളം എന്നിവ ഉറപ്പാക്കി കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനു സാധിച്ചിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച കെട്ടിടം പക്ഷി-മൃഗാദികളുടെയും സാമൂഹ്യവിരുദ്ധരുടെയും താവളമായി മാറിയിരിക്കുകയാണ്. കെട്ടിടത്തിന്റെ വാതിലുകളുടെ താഴുകൾ തകർന്നതിനാൽ വാതിലുകൾ തുറന്ന് കിടക്കുന്ന നിലയിലുമാണ്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല.


ചക്കക്കാനം എസ്.സി.കോളനി സാംസ്കാരിക നിലയം


സാംസ്കാരിക നിലയത്തിന്റെ ഉൾവശം

**43. ഇരട്ടയാർ ഗ്രാമപഞ്ചായത്ത്- നത്തുകല്ല് പാറ കോളനി സാംസ്കാരിക നിലയം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഇരട്ടയാർ പഞ്ചായത്ത് എസ് സി വനിതാ കമ്മ്യൂണിറ്റി ഹാൾ, നത്തുകല്ല് (1342/15, 531/16) | ഇരട്ടയാർ പഞ്ചായത്ത് വാർഡ് 9 നത്തുകല്ല് പാറ കോളനി ജില്ലാ പഞ്ചായത്ത് കെട്ടിടം പുനരുദ്ധാരണം 880/23 |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) | ₹15,00,000/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) |
| ചെലവ് | 1,00,000/- (2014-15), ₹9,00,000/- (2015-16). ആകെ - ₹10,00,000/- | ₹8,98,923/- (2022-23) |

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ നത്തുകല്ല് പാറ കോളനിയിൽ ജില്ലാ പഞ്ചായത്ത് 2014-15ൽ നിർമ്മാണം ആരംഭിച്ച് സ്ട്രക്ച്ചറൽ പ്രവൃത്തി മാത്രം പൂർത്തീകരിച്ച ഇരുനില കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് 15 ലക്ഷം രൂപ അടങ്കലിൽ 2022-23 പ്രോജക്ട് ആവിഷ്കരിച്ചു.

കെട്ടിടത്തിൽ വെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആവശ്യത്തിനു വാതിലുകളും ജനാലകളും സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. കെട്ടിടത്തിന്റെ ഉപയോഗം എന്തിനെന്ന് പദ്ധതിയിൽ വ്യക്തമാക്കിയിട്ടില്ല. ഫലത്തിൽ ഒരു കെട്ടിട നിർമ്മാണം മാത്രമായി പദ്ധതി മാറിയിട്ടുണ്ട്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല.



കമ്മ്യൂണിറ്റി ഹാൾ, നത്തുകല്ല്

**44. വണ്ടൻമേട് ഗ്രാമപഞ്ചായത്ത്- വാഴവീട് എസ്.സി.യുവജനക്ഷേമ കേന്ദ്രം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | യൂത്ത് റിസോഴ്സ് സെൻറർ മോൾവാഴവീട് വണ്ടൻമേട് (1005/15) | വണ്ടൻമേട് പഞ്ചായത്ത് വാഴവീട് എസ്സ് സി യുവജനക്ഷേമകേന്ദ്രം പൂർത്തീകരണം (855/16, 508/17) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) | ₹5,00,000/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) |
| ചെലവ് | ₹14,86,939/- (2014-15) | ₹4,18,787/- (2016-17) |

വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ വാഴവീട് എസ്.സി. കോളനിയിൽ കോളനിയിലെ യുവജനങ്ങളുടെ ആവശ്യത്തിനായി ജില്ലാ പഞ്ചായത്ത് 2014-15ൽ നിർമ്മാണം ആരംഭിച്ച് രണ്ട് പ്രോജക്ടുകളിലായി ₹19,05,726/- ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കിയിട്ടില്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല. കെട്ടിടത്തിന്റെ പരിപാലനം സംബന്ധിച്ച് വ്യക്തതയില്ല.



വാഴവീട് എസ്സ് സി യുവജനക്ഷേമകേന്ദ്രം

**45. ഉപ്പുതറ ഗ്രാമപഞ്ചായത്ത് - കരിന്തരുവി കമ്മ്യൂണിറ്റി ഹാൾ**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഉപ്പുതറ പഞ്ചായത്ത്- കരിന്തരുവി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (594/15) | ഉപ്പുതറ പഞ്ചായത്ത്- കരിന്തരുവി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (618/16) |

| | | |
|---|---|---|
| | | |
| അടങ്കൽ | ₹32,00,000/- (വികസനഫണ്ട്-പൊതുവിഭാഗം) | ₹49,55,711/- (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹30,44,289/- (2014-15) | ₹49,39,946/- (2015-16) |

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ചപ്പാത്തിൽ 2014-15 സാമ്പത്തിക വർഷം 32 ലക്ഷം രൂപ അടങ്കലിൽ നിർമ്മാണം ആരംഭിച്ച പ്രോജക്ടാണ് കരിന്തരുവി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം. രണ്ട് പ്രോജക്ടുകളിൽ ₹79,84,235/- ചെലവഴിച്ച് കെട്ടിടത്തിന്റെ മൺവേലകൾ, ബേസ്മെന്റ്, കോളങ്ങൾ, മേൽക്കൂര എന്നിവയുടെ നിർമ്മാണം നടത്തിയതിനു ശേഷം പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. തുടർന്ന് പാതിവഴിയിൽ നിർത്തിയ കമ്മ്യൂണിറ്റി ഹാൾ കാർഷിക വിപണന കേന്ദ്രം എന്ന പേരിൽ പുതിയൊരു പ്രോജക്ടായി 2017-18ൽ ആവിഷ്കരിച്ചു.

**46. ഏലപ്പാറ ഗ്രാമപഞ്ചായത്ത് - ഹെലിബറിയ - 14 മുറി സാംസ്കാരിക നിലയം**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഏലപ്പാറ പഞ്ചായത്ത് ഹെലിബറിയ - 14 മുറി സാംസ്കാരിക നിലയം (178/20, 874/21,) |
| അടങ്കൽ | ₹16,86,500/- (വികസന ഫണ്ട്-പട്ടികജാതിവിഭാഗം) |
| ചെലവ് | ₹16,35,629/- (2020-21) |

ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഹെലിബറിയയിൽ ₹16,35,629/- ചെലവഴിച്ച് നിർമ്മിച്ച സാംസ്കാരിക നിലയം പ്രയോജനരഹിതമായി കിടക്കുകയാണ്. കെട്ടിടത്തിൽ വയറിംഗ്, പ്ലംബിംഗ് എന്നിവ ചെയ്തിട്ടുണ്ടെങ്കിലും കറന്റ് കണക്ഷൻ എടുക്കുന്നതിനും വെള്ളം എത്തിക്കുന്നതിനുമുള്ള തുടർ പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല. കെട്ടിടത്തിന്റെ പുറംഭിത്തി പായൽ പിടിച്ച് കിടക്കുകയും ഉൾവശം വൃത്തിഹീനമായി കിടക്കുകയുമാണ്. കെട്ടിത്തിന്റെ മുൻവശത്തെ തറയോടുചേർന്ന് മഴക്കാലത്ത് ശക്തമായി വെള്ളമൊഴുകുന്നത് തറയുടെ ബലക്ഷയത്തിന് കാരണമായിട്ടുണ്ട്. ടൈഫോർഡ് തെയില തോട്ടത്തിന്റെ സ്ഥലത്തോട് ചേർന്നാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല. സാംസ്കാരിക നിലയത്തിന്റെ പരിപാലനം സംബന്ധിച്ചും വ്യക്തതയില്ല.

| | | |
|---|---|---|
|  |  |  |
| ഹെലിബറിയ - 14 മുറി സാംസ്കാരിക നിലയം | തെയില തോട്ടത്തിനോട് ചേർന്നാണ് നിർമ്മിതി | സാംസ്കാരിക നിലയത്തിന്റെ ഉൾവശം |

**1-68-6 ശുചിമുറികൾ, മാലിന്യസംസ്കരണ സംവിധാനങ്ങൾ**

സ.ഉ.(കൈ)നം.362/2013/തസ്വഭവ തിയതി.16.11.2013 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗരേഖയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (അനുബന്ധം 1, ഖണ്ഡിക 12). സ.ഉ.(കൈ)നം.72/2017/തസ്വഭവ

തിയതി.27.03.2017 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ ആവശ്യത്തിന് വെള്ളവും വെളിച്ചവും ലഭ്യമാക്കി യഥാസമയം കഴുകി വൃത്തിയാക്കുന്ന സംവിധാനത്തോടെ പൊതു ടോയ്‌ലെറ്റുകൾ സ്ഥാപിക്കാമെന്നും (ഖണ്ഡിക 12.12.5(1)) മാലിന്യ സംസ്കരണ പ്ലാന്റുകൾ മുതലായ സംയുക്ത പ്രോജക്ടുകളിൽ വിഭവപങ്കാളിത്തം വഹിക്കാമെന്നും (ഖണ്ഡിക 12.12.5(3)) വ്യക്തമാക്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും സമാന വ്യവസ്ഥകളുണ്ട്. ജില്ലാ പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള പൊതു ടോയ്‌ലെറ്റുകളും മാലിന്യ സംസ്കരണ സംവിധാനങ്ങളും തുടർനടത്തിപ്പിന്റെ അഭാവം മൂലം നിഷ്ക്രീയ ആസ്തികളായി മാറിയിരിക്കുന്ന സാഹചര്യമാണുള്ളത്. ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമറുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. 2012-13 വാർഷിക പദ്ധതി മുതൽ ആവിഷ്കരിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ കൊടുക്കുന്നു.

**1. ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് - ചുരുളി പബ്ലിക് ടോയ്‌ലെറ്റ്**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുള്ളരിങ്ങാട് ഡിവിഷൻ - കഞ്ഞികുഴി ജി.പി - ചുരുളി ടോയ്‌ലെറ്റ് നിർമ്മാണം (1255/18, 940/19, 1095/20,765/21) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹13,22,477/- (2020-21) |

2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് ചുരുളി ടോയ്‌ലറ്റ് നിർമ്മാണം. ചെറുതോണി-ചേലച്ചുവട് റോഡിൽ ചുരുളി ജംഗ്ഷനിൽ നിന്ന് 250 മീറ്ററോളം മാറി റോഡരികിലായി ടോയ്‌ലറ്റ് കോംപ്ലക്സ് പണി കഴിപ്പിച്ചു. പൂട്ടികിടക്കുന്ന ടോയ്‌ലറ്റ് കോംപ്ലക്സിന്റെ ജനൽ പാളികൾ മോഷ്ടിക്കപ്പെട്ട നിലയിലാണ്. തീർത്തും ഒറ്റപ്പെട്ട സ്ഥലത്ത് രണ്ട് വലിയ വളവുകൾക്കിടയിൽ നിർമ്മിച്ചിരിക്കുന്ന ടോയ്‌ലറ്റ് കോംപ്ലക്സിനു മുന്നിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനു പോലും സാധിക്കില്ല. വള്ളിപ്പടർപ്പുകളും കാടും കയറി ടോയ്‌ലെറ്റ് നാശാവസ്ഥയിലാണ്. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം ജില്ലാ പഞ്ചായത്തിന് പേരിൽ ആധാരം ചെയ്ത് നൽകിയിട്ടില്ല. ടോയ്‌ലെറ്റിന്റെ പരിപാലനം സംബന്ധിച്ചും വ്യക്തതയില്ല.


ചുരുളി പബ്ലിക്ക് ടോയ്‌ലെറ്റ്


ടോയ്‌ലെറ്റ് കാട് മൂടപ്പെട്ട നിലയിൽ



**2. കരിങ്കുന്നം ഗ്രാമപഞ്ചായത്ത് - മെറ്റീരിയൽ റിക്കവറി സെന്റർ ശാസ്താംപാറ**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 13 - കരിങ്കുന്നം പഞ്ചായത്ത് മെറ്റീരിയൽ റിക്കവറി സെന്റർ ശാസ്താംപാറ (616/18, 558/19, 985/20) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹14,27,174/- (2019-20) |

കരിങ്കുന്നം ഗ്രാപഞ്ചായത്തിലെ ശാസ്താംപാറ എന്ന സ്ഥലത്ത് 2017-18 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച് 2019-20ൽ നിർമ്മാണം പൂർത്തീകരിച്ച ശാസ്താംപാറ മെറ്റീരിയൽ റിക്കവറി സെന്റർ മാലിന്യ നിക്ഷേപ കേന്ദ്രമായി മാറിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ, കുപ്പിച്ചില്ലുകൾ, മറ്റ് മാലിന്യങ്ങൾ എന്നിവ കെട്ടിടത്തിനുള്ളിലും കെട്ടിടത്തിനു ചുറ്റുമായി

കുന്നുകൂട്ടിയിട്ടിരിക്കുകയാണ്. മെറ്റീരിയൽ റിക്കവറി സെന്ററിന്റെ ചുറ്റും ധാരാളം ആളുകൾ താമസിക്കുന്ന പ്രദേശമാണ്. റിക്കവറി സെന്ററിന്റെ വശങ്ങൾ വേലി കെട്ടി തിരിച്ചിട്ടില്ലാത്തതിനാൽ സമീപപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം വളരെ കൂടുതലാണ്. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം ജില്ലാ പഞ്ചായത്തിന് പേരിൽ ആധാരം ചെയ്ത് നൽകിയിട്ടില്ല. മെറ്റീരിയൽ റിക്കവറി സെന്റർ ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെയും രേഖകളില്ല.



മെറ്റീരിയൽ റിക്കവറി സെന്റർ ശാസ്താംപാറ



കെട്ടിത്തിനുള്ളിലെ മാലിന്യങ്ങൾ

**3. ചക്കുപള്ളം ഗ്രാമപഞ്ചായത്ത് – മെറ്റീരിയൽ റിക്കവറി സെന്റർ ചെല്ലാർകോവിൽ**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചക്കുപള്ളം പഞ്ചായത്ത് മെറ്റീരിയൽ റിക്കവറി സെന്റർ ചെല്ലാർകോവിൽ (554/18, 424/19) |
| അടങ്കൽ | ₹35,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹26,14,159/- (2018-19) |

ചക്കുപള്ളം ഗ്രാപഞ്ചായത്തിലെ ചെല്ലാർകോവിൽ എന്ന സ്ഥലത്ത് മിൽമ ജില്ലാ പഞ്ചായത്തിന് വിട്ടു നൽകിയ സ്ഥലത്താണ് 2017-18 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച് 2018-19ൽ നിർമ്മാണം പൂർത്തീകരിച്ച ചക്കുപള്ളം പഞ്ചായത്ത് മെറ്റീരിയൽ റിക്കവറി സെന്റർ. ₹26,14,159/- ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. ക്ഷീര വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി വിട്ടുനൽകിയ സ്ഥലത്താണ് മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മിച്ചത്. ഇപ്പോൾ കെട്ടിടവും പരിസരപ്രദേശങ്ങളും കാടുപടലങ്ങൾ പടർന്ന് വൃത്തിഹീനമായി കിടക്കുകയാണ്.



മെറ്റീരിയൽ റിക്കവറി സെന്റർ, ചെല്ലാർകോവിൽ



കെട്ടിടത്തിന്റെ പിൻവശം

**4. പുറപ്പുഴ ഗ്രാമപഞ്ചായത്ത്-വഴിത്തല ടൗൺ ടോയ്‌ലെറ്റ് കോംപ്ലക്സ്**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | കരിംകുന്നം ഡിവിഷൻ-പുറപ്പുഴ ഗ്രാമപഞ്ചായത്ത് -വഴിത്തല ടൌൺ ടോയ്‌ലെറ്റ് കോംപ്ലക്സ് (അമിനിറ്റി സെന്റർ) (444/18, 980/19, 1101/21) | 2019- 20 പുറപ്പുഴ പഞ്ചായത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് പൂർത്തീകരണം (735/20, 1277/21) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) | ₹3,43,028/-(വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹14,04,592/- (2019-20) | ₹3,43,028/- (2021-22) |

പുറപ്പുഴ ഗ്രാമപഞ്ചായത്തിലെ വഴിത്തലയിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ എതിർവശത്തായിട്ടാണ് രണ്ട് പ്രോജക്ടുകളിൽ ₹17,47,620/- ചെലവഴിച്ചാണ് ഇരുനില ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്. കോംപ്ലക്സിന്റെ താഴത്തെ നിലയിലെ ടോയ്‌ലെറ്റുകൾ ഉപയോഗിക്കുന്നുണ്ട്.

കൂടാതെ, ഒരു കടയും ടൊയ്‌ലെറ്റിനോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, മുകൾനിലയിലെ മൂന്ന് ടോയ്‌ലെറ്റുകൾ ഉപയോഗരഹിതമായി കിടക്കുകയാണ്. ഒരു ടോയ്‌ലെറ്റിൽ സ്ഥാപിച്ചിരുന്ന വാഷ്ബേസിൻ തകർന്ന് സെറ്റയർകേസിനു സമീപം കിടക്കുന്നു. ടോയ്‌ലെറ്റ് കോംപ്ലക്സ് പുറപ്പുഴ ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളില്ല.



ടൊയ്‌ലെറ്റ് കോംപ്ലക്സിലെ മുകൾ നിലയിലെ ശുചിമുറികൾ



തകർന്ന വാഷ്ബേസിൻ

**5. കുമളി ഗ്രാമപഞ്ചായത്ത്- വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഇടുക്കി ജില്ല പഞ്ചായത്ത് 17-18 വണ്ടൻമേട് ഡിവിഷൻ - കുമളി പഞ്ചായത്ത് - കംഫർട്ട് സ്റ്റേഷൻ - വെള്ളാരംകുന്ന് (1526/18, 887/19, 1019/20, 750/21) | കുമളി പഞ്ചായത്ത് വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം (1421/21, 740/22) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്- പൊതുവിഭാഗം) | ₹5,45,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ചെലവ് | ₹7,45,274/- (2019-20) ₹1,32,890/- (2020-21). ആകെ -₹8,78,164/- | ₹3,85,782/- (2021-22) |

കുമളി ഗ്രാമപഞ്ചായത്തിലെ വെള്ളാരംകുന്ന് ജംഗ്ഷനിൽ ടൗണിലെ വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കുന്നതിനായിട്ടാണ് 15 ലക്ഷം അടങ്കലിൽ 2017-18ൽ പ്രോജക്റ്റ് ആവിഷ്കരിച്ചത്. ₹8,78,164/- ചെലവഴിച്ച് 2020-21ൽ കെട്ടിടത്തിന്റെ നിർമ്മാണം പാതിവഴിയിൽ അവസാനിപ്പിച്ചു. തുടർന്ന് 2020-21 വാർഷിക പദ്ധതിയിൽ കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം എന്ന പേരിൽ പുതിയൊരു പ്രോജക്റ്റ് ഏറ്റെടുത്ത് ₹3,85,782/- ചെലവഴിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കി കംഫർട്ട് സ്റ്റേഷൻ ഉപയോഗപ്രദമാക്കുന്നതിന് യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ടോയ്‌ലെറ്റ് കോംപ്ലക്സിലേക്ക് പ്രവേശിക്കുന്നതിന് സാധിക്കാത്ത വിധം പരിസരം കാടുപടലങ്ങൾ നിറഞ്ഞിരിക്കുകയാണ്. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം ജില്ലാ പഞ്ചായത്തിന്റെ പേരിൽ ആധാരം ചെയ്തു നൽകിയിട്ടില്ല. ടോയ്‌ലെറ്റിന്റെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തതയില്ല.





| വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ | |
|---|---|

**6. കുമളി ഗ്രാമപഞ്ചായത്ത്- മാലിന്യ സംസ്കരണ പ്ലാന്റ്**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുമളി പഞ്ചായത്ത് മാലിന്യ പ്ലാൻറ് (ഫ്ലെഡ്)(ബഹുവർഷം) (508/21) |
| അടങ്കൽ | ₹43,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്) |
| ചെലവ് | ₹42,95,656/- |

കുമളി ഗ്രാമപഞ്ചായത്തിലെ മുരിക്കടിയിൽ ഗ്രാമപഞ്ചായത്തിന്റെ വക മാലിന്യ സംസ്കരണ പ്ലാന്റിൽ പുതിയൊരു പ്ലാന്റ് സ്ഥാപിക്കുന്നതിന് 43 ലക്ഷം അടങ്കലിൽ 2020-21ൽ പ്രോജക്ട് ഏറ്റെടുത്തു. ₹42,95,656/- ചെലവഴിച്ച് കെട്ടിടത്തിന്റെ നിർമ്മാണം ഭാഗികമായി നടത്തി. 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ അതിശക്തമായ മണ്ണൊലിപ്പുണ്ടായതിനെ തുടർന്ന് രൂപപ്പെട്ട അഗാധമായ കൊക്കയിലാണ് ബഹുനില കെട്ടിടത്തിനായി സ്റ്റക്ചറും താഴത്തെ നിലയുടെ റൂഫും ഭാഗികമായി നിർമ്മിച്ചത്. വളരെ ചെരിഞ്ഞ പ്രദേശത്ത് ഒരു കുന്നിന്റെ ചെരുവിലായി നിർമ്മിച്ചിട്ടുള്ള കെട്ടിത്തിലേയ്ക്ക് പ്രവേശിക്കുന്നത് വളരെ ക്ലേശകരമാണ്. കൂടാതെ, നിലവിലെ മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും എതിർ വശത്തായിട്ടാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. അതിനാൽത്തന്നെ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് സാധിക്കില്ല. 43 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടം കാട്ടുപടലങ്ങൾ പടർന്ന് ജീർണ്ണാവസ്ഥയിൽ ആയിരിക്കുകയാണ്. മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് വാഹനങ്ങൾ പ്രവേശിക്കുക അസാധ്യമാണ്. യാതൊരുവിധ പഠനമോ സാങ്കേതിക വിലയിരുത്തലോ നടത്താതെയാണ് കെട്ടിടം നിർമ്മിച്ചത്. ചെലവഴിച്ച തുക മുഴുവനും പാഴ്ചെലവായി മാറിയിരിക്കുകയാണ്.



കുമളി മാലിന്യ സംസ്കരണ പ്ലാന്റ്- കുഴിയിൽ നിർമ്മിച്ച പ്ലാന്റിലേക് എത്തിച്ചേരുന്നതിന് വഴിയില്ല



കുമളി മാലിന്യ സംസ്കരണ പ്ലാന്റ്

**7. മൂന്നാർ ഗ്രാമപഞ്ചായത്ത്-തലയാർ പഞ്ചായത്ത് ടോയ്‌ലെറ്റ് കോംപ്ളക്സ്**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൂന്നാർ പഞ്ചായത്ത് തലയാർ പഞ്ചായത്ത് ടോയ്‌ലറ്റ് കോംപ്ളക്സ് നിർമ്മാണം (691/15, 632/16, 415/17) |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹6,59,748/- (2014-15), ₹6,19,952/- (2015-16). ആകെ - ₹12,79,700/- |

മൂന്നാർ ഗ്രാമപഞ്ചായത്തിലെ തലയാർ ജംഗ്ഷനിൽ ജില്ലാ പഞ്ചായത്ത് 2002-03 കാലയളവിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് സമീപത്തായിട്ടാണ് ₹12,79,700/- ചെലവഴിച്ച് 2015-16 സാമ്പത്തിക വർഷം ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്. നിലവിൽ ടോയ്‌ലെറ്റുകൾ ഉപയോഗരഹിതമായി കിടക്കുകയാണ്. ടോയ്‌ലെറ്റുകളുടെ വാതിലുകൾ ഭാഗികമായി തകർന്ന അവസ്ഥയിലാണ്. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം ജില്ലാ പഞ്ചായത്തിന്റെ പേരിൽ ആധാരം ചെയ്ത് നൽകിയിട്ടില്ല. ടോയ്‌ലെറ്റുകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളില്ല.



തലയാർ ടൊയ്‌ലെറ്റ്

**8. ചക്കുപള്ളം ഗ്രാമപഞ്ചായത്ത്-ആറാംമൈൽ വെയ്റ്റിംഗ് ഷെഡിന് സമീപം ടോയ്‌ലെറ്റ്**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചക്കുപള്ളം പഞ്ചായത്ത് വാർഡ് 11 -ആറാംമൈൽ വെയ്റ്റിംഗ് ഷെഡിന് സമീപം ടോയ്‌ലെറ്റും അനുബന്ധ പ്രവൃത്തികളും (1119/22, 455/23) |
| അടങ്കൽ | ₹5,00,000/- (ധനകാര്യ കമ്മീഷൻ-ടൈഡ് ഗ്രാന്റ്) |
| ചെലവ് | ₹3,90,447/- (2022-23) |

ചക്കുപള്ളം പഞ്ചായത്ത് പതിനൊന്നാം വാർഡിൽ ആറാംമൈലിൽ ഗ്രാമപഞ്ചായത്ത് 13 വർഷം മുമ്പ് പണികഴിപ്പിച്ച രണ്ട് കടമുറികളിൽ ഉപയോഗിക്കാതെ കിടന്ന ഒരു കടമുറി പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ടോയ്‌ലെറ്റായി മാറ്റുന്നതിനാണ് 2021-22ൽ പ്രോജക്ട് ഏറ്റെടുത്തത്. പുരുഷന്മാർക്കായി ഒരു ടോയ്‌ലെറ്റ്, രണ്ട് യൂറിനൽ, സ്ത്രീകൾക്കായി ഒരു ടോയ്‌ലെറ്റ് എന്നിവ നിർമ്മിച്ചു. വാതിൽ തകർന്ന് ടോയ്‌ലെറ്റുകൾ നിലവിൽ വൃത്തിഹീനമായി കിടക്കുകയാണ്. നാളിതുവരെ പൊതുജനങ്ങൾ ടോയ്‌ലെറ്റ് ഉപയോഗിച്ചിട്ടില്ലെന്നും പ്രദേശത്ത് ഇത്തരത്തിലൊരു ടോയ്‌ലെറ്റിന്റെ ആവശ്യകതയില്ലെന്നും സമീപവാസികൾ സ്ഥലപരിശോധനാവേളയിൽ വ്യക്തമാക്കി. വ്യക്തമായ പഠനമോ ആവശ്യകതയോ നിർണ്ണയിക്കാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനു മുമ്പ് ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങുകയോ ടോയ്‌ലെറ്റിന്റെ പരിപാലനം സംബന്ധിച്ച് വ്യക്തത വരുത്തുകയോ ചെയ്തിട്ടില്ല.



ആറാം മൈൽ ടൊയ്‌ലെറ്റ്



പൂട്ടി കിടക്കുന്ന ടോയ്‌ലറ്റ്

**9. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്-ചെറുതോണി പൊതു ടൊയ്‌ലെറ്റ്**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഇടുക്കി ജില്ലാ പഞ്ചായത്ത്-വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് പൊതു കക്കൂസ് നിർമ്മാണം ചെറുതോണി ടൗൺ (46/23) |
| അടങ്കൽ | ₹10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്) |
| ചെലവ് | ₹7,98,263/- (2022-23) |

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ ചെറുതോണിയിൽ ജില്ലാപഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് നിർമ്മിക്കുന്ന ചെറുതോണി ബസ്സ്റ്റാന്റിന്റെ ഒരു വശത്ത് ഒരു കിണറിന് സമീപത്തായിട്ടാണ് ₹798263/- ചെലവഴിച്ച് 2022-23ൽ സാമ്പത്തിക വർഷം ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ,

ബസ്സ്റ്റാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകിരിച്ചിട്ടില്ലാത്തിനാൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സ് നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുകയാണ്. ടോയ്‌ലെറ്റും പരിസരവും കാട്ടുപിടിച്ച് കിടക്കുകയാണ്. സ്ഥലവും പരിസരവും സാമൂഹ്യവിരുദ്ധരുടെ താവളമായി മാറുന്നതിനും സാധ്യതയുണ്ട്. ടോയ്‌ലെറ്റ് കോംപ്ലക്സ് വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളില്ല.


ചെറുതോണി ടോയ്‌ലെറ്റ്


ടോയ്‌ലെറ്റിനു മുൻവശത്തെ കിണർ

**10. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്-ഇടുക്കി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ടോയ്‌ലറ്റ്**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഇടുക്കി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ടോയ്‌ലറ്റ് (1064/22, 432/23, 726/24) |
| അടങ്കൽ | ₹20,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്) |
| ചെലവ് | ₹10,33,901/-(2022-23), ₹2,42,691/- (2023-24). ആകെ - ₹12,76,592/- |

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഇടുക്കി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ മെഡിക്കൽ കോളേജിൽ വരുന്ന രോഗികൾക്കും സഹായികൾക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കുന്നതിനാണ് ₹12,76,592/- ചെലവഴിച്ച് 2023-24 സാമ്പത്തിക വർഷം ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്. 2024-25ൽ ടോയ്‌ലെറ്റ് കോംപ്ലക്സ് ലേലം വിളിച്ച് നൽകി. എന്നാൽ, സ്ത്രീകൾക്കായുള്ള ശുചിമുറികളിലെ ഫ്ലഷ് ടാങ്കുകളും ക്ലോസറ്റുകളും തകർന്നതിനാൽ അവ ഉപയോഗിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ്. കെട്ടിടത്തിൽ വയറിംഗ് നടത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. കൂടാതെ, ടൊയ്‌ലെറ്റ് കോംപ്ലക്സിലേക്ക് ആവശ്യമായ വെള്ളം മെഡിക്കൽ കോളേജിൽ നിന്നുമാണ് എടുക്കുന്നത്. മെഡിക്കൽ കോളേജിൽ ആവശ്യത്തിനുള്ള ടൊയ്‌ലെറ്റ് സൗകര്യങ്ങൾ ഉള്ള അവസരത്തിലാണ് ജില്ലാ പഞ്ചായത്ത് വീണ്ടും നിർമ്മാണം നടത്തിയത്. മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയുതിന്റെ രേഖകളും ഫയലിലില്ല.


മെഡിക്കൽ കോളേജ് ടൊയ്‌ലെറ്റ് കോംപ്ലക്സ്


സ്ത്രീകളുടെ ശുചിമുറികൾ പൂട്ടിയിട്ട നിലയിൽ

**11. സേനാപതി ഗ്രാമപഞ്ചായത്ത് – തലയങ്കാവ് കമ്മ്യൂണിറ്റി ടോയ്‌ലെറ്റ്**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | സേനാപതി പഞ്ചായത്ത് തലയൻകാവ് കമ്യൂണിറ്റി ടോയ്‌ലെറ്റ് (1113/15, 501/16) | സേനാപതി ഗ്രാമ പഞ്ചായത്ത് തലയൻകാവ് കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് പൂർത്തീകരണം (837/16, 498/17, 497/18, 689/19) |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) | ₹10,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹10,00,000/- (2015-16) | ₹8,17,875/- (2017-18) |

സേനാപതി ഗ്രാമപഞ്ചായത്തിലെ തലയൻകാവ് എന്ന പ്രദേശത്തെ ജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി രണ്ട് പ്രോജക്ടുകളിലായി ₹18,17,875/- ചെലവഴിച്ച് തലയൻകാവ് ജംഗ്ഷനിൽ

നിന്നും ഏകദേശം 250 മീറ്റർ ദൂരത്തായിട്ടാണ് ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഉപയോഗിക്കുന്നതിനായി 10 വീതം ടോയ്‌ലെറ്റുകളും വാഷ് ഏരിയായും ഉൾപ്പെടുത്തി 2017-18ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് ഉപയോഗരഹിതമായി നാശാവസ്ഥയിലാണ്. കെട്ടിടത്തിന്റെ ചുറ്റും ചെടികളും കുറ്റിക്കാടുകളും പടർന്ന് പ്രവേശനം അസാധ്യമാക്കിയിരിക്കുന്നു. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി തുറന്നു കൊടുത്തിട്ടില്ല. കെട്ടിടം നിർമ്മിച്ചിട്ടുള്ള സ്ഥലം ജില്ലാ പഞ്ചായത്തിന് പേരിൽ ആധാരം ചെയ്ത് നൽകിയിട്ടില്ല. ടൊയ്‌ലെറ്റിന്റെ പരിപാലനം സംബന്ധിച്ചും വ്യക്തതയില്ല.



തലയങ്കാവ് കമ്മ്യൂണിറ്റ് ടോയ്‌ലെറ്റ്



വിജനമായ പ്രദേശത്താണ് ടോയ്‌ലെറ്റ് നിർമ്മിച്ചത്



ടോയ്‌ലെറ്റിന്റെ ഉൾവശം



**12. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് – മുരിയ്ക്കാശ്ശേരി പബ്ലിക് ടോയ്‌ലെറ്റ്**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | മുരിയ്ക്കാശ്ശേരി ഡിവിഷൻ മുരിയ്ക്കാശ്ശേരി പബ്ലിക് ടോയ്‌ലറ്റ് (335/19, 950/20) | 2019-20 വാത്തിക്കുടി പഞ്ചായത്ത് മുരിയ്ക്കാശ്ശേരി പബ്ലിക് ടോയ്‌ലറ്റ് പൂർത്തീകരണം (ബഹു വർഷം) (378/20, 383/21) |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) | ₹10,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹6,16,288/- (2019-20) | ₹9,96,788/- (2020-21) |

വികസനഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പൊതുജനോപകാരപ്രദമായ രീതിയിൽ സാനിട്ടറി കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ, മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിനു വേണ്ടി സ്കൂൾ വക സ്ഥലത്ത് സ്കൂളിനായി ഒരു ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുകയായിരുന്നു. മുരിക്കാശ്ശേരി ജംഗ്ഷനിൽ നിന്നും ഒരു കിലോമീറ്റർ അകലെയായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത രീതിയിൽ പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ സ്കൂളിന്റെ ഭൂമിയിലാണ് നിർമ്മാണം നടത്തിയത്. ടോയ്‌ലെറ്റിന് ജലം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ പദ്ധതിയിൽ നടപ്പിലാക്കിയിട്ടുമില്ല.



മുരിക്കാശേരി പബ്ലിക്ക് ടോയ്‌ലെറ്റ്

## 1-68-7 മൈതാനങ്ങൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അഞ്ചാം പട്ടികയിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് ജില്ലാ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (അഞ്ചാം പട്ടിക ബി(XV) കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും).

സ.ഉ.(കൈ)നം.362/2013/തസ്വഭവ തിയതി.16.11.2013, സ.ഉ.(കൈ)നം.06/2016/തസ്വഭവ തിയതി. 11.01.2016 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗരേഖകളിൽ കായികവിനോദങ്ങൾക്കും പരിശീലനങ്ങൾക്കുമായി കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും തദ്ദേശസ്ഥാപനങ്ങൾക്ക് നിർമ്മിക്കാമെന്ന് നിർദേശിച്ചിട്ടുണ്ട് (അനുബന്ധം 1, ഖണ്ഡിക 16(l)).

സ.ഉ.(കൈ)നം.72/2017/തസ്വഭവ തിയതി.27.03.2017 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 12.14(2)ൽ കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതും അതിലേയ്ക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്ന ലക്ഷ്യം മുൻനിറുത്തി കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ (സ്ഥലം വാങ്ങൽ ഉൾപ്പടെ) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ.(കൈ)നം.11/2018/തസ്വഭവ തിയതി. 29.01.2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.10.(2)ൽ വ്യക്തമാക്കിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വിവിധ വാർഷിക പദ്ധതികളിലായി പണികഴിപ്പിച്ച കളിസ്ഥലങ്ങൾ അശാസ്ത്രീയമായ നിർമ്മാണം കാരണവും ശരിയായ പരിപാലനത്തിന്റെ അഭാവത്തിലും തുടർനടത്തിപ്പിന് പദ്ധതിയില്ലാത്തതിനാലും കായികതാരങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കാത്ത വിധമായിരിക്കുകയാണ്. 2012-13 വാർഷിക പദ്ധതി മുതൽ ആവിഷ്കരിച്ച് നിർമ്മാണം മൈതാനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ കൊടുക്കുന്നു.

**1. ഇടവെട്ടി ഗ്രാമപഞ്ചായത്ത് - ഇടവെട്ടിച്ചിറ വാട്ടർ സ്റ്റേഡിയം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഇടവെട്ടിച്ചിറ വാട്ടർ സ്റ്റേഡിയത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (968/14) | ഇടവെട്ടി വാട്ടർ സ്റ്റേഡിയത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം (1050/15) |
| അടങ്കൽ | ₹12,00,000/- (മെയി. ഗ്രാന്റ് - റോഡിതരം) | ₹3,00,000/- (വിക. ഫണ്ട് - ജനറൽ) |
| ചെലവ് | ₹12,00,000/- (2013-14) | ₹3,00,000/- (2014-15) |

ഇടവെട്ടി ഗ്രാമപഞ്ചായത്തിലെ ഇടവെട്ടിച്ചിറയിൽ വാട്ടർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിലുമായി ചേർന്ന് ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രോജക്ടിന്റെ ഭാഗമായി ഇടവെട്ടിച്ചിറയുടെ നടുവിലായി ഒരു കുളം കുത്തുകയും അതിനു ചുറ്റും കൽക്കെട്ട് നിർമ്മിക്കുകയുമാണ് ചെയ്തത്. ചിറയിലെ വെള്ളത്തിന്റെ അടിയിലാണ് കൽക്കെട്ട് കെട്ടിയിട്ടുള്ളത്. ദീർഘവീക്ഷണമോ സാങ്കേതികതയോ പരിഗണിക്കാതെ നടത്തിയ നിർമ്മാണം കാരണം ചിറയുടെ സ്വഭാവികത നഷ്ടപ്പെട്ടിരിക്കുകയാണ്. മേൽ നിർമ്മിതി കാരണം നീന്തൽ പരിശീലനത്തിനോ മറ്റ് മത്സരങ്ങൾക്കോ ചിറ ഉപയോഗിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണുള്ളത്. ജില്ലാ പഞ്ചായത്തും സ്പോർട്സ് കൗൺസിലും ചേർന്ന് നിർമ്മിച്ച വാട്ടർ സ്റ്റേഡിയത്തിലേക്ക് നീന്തി മാത്രമേ എത്തുന്നതിനു സാധിക്കൂ.





| | |
|---|---|
| ഇടവെട്ടി വാട്ടർ സ്റ്റേഡിയം | ചിറയ്ക്ക് നടവിലായി വെള്ളത്തിൽ കൽക്കെട്ട് നിർമ്മിച്ചിരിക്കുന്നു. |

**2. പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്ത് - കല്ലാർ സ്കൂൾ കളിസ്ഥലം**

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | പാമ്പട്ടുംപാറ പഞ്ചായത്ത് കല്ലാർ ഗവ ജി എച്ച് എസ് എസ് സ്കൂൾ ഓപ്പൺ സ്റ്റേഡിയം ട്രസ് (1067/16) | കല്ലാർ സ്കൂൾ കളിസ്ഥലം ഒരുക്കൽ (162/20) | പാമ്പാട്ടുംപാറ പഞ്ചായത്ത് കല്ലാർ സ്കൂൾ പ്ലേ ഗ്രൗണ്ട് ഉക നൽകൽ (891/22, 361/23) |
| അടങ്കൽ | ₹9,00,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) | ₹10,00,000/- (വികസന ഫണ്ട് - പൊതുവിഭാഗം) | ₹10,00,000/- (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ₹7,85,250/- (2015-16) | ₹9,45,000/- (2019-20) | ₹4,24,931/- (2021-22), ₹4,32,450/- (2022-23). ആകെ - ₹8,57,381/- |

പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തില കല്ലാർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ മൈതാനം ഒരുക്കുന്നതിനായി 9 ലക്ഷം രൂപ അടങ്കലിൽ 2015-16ൽ പ്രോജക്ട് ആവിഷ്കരിച്ചു. തുടർന്ന് 2019-20, 2021-22 വർഷങ്ങളിൽ രണ്ട് പ്രോജക്ടുകൾ കൂടി ഏറ്റെടുത്തു. മൂന്ന് പ്രോജക്ടുകളിലായി ₹25,87,631/- ചെലവഴിച്ച് നിർമ്മിച്ച ഗ്രൗണ്ട് വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കാത്തവിധം തകർന്നിരിക്കുകയാണ്. വെള്ളക്കെട്ടുള്ള സ്ഥലം ആയതിനാൽ മഴക്കാലത്ത് ഗ്രൗണ്ടിൽ വെള്ളം കെട്ടിനിൽക്കാതെ ഒഴുകിപ്പോകുന്നതിനായി ഗ്രൗണ്ടിന്റെ ഒരു വശത്തുകൂടി കോൺക്രീറ്റ് ഓട ആദ്യം നിർമ്മിച്ചതിനുശേഷം ഗ്രൗണ്ട് നിരപ്പാക്കുന്നതിനായി മണ്ണ് മാറ്റുന്ന പ്രവൃത്തി ഭാഗികമായി നടത്തി. വേണ്ടത്ര പഠനവും മുന്നൊരുക്കവും ഇല്ലാതെ നടപ്പാക്കിയ ഈ പ്രവൃത്തിമൂലം പ്രസ്തുത ഓട സ്ഥല നിരപ്പിൽ നിന്നും ഉയരത്തിലായി. തന്മൂലം ഗ്രൗണ്ടിലെ വെള്ളം യാതൊരു വിധത്തിലും ഓടയിലേയ്ക്ക് ഒഴുകില്ല. ലക്ഷങ്ങൾ ചെലവഴിച്ച് ഏകദേശം 300 മീറ്റർ നീളത്തിൽ നിർമ്മിച്ച കോൺക്രീറ്റ് ഓട കൊണ്ട് ഭൗതിക ലക്ഷ്യം നേടാനായില്ല. നിലവിൽ കളിസ്ഥലം വെള്ളം കെട്ടിനിന്ന് ചെളിക്കുണ്ടായതിനാൽ പ്രസ്തുത ഓട നിർമ്മാണം പാഴ്ചെലവായി മാറിയിരിക്കുകയാണ്. ഗ്രൗണ്ടിൽ ഒരടിയോളം ഉയരത്തിൽ പുല്ല് വളർന്ന് നിൽക്കുന്നത് ഇഴജന്തുക്കളുടെ സാന്നിധ്യം വർദ്ധിപ്പിക്കാനുള്ള സാധ്യതയുണ്ട്. അശാസ്ത്രീയ നിർമ്മാണം മൂലം ഗ്രൗണ്ടിൽ കളിക്കുന്ന വിദ്യാർത്ഥികൾക്ക് അപകടം ഉണ്ടാവാനുള്ള സാധ്യതയും കൂടുതലാണ്. ഏകദേശം രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്ന സ്കൂളിലെ ഗ്രൗണ്ടിന്റെ സ്ഥിതി പരമദയനീയമാണ്.



പുല്ല് വളർന്ന് നിൽക്കുന്ന മൈതാനം



നിർമ്മാണത്തിലെ അശാസ്ത്രീയത മൂലം ചെളിക്കുണ്ടായി മാറിയ ഗ്രൗണ്ട്

|  |  |
|---|---|
| ഗ്രൗണ്ടിൽ വളർന്ന പുല്ലുകൾ | കല്ലാർ സ്കൂൾ ഗ്രൗണ്ട് |

**3. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് – പൂണ്ടിക്കുളം ഇൻഡോർ സ്റ്റേഡിയം**

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | 2019-20 വണ്ടിപ്പെരിയാർ പഞ്ചായത്ത് പൂണ്ടിക്കുളം യുവജനവികസന ഇൻഡോർ സ്റ്റേഡിയം ബഹുവർഷം (220/20, 340/21) | വണ്ടിപെരിയാർ പഞ്ചായത്ത് പൂണ്ടിക്കുളം യുവജന വികസന ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം (1457/21) |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) | ₹15,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹9,36,462/- (2020-21) | ഇല്ല |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പൂണ്ടിക്കുളം എന്ന സ്ഥലത്ത് ഇൻഡോർ ബാഡ്മിന്റൺ സ്റ്റേഡിയം നിർമ്മിക്കുന്നതിനാണ് 2019-20 വർഷം പദ്ധതി ആവിഷ്കരിച്ചത്. ₹9,36,462/- ചെലവഴിച്ച് മൺപണികളും ടോയ്ലെറ്റ്, ഓഫീസ് എന്നിവയുടെ നിർമ്മാണവും ഭാഗികമായി ചെയ്തു. തുടർന്ന് 2020-21ൽ ₹15 ലക്ഷം അടങ്കലിൽ വണ്ടിപെരിയാർ പഞ്ചായത്ത് പൂണ്ടിക്കുളം യുവജന വികസന ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം എന്ന പേരിൽ മറ്റൊരു പ്രോജക്ട് ഏറ്റെടുത്തെങ്കിലും ഒരു പ്രവർത്തിയും ചെയ്തില്ല. സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് സ്റ്റേഡിയം നിർമ്മാണം നടത്തിയത്. സ്ഥലം ജില്ലാ പഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളില്ല. സ്റ്റേഡിയം നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചു. തീർത്തും വിജനമായ പ്രദേശത്ത് സ്വകാര്യ വ്യക്തികളുടെ കൃഷിസ്ഥലങ്ങളോട് ചേർന്നാണ് സ്റ്റേഡിയം നിർമ്മാണം നടത്തിയത്. കൂടാതെ, സ്വകാര്യനിരത്തിലൂടെ മാത്രമേ സ്റ്റേഡിയത്തിലേക്ക് പ്രവേശനം സാധിക്കൂ.

|  |  |
|---|---|
| പാതിവഴിയിൽ നിർമ്മാണം നിലച്ച പൂണ്ടിക്കുളം സ്റ്റേഡിയം | സ്റ്റേഡിയത്തിനു ചുറ്റും സ്വകാര്യ വ്യക്തികളുടെ സ്ഥലം. |

**4. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് – വാളർഡി മാരിയമ്മൻ അമ്പലത്തിനു സമീപം പൊതുവേദിനിർമ്മാണം**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 2019-20 വണ്ടിപ്പെരിയാർ പഞ്ചായത്ത് വാളർഡി മാരിയമ്മൻ ടെമ്പിളിന് സമീപം പൊതുവേദി നിർമ്മാണം ബഹുവർഷം (226/20, 342/21) |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹8,31,741/- (2020-21) |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ വാളർഡി മാരിയമ്മൻ കോവിലിനു സമീപം പൊതുവേദി നിർമ്മിക്കുന്നതിനാണ് 2019-20-ൽ പദ്ധതി ആവിഷ്കരിച്ചത്. ₹8,31,741/- ചെലവഴിച്ച് പൊതുവേദിയുടെ സ്ട്രക്ചറൽ പ്രവർത്തികൾ മാത്രം ചെയ്ത് നിർമ്മാണം അവസാനിപ്പിച്ചു. നിലവിൽ എട്ട് തൂണുകളിലായി ഒരു കോൺക്രീറ്റ് സ്ട്രക്ചർ മാത്രമായി പരിണമിച്ചിരിക്കുന്ന പൊതുവേദി മൃഗങ്ങളുടെ വിഹാരകേന്ദ്രമായി മാറിയിരിക്കുന്നു. പൊതുവേദിയിലേയ്ക്ക് പ്രവേശിക്കുന്നതിനു സാധിക്കാത്ത വിധത്തിൽ ചുറ്റും കാട് പടർന്ന് കിടക്കുകയാണ്. പൊതുവേദി നിർമ്മാണം നടത്തിയത് തെയില തോട്ടത്തിന്റെ ഭാഗമായ

സ്ഥലത്തായതിനാൽ തോട്ടമുടമകൾ നിർമ്മാണം തടയുകയും പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. സ്ഥലം ജില്ലാ പഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളില്ല.



തോട്ടഭൂമിയിൽ നിർമ്മാണം ആരംഭിച്ച് പാതിവഴിയിൽ നിലച്ച പൊതുവേദി



പൊതുവേദിയുടെ തറയിൽ ചാണകം ഉണക്കാനിട്ടിരിക്കുന്നു.

**5. വാഴത്തോപ്പ് പഞ്ചായത്ത് – വാഴത്തോപ്പ് വനിതാ റിക്രിയേഷൻ സെൻറർ**

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | വാഴത്തോപ്പ് വനിതാ റിക്രിയേഷൻ സെൻറർ (ബഹുവർഷം) (337/21) | വാഴത്തോപ്പ് പഞ്ചായത്ത് വനിത റിക്രിയേഷൻ സെൻറർ മെയിൻറനൻസ് (1472/21, 760/22) | ഇടുക്കി ജില്ലാ പഞ്ചായത്ത് 2022-23- വാഴത്തോപ്പ് പഞ്ചായത്ത് വാഴത്തോപ്പ് വനിത റിക്രിയേഷൻ ക്ലബിനോടനുബന്ധിച്ച് ടോയ്‌ലറ്റ് (834/23, 544/24) |
| അടങ്കൽ | ₹25,00,000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹4,00,000/- (വികസനഫണ്ട്- പൊതുവിഭാഗം), ₹1,00,000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്). ആകെ- ₹5,00,000/- | ₹5,39,142/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹24,09,596/- (2020-21) | ₹356710/-(വികസനഫണ്ട്- പൊതുവിഭാഗം), ₹100000/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ- ₹456710/- (2021-22) | ₹4,49,080/- (2023-24) |

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ വാഴത്തോപ്പ്-മണിയാറൻകുടി റോഡിന്റെ ഇടതുവശത്തായി 2021-22ൽ വനിതകൾക്ക് കായികപരിശീലനം നടത്തുന്നതിനും വിനോദത്തിനുമായി ₹24,09,596/- ചെലവഴിച്ച് ടെന്നീസ് കോർട്ടും അനുബന്ധ മുറികളും നിർമ്മിച്ചു. തുടർന്ന് ക്ലബിന്റെ അറ്റകുറ്റപ്പണികൾക്കായി 2021-22ൽ ₹4,56,710/- ചെലവഴിച്ചു. 2023-24ൽ ₹4,49,080/- ചെലവഴിച്ച് ക്ലബിന്റെ സെല്ലാർ നിലയിൽ ടൊയ്‌ലെറ്റും നിർമ്മിച്ചിട്ടുണ്ട്. നിലവിൽ ക്ലബിലേക്ക് പ്രവേശിക്കുന്നതിനുപോലും സാധിക്കാത്ത വിധത്തിൽ കാട്ടുപടലങ്ങൾ വളർന്നിരിക്കുകയാണ്. റോഡിൽ നിന്നും ഏകദേശം 20 മീറ്റർ ദൂരെയായി സ്ഥിതി ചെയ്യുന്ന ക്ലബിലേയ്ക്ക് പ്രവേശന മാർഗ്ഗമില്ലാത്തതിനാൽ തൊട്ടരികിലുള്ള സ്വകാര്യവ്യക്തിയുടെ ഭൂമിയിലൂടെ വേണം ക്ലബിനടുത്ത് എത്തിച്ചേരുവാൻ. ഉദ്ഘാടനം ചെയ്തതല്ലാതെ പിന്നീട് ക്ലബ് തുറന്ന് പ്രവർത്തിച്ചിട്ടില്ല. 2023-24ൽ നിർമ്മിച്ച ടൊയ്‌ലെറ്റിലേക്ക് പ്രവേശിക്കുന്നതിനുപോലും സാധിക്കാത്ത വിധത്തിൽ വള്ളിപ്പടർപ്പുകൾ വളർന്നിരിക്കുകയാണ്. വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച റിക്രിയേഷൻ സെന്ററിലേയ്ക്ക് വളരെ ആയാസപ്പെട്ടു മാത്രമേ പ്രവേശിക്കുന്നതിനു സാധിക്കു.

| | |
|---|---|
|  |  |
| വാഴത്തോപ്പ് വനിത റിക്രിയേഷൻ സെന്റർ | സെന്ററിന്റെ പിൻവശം |
|  |  |
| ടൊയ്‌ലെറ്റിലേക്ക് പ്രവേശിക്കുന്നതിന് അസാധ്യമായ രീതിയിൽ വള്ളിപ്പടർപ്പുകൾ പടർന്നിരിക്കുന്ന ഗ്രിൽ | സെന്ററിന്റെ മുൻവശത്ത് വളർന്ന കാട് |

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2021 സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടില്ലെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലാ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം ജില്ലാ പഞ്ചായത്തിന് ₹3,991/- നഷ്ടപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | എസ്0046/24 |
| പ്രോജക്ടിന്റെ പേര് | : | അടിമാലി ഗ്രാമപഞ്ചായത്ത് 14-ാംമൈൽ ലക്ഷംവീട് കോളനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം |
| നിർവ്വഹണം | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ബിജു കെ.പി |
| എഗ്രീഡ് പി.എ.സി | : | ₹3,99,060.00 |
| ചെലവ് | : | ₹4,67,556.00 വികസന ഫണ്ട് (പട്ടികജാതി വിഭാഗം)<br>ബിൽ റെഫറൻസ് നം. 2310065201360146536 തി-24.03.2024 |
| ലെറ്റർ ഓഫ് അക്സ്പ്റ്റൻസ് ഡിജിറ്റലി സൈൻ ചെയ്ത തീയതി | : | 17.10.2023 |
| ലെറ്റർ ഓഫ് അക്സ്പ്റ്റൻസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി (14 ദിവസം) | : | 31.10.2023 |

| | | |
|---|---|---|
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | 06.11.2023 (108/T/AEE/LID & EW/IDK/ 2023-24 തീ.06.11.2023) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | ₹3,99,060.00x1% =₹3,991.00 |

കരാറുകാരനിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41 തീ.26.11.2024) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം- വ്യാജബില്ലുകൾ ഹാജരാക്കി ₹1200000/-കൈപ്പറ്റി

| | |
|---|---|
| പ്രോജക്ട് വിവരം | അക്കാദമിക്ക് എക്സലൻസ് (894/23, 86/24) |
| അടങ്കൽ | ₹15,00,000.00 (വികസനഫണ്ട്-പൊതുവിഭാഗം) |
| ബിൽ നമ്പർ, തുക | 22100652012501352541 തീ.10/03/23- ₹6,00,000.00<br>23100652012500125240 തീ.24/05/23- ₹21,000.00<br>23100652012500523045 തീ.07/09/23- ₹6,00,000.00<br>23100652012500405203 തി 04/08/23- ₹27,000.00 |

ജില്ലയുടെ അക്കാദമിക്ക് ഗുണമേന്മയിൽ സമഗ്രമായ മുന്നേറ്റം നേടിയെടുക്കുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാം. ജില്ലയിലെ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലെ പതിനൊന്നാം ക്ലാസിലെ മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി പ്രതിഭാ പരിപോഷണത്തിനുള്ള അവസരം ഒരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചിട്ടുള്ളത്. ഓരോ താലൂക്കിലെയും തെരഞ്ഞെടുത്ത രണ്ട് കേന്ദ്രങ്ങളിലായി 40 വിദ്യാർത്ഥികളെ മാത്രം പ്രതിഭാ നിർണ്ണയ പരീക്ഷയിലൂടെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി സിവിൽ സർവ്വീസ്, ഐ.സി.ഇ.ആർ, ഐ.ഐ.ടി, എൻ.ഐ.ടി, ഐ.സി.ആർ, ബി.ആർക്ക്, ഐ.ഐ.ബി.എഫ് തുടങ്ങിയ ദേശീയ തലത്തിലെ വിവിധ സ്ഥാപനങ്ങളിലേയ്ക്കും കോഴ്സകളിലേയ്ക്കും അഡ്മിഷൻ നേടിയെടുക്കുന്നതിനുള്ള താല്പര്യം ജനിപ്പിക്കുകയും വഴികാട്ടുകയും ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഓരോ കേന്ദ്രത്തിലും കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടത്.

10.6.2021-ലെ ഭരണസമതിയോഗത്തിന്റെ 1-3 നമ്പർ തീരുമാന പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയ്ക്കായി വീകേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷ സമർപ്പിച്ചു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021ലെ 4.52 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29.09.2021-ലെ സ.ഉ.(സാധാ)നം.1866/2021 ത.സ്വ.ഭ.വ. പ്രകാരം ഇടുക്കി ജില്ലയിലെ പ്ലസ്ടു തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഓരോ സ്കൂളിൽ നിന്നും 15 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഇവർക്ക് സിവിൽ സർവ്വീസ്, ഐ.ഐ.ടി., എൻ.ഐ.ടി,, ഐ.ഐ.എം. തുടങ്ങിയ കോഴ്സകൾക്ക് യോഗ്യരാക്കത്തക്കവിധം പ്രാഫഷണൽ സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കുന്നതിന്റെ സാധ്യത പരിഗണിച്ച് അക്കാദമിക്ക് എക്സലൻസ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകി. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രൊപ്പോസൽ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) സംഘാടനം**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, വിദ്യാഭ്യസ ഉപഡയറക്ടർ, എസ്.എസ്.കെ ജില്ലാ കോർഡിനേറ്റർ, ഡയറ്റ് പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ജില്ലാ കോർഡിനേറ്റർമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങിയ ജില്ലാ കമ്മറ്റിയാണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്.

**2) ജില്ലാതല അക്കാദമിക്ക് കമ്മറ്റി ഘടന**

| | |
|---|---|
| ചെയർമാൻ | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| രക്ഷാധികാരി | ജില്ലയിൽ നിന്നുള്ള മന്ത്രി |
| അക്കാദമിക്ക് അഡ്വൈസറി ബോർഡ് ചെയർമാൻ | ജില്ലാ കളക്ടർ |
| അക്കാദമിക്ക് അഡ്വൈസറി ബോർഡ് അംഗങ്ങൾ | സബ് കളക്ടർമാർ, സൂപ്രണ്ട് ഓഫ് പോലിസ്, ഐ.എഫ്.എസ്. ഓഫീസർ, റിട്ടയേർഡ് സിവിൽ സർവ്വീസ് ഓഫീസർ, വിദ്യാഭ്യാസ വിചക്ഷണൻമാർ (എൻ.ജി.ഒ) |
| കൺവീനർ | ജില്ലാ വിദ്യഭ്യാസ ഉപഡയറക്ടർ |
| കോർഡിനേറ്റർ | ഡയറ്റ് ഫാക്കൽറ്റി അംഗം |
| കോർഡിനേഷൻ കമ്മറ്റി അംഗങ്ങൾ | ബി.ആർ.സി അംഗങ്ങൾ, അധ്യാപകർ, കോളേജ് വിദ്യാർത്ഥികൾ, സിവിൽ സർവ്വീസിന് പഠിക്കുന്ന ബിരുദധാരികൾ |

**3. പ്രാദേശിക സെന്ററുകളിലെ ഘടന**

| | |
|---|---|
| രക്ഷാധികാരി | എം.എൽ.എ |
| കോർഡിനേറ്റർ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| കമ്മറ്റി അംഗങ്ങൾ | ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ, അധ്യാപകർ, കോളേജ് വിദ്യാർത്ഥികൾ, സിവിൽ സർവ്വീസിന് പഠിക്കുന്ന ബിരുദധാരികൾ |

പദ്ധതി നടപ്പിലാക്കുന്ന വിദ്യാലയങ്ങളിൽ ജില്ലാപഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ, അതത് വിദ്യാലയത്തിലെ പ്രിൻസിപ്പാൾമാർ, ജില്ലാപഞ്ചായത്ത് നിശ്ചയിക്കുന്ന പ്രതിനിധി വിദ്യാലയതല കോർഡിനേറ്റർമാർ എന്നിവർ മേൽനോട്ടം വഹിക്കും.

**4) പഠനകേന്ദ്രങ്ങൾ**

| **ക്രമ നം.** | **താലൂക്കിന്റെ പേര്** | **കോച്ചിംഗ് സെന്ററുകളുടെ പേര്** |
|---|---|---|
| 1 | ദേവികുളം | ജി.വി.എച്ച്.എസ്.എസ് മൂന്നാർ,<br>SNDPHSS അടിമാലി |
| 2 | ഇടുക്കി | GTHSSഇടുക്കി<br>SMHSS മുരിക്കാശേരി |
| 3 | പീരുമേട് | GHSSകുമളി<br>PHS ഏലപ്പാറ |
| 4 | തൊടുപുഴ | APJAHSSതൊടുപുഴ<br>GHSS രാജക്കാട് |

**5) ടൈംടേബിൾ**

ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഓരോ ആഴ്ചയും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ ദിവസവും 5 മണിക്കൂർ വീതമാണ് ക്ലാസുകളുടെ സമയം. ശനിയാഴ്ച ദിവസം ഓഫ് ലൈനിലും ഞായറാഴ്ച ദിവസം ഓൺലൈനിലുമാണ് ടൈംടേബിൾ ക്രമീകരിക്കേണ്ടത്.

ഉച്ചവരെയുള്ള സമയങ്ങളിൽ വിവിധ വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസുകളും ഉച്ചയ്ക്ക് ശേഷം ഉപന്യാസരചന, ഇന്റർവ്യൂ, ഗ്രൂപ്പ് ചർച്ച, സംവാദം, വ്യക്തിഗത പ്രകടനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള പരിശീലനവുമാണ് നടത്തേണ്ടത്.

**6) പ്രോജക്ട് നടത്തിപ്പിന്റെ സാമ്പത്തിക വിശകലനം**

| പ്രവർത്തനം | നിരക്ക് | തുക (₹) |
|---|---|---|
| 1. നേരിട്ടുള്ള ക്ലാസ്-100 മണിക്കൂർ | ₹1,000/മണിക്കൂർ | 1,00,000.00 |
| പ്രിന്റഡ് നോട്ട് | ₹500/ഒരു വിദ്യാർത്ഥിക്ക് | 25,000.00 |
| ആകെ ഒരു ബാച്ചിന് | | 1,25,000.00 |
| ആകെ 10 ബാച്ചിന് | (1,25,000 X 10) | 12,50,000.00 |
| | 5 ബാച്ചിന് വീതം (2 ഷിഫ്റ്റ് ആയി) ₹750/മണിക്കൂർ | 1,50,000.00 |

| | | |
|---|---|---|
| 2. ഓൺലൈൻ ക്ലാസ് (100മണിക്കൂർ) | | |
| 3. വെബ്സൈറ്റ് | | 50,000.00 |
| 4. സെർവർ | | 25,000.00 |
| 5. മറ്റ് ചെലവുകൾ | | 25,000.00 |
| | **ആകെ ചെലവ്** | **15,00,000.00** |

സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി ആവിഷ്കരിച്ച ഈ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചതു മുതൽ നിരവധി അപാകങ്ങളാണ് സംഭവിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**അപാകതകൾ**

പദ്ധതി നടപ്പാക്കുന്നതിനായി 22.10.2022 ന് ഇ-ടെണ്ടർ ക്ഷണിച്ചു. മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപത്രങ്ങളുടെ സംസ്ഥാനത്തെ എല്ലാ എഡിഷനിലുമാണ് പരസ്യം നൽകിയത്. പ്രാരംഭത്തിൽ തയ്യാറാക്കിയ ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും കാതലായ ഒരു മാറ്റത്തോടെയാണ് ടെണ്ടർ പ്രസിദ്ധീകരിച്ചത്. ഓരോ ആഴ്ചയും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ ദിവസവും 5 മണിക്കൂർ വീതമാണ് ക്ലാസുകളുടെ സമയമെന്നതും ശനിയാഴ്ച ദിവസം ഓഫ് ലൈനിലും ഞായറാഴ്ച ദിവസം ഓൺലൈനിലുമാണ് ടൈംടേബിൾ ക്രമീകരിക്കേണ്ടതെന്നുമുള്ള ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് ശനി, ഞായർ ദിവസങ്ങളിൽ ഓൺലൈൻ ക്ലാസും മാസത്തിലൊരു ഓഫ്ലൈൻ ക്ലാസും എന്നതായിരുന്നു ടെണ്ടറിലെ പ്രധാന മാറ്റം. ഇത്തരത്തിലൊരു മാറ്റത്തിന്റെ കാരണം വ്യക്തമല്ല. സംസ്ഥാന വ്യാപകമായി ടെണ്ടർപരസ്യം നൽകിയെങ്കിലും ആരും ടെണ്ടറിൽ പങ്കെടുത്തില്ല.

2. ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ 19/11/2022-ൽ റി-ടെണ്ടർ നടത്തി. ആദ്യ ടെണ്ടർ പരസ്യം മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപത്രങ്ങളുടെ സംസ്ഥാനത്തെ എല്ലാ എഡിഷനിലുകളിലും പ്രസിദ്ധീകരിച്ചപ്പോൾ രണ്ടാമത്തെ ടെണ്ടർ പരസ്യം കോട്ടയം എഡിഷനിൽ മാത്രമാണ് പ്രസിദ്ധീകരിച്ചത്. കോട്ടയം എഡിഷനിൽ മാത്രം റി-ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചതു കാരണം മത്സരക്ഷമത ഇല്ലാതാവുകയും കേരളത്തിലെ പ്രമുഖ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളുടെ ശ്രദ്ധയിൽ ടെണ്ടർ വിശദാംശങ്ങൾ ലഭിക്കാതെ വരുകയും ചെയ്തു. മാത്രമല്ല ആദ്യ ടെണ്ടറിൽ നിന്നും മാറ്റങ്ങൾ വരുത്തിയാണ് റി-ടെണ്ടർ നടത്തിയത്. ഒരു താലൂക്കിൽ രണ്ട് ട്രെയിനിംഗ് സെന്റർ എന്നത് ഒന്നായി ചുരുക്കി. ആദ്യ ടെണ്ടറിൽ ഉൾപ്പെടുത്താതിരുന്ന പദ്ധതിയുടെ സാമ്പത്തിക വിശകലനം ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി ഉൾപ്പെടുത്തി. റി-ടെണ്ടറിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| Sl No | Activity | Quantity | Rate (₹) | Amount (₹) |
|---|---|---|---|---|
| 1 | Coaching Class For Students -Offline | 125 Hr | 1,500.00 | 1,87,500.00 |
| 2 | Coaching Class For Students -Online | 420 Hr | 1,000.00 | 4,20,000.00 |
| 3 | Materials And Study Notes* | 500 | 1,000.00 | 5,00,000.00 |
| 4 | Refreshment And Other Expenses | | | 63,000.00 |
| 5 | Web Application | | | 1,00,000.00 |
| 6 | Provision For GST | | 18% | 2,28,690.00 |
| | **TOTAL** | | | **14,99,190.00** |

*ഇംപ്ലിമെന്റേഷൻ പ്ലാനിൽ നിന്നും വ്യത്യസ്തമായി Materials And Study Notes എന്ന ഇനത്തിൽ വന്ന വർദ്ധനവ് വളരെ വലുതാണ്.

**പരിശീലന സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ**

| ക്രമ നം. | മാനദണ്ഡം | സ്കോർ |
|---|---|---|
| 1 | കഴിഞ്ഞ 5 വർഷമായി സ്ഥാപനത്തിൽ പരിശീലനം നേടി സിവിൽ സർവ്വീസ് പരീക്ഷയിൽ ആദ്യത്തെ 500 റാങ്കിനുള്ളിൽ | 30 |

| | | |
|---|---|---|
| | വന്നവരുടെ എണ്ണം | |
| 2 | സ്ഥാപനത്തിൽ ഫാക്കൽറ്റികളായ റിട്ടയേർഡ് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ എണ്ണം. | 25 |
| 3 | പരിശീലനരംഗത്തെ മുൻപരിചയം | 10 |
| 4 | ട്രെയിനിംഗ് മെത്തഡോളജി | 20 |
| 5 | സിലബസ് | 15 |
| | **ആകെ** | **100** |

റി-ടെണ്ടറിൽ പങ്കെടുത്തത് ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി എന്ന ഒരു സ്ഥാപനം മാത്രമാണ്. റി-ടെണ്ടറിൽ സൂചിപ്പിച്ചിരുന്ന അതേ നിരക്കാണ് സ്ഥാപനം ക്വോട്ട് ചെയ്തത്. പരിശീലന സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങളിൽ ഈ സ്ഥാപനത്തിന് ലഭിച്ച സ്കോർ എത്രയെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ഈ മേഖലയിലെ സ്ഥാപനത്തിന്റെ മുൻ പരിചയവും വ്യക്തമല്ല.

3. 09/12/2022 ലെ ജില്ലാപഞ്ചായത്ത് കമ്മറ്റി ടെണ്ടർ അംഗീകരിക്കുകയും കരാറിലേർപ്പെടുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതനുസരിച്ച് കരാർ ഉടമ്പടി നമ്പർ ജി4/3162/2022 തിയതി 20/01/2023 പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർ ഒന്നാം കക്ഷിയായും പ്രസിഡന്റ് ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി പാറത്തോട് രണ്ടാം കക്ഷിയായും കരാറിലേർപ്പെട്ടു. കരാർ ചമയ്ക്കുന്നതിനായി വാങ്ങിയ മുദ്രപ്പത്രം പ്രസിഡന്റ് ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി പാറത്തോട് എന്ന പേരിലാണെങ്കിലും കരാറിലെ സീൽ പ്രസിഡന്റ് ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി തിരുവനന്തപുരം എന്നാണ്. വിദ്യാഭ്യസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള കത്തിടപാടിൽ ടെണ്ടർ നേടിയത് എഡ്യുസോൺ അക്കാദമി ആണെന്നും കരാറിലേർപ്പെടാൻ ടിയാൻ വിളിച്ചിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഏത് സ്ഥാപനമാണ് ടെണ്ടർ നേടിയത് എന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു.

4. ഈ പ്രോജക്ടിന്റെ ഭാഗമായി തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരമാണ് രണ്ടാം കക്ഷി പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടതെന്ന് കരാർ വ്യക്തമാക്കുന്നു. എന്നാൽ പദ്ധതി നടത്തിപ്പിൽ ടൈംടേബിൾ, സാമ്പത്തിക വിശകലനം എന്നിവയിലൊന്നും കരാറിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

5. ശനി, ഞായർ ദിവസങ്ങളിലായി ഓൺലൈൻ, ഓഫ്‌ലൈൻ ക്ലാസുകൾ ഇടവിട്ട് നടത്തണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയിൽ ഒരു ഓഫ്‌ലൈൻ ക്ലാസ് പോലും നടത്തിയിട്ടില്ല.

6. എല്ലാ പഠനകേന്ദ്രങ്ങളിലും മുഴുവൻ സമയ അധ്യാപകരുടെ സേവനം ഉണ്ടാകണമെന്ന കരാർ വ്യവസ്ഥ പാലിച്ചില്ല.

7. കരാർ വ്യവസ്ഥ പ്രകാരം പദ്ധതി നടത്തിപ്പിൽ പിഴവുകൾ ബോധ്യപ്പെടുന്നപക്ഷം കരാർ റദ്ദ് ചെയ്യുവാനും നിയമനടപടികൾ സ്വീകരിക്കുവാനും ഒന്നാം കക്ഷിക്ക് അധികാരമുള്ളതാണ്. മോണിട്ടറിംഗിന്റെയും വിലയിരുത്തലിന്റെയും അഭാവത്തിൽ പദ്ധതി സമ്പൂർണ്ണ പരാജയമായി മാറിയിട്ടും യാതൊരു നിയമനടപടിയും സ്വീകരിച്ചില്ല.

**പദ്ധതിയുടെ നിലവിലെ അവസ്ഥ**

ഒരു നൂതന പദ്ധതി എന്ന നിലയിൽ ഓഡിറ്റ് ടീം പദ്ധതി നടപ്പിലാക്കുന്ന ചില ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾ സന്ദർശിച്ച് അക്കാദമിക്ക് കോർഡിനേറ്റർമാർ, സ്കൂൾ പ്രിൻസിപ്പാൾമാർ, പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ എന്നിവരുമായി ആശയവിനിമയം നടത്തുകയുണ്ടായി. പ്രധാന കണ്ടെത്തലുകൾ ചുവടെ നൽകുന്നു.

1. പദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കുവാൻ സാധിക്കുമായിരുന്ന സ്കൂൾ കോർഡിനേറ്റർമാർക്ക് പദ്ധതി നടത്തിപ്പിൽ യാതൊരു പങ്കാളിത്തവുമില്ല.

2. ഓഫ്‌ലൈൻ ക്ലാസുകൾ നടന്നിട്ടില്ല.

3. പുസ്തകങ്ങൾ, പ്രിന്റഡ് നോട്സ്, സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ ഒന്നും നൽകിയിട്ടില്ല.

4. വ്യക്ത്യാധിഷ്ഠിത മെന്റർഷിപ്പ് സേവനം ലഭ്യമാക്കിയില്ല
5. തുടർപരീക്ഷകളോ മൂല്യനിർണ്ണയമോ നടത്തിയില്ല.
6. പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെയുള്ള പ്രാദേശിക അക്കാദമിക് ടീമിന്റെ പിന്തുണ ലഭ്യമാക്കിയില്ല.
7. പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെ ഓൺലൈൻ ക്ലാസുകൾക്കായി പ്രത്യേകം പ്ലാറ്റ്ഫോം ഉണ്ടാക്കിയില്ല.
8. ഗൂഗിൾ മീറ്റിൽ മാത്രമാണ് ഓൺലൈൻ ക്ലാസുകൾ നൽകിയത്.
9. പദ്ധതിയുടെ വിലയിരുത്തലിനായി സ്കൂൾ പ്രിൻസിപ്പാൾമാരെയോ, അക്കാദമിക് കോർഡിനേറ്റർമാരെയോ സമീപിച്ചില്ല.
10. ക്ലാസുകൾ നയിക്കുന്നത് ആരാണെന്നോ, സ്ഥാപനം എതാണെന്നോ സ്കൂളുകൾക്ക് അറിയില്ല.
11. കുട്ടികളുടെ ഹാജർനില, പഠനപുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ജില്ലാ പഞ്ചായത്തിനോ, സ്കൂൾ അധികൃതർക്കോ, രക്ഷിതാക്കൾക്കോ നല്കിയില്ല.
12. ഗ്രൂപ്പ് ചർച്ച, ഇന്റർവ്യൂ പരിശീലനം, ഉപന്യാസ രചന തുടങ്ങി സ്കിൽ ഡവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയില്ല.

**മറ്റ് അപാകതകൾ**

ടെണ്ടറിൽ പങ്കെടുത്ത ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി EMD ആയി ₹37,500/- അടച്ചിരുന്നു. കരാർ വയ്ക്കുമ്പോൾ 5% തുകയായ ₹75,000/- സെക്യൂരിറ്റി നിക്ഷേപമായി അടയ്ക്കേണ്ടതായിരുന്നു. എന്നാൽ ഈ തുക അടച്ചില്ലെന്ന് മാത്രമല്ല EMD ആയി അടച്ച ₹37,500/- തിരികെ നൽകണമെന്ന് 17/02/2023-ൽ ആവിശ്യപ്പെടുകയും 01/03/2023-ലെ 1/4-ാം നമ്പർ ജില്ലാപഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം EMD തിരികെ നൽകാൻ അനുമതി നൽകുകയും ചെയ്തു. ഇത് ടെണ്ടർ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

**നൽകാത്ത സേവനത്തിന് വ്യാജബിൽ നൽകി ₹12,00,000/- കൈപ്പറ്റി.**

20/01/2023ൽ കരാറിലേർപ്പെട്ട ഈ പ്രവൃത്തിക്ക് ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും ലഭിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 03/03/2023 ലെ ജി4/3162/2022/ഡി.ഡി.ഇ നമ്പർ നടപടിക്രമം പ്രകാരം ₹6,00,000/-യുടെ പാർട്ട് ബിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 09/03/2023-ലെ 22100652012501352541 നമ്പർ ബിൽ പ്രകാരം ₹6,00,000/- ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 5020000697464 എച്ച്.ഡി.എഫ്.സി ബാങ്ക് തിരുവനന്തപുരം ശാഖ) നൽകി. ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച രണ്ട് ബില്ലുകൾ അംഗീകരിച്ചാണ് തുക നൽകിയത്. രണ്ട് ബില്ലുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബിൽ നം./തിയതി | തുക (₹) |
|---|---|---|---|
| 1 | A Complete Reference Book For Civil Service Examination( Foundation)-500 എണ്ണം | 156/21.02.2023 | 5,00,000.00 |
| 2 | Web Software | 23/21.02.2023 | 1,00,000.00 |
| | **ആകെ** | | **6,00,000.00** |

ഒന്നാമത്തെ ബിൽ ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിയുടെ പേരിലുള്ളതും രണ്ടാമത്തെ ബിൽ India Magister എന്ന കമ്പനിയുടെ പേരിലുമാണ്. രണ്ട് ബില്ലിലും ജി.എസ്.ടി നമ്പർ രേഖപ്പെടുത്തിയിട്ടില്ല. 500 വിദ്യാർത്ഥികൾക്ക് ₹1,000/- രൂപയുടെ വീതം പുസ്തകം നൽകിയെന്നാണ് ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി ഒന്നാമത്തെ ബില്ലിലൂടെ അവകാശപ്പെട്ടത്. എന്നാൽ ഓഡിറ്റ് ടീം നേരിട്ട് നടത്തിയ അന്വേഷണത്തിൽ ഒരു വിദ്യാർത്ഥിക്ക് പോലും പുസ്തകം ലഭിച്ചിട്ടില്ല എന്ന് രേഖാമൂലം വിദ്യാർത്ഥികൾ അറിയിച്ചിട്ടുള്ളതാണ്. ഓൺലൈൻ ക്ലാസിനായി Web Application Support വാങ്ങിയതിനാണ് രണ്ടാമത്തെ ബില്ലിലൂടെ ₹1,00,000/- കൈപ്പറ്റിയത്. എന്നാൽ ഇത് വാസ്തവവിരുദ്ധമാണ്. ഓൺലൈൻ ക്ലാസിനായി യാതൊരു വിധ Web Application-ഉം ഗ്രാമനികേതൻ

ചാരിറ്റബിൾ സൊസൈറ്റി പണം കൊടുത്ത് വാങ്ങിയിട്ടില്ല. Google Meet-ലൂടെ മാത്രമാണ് ക്ലാസുകൾ നടത്തിയിട്ടുള്ളത്. ഇതും വിദ്യാർത്ഥികൾ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ഇപ്രകാരം വ്യാജബിൽ സമർപ്പിച്ച് 2022-23 വർഷത്തിൽ ₹6,00,000/- ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി കൈപ്പറ്റി. ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച ബില്ലിന്മേൽ പ്രാഥമിക അന്വേഷണം പോലും നടത്താതെയാണ് പണം നൽകിയത്. ഇതു സംബന്ധിച്ച പരാമർശം 2022-23 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സർചാർജ് നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

**2023-24 വർഷം വീണ്ടും ₹6,00,000/- കൈപ്പറ്റി**

22/08/2023-ൽ ഇൻവോയ്സ് നമ്പർ EDZ/08/311 -ആയി EDUZONE IAS ACADEMY- യുടെ പേരിലുള്ള ₹6,00,000/-യുടെ ഒരു ക്വട്ടേഷൻ നൽകി. വിശദാംശം ചുവടെ നൽകുന്നു.

| Sl.No | Particulars | Charges (₹) | Quantity | Total (₹) |
|---|---|---|---|---|
| 1 | Study Notes And Materials | 1,000.00 | 500 | 5,00,000.00 |
| 2 | Web Application | 1,00,000.00 | 1 | 1,00,000.00 |
| | **Total Amount Payable** | | | **6,00,000.00** |

ഈ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ബിൽ പോലും ഇല്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഉപഡയറക്ടർ ₹6,00,000/- അനുവദിച്ച് നൽകി (ബിൽ നമ്പർ-2310065201250052304‌5 തീ.07/09/23). സ്റ്റഡി നോട്സും മെറ്റീരിയൽസും വിദ്യാർത്ഥികൾക്ക് നൽകിയിട്ടില്ലെന്ന് വിദ്യാർത്ഥികൾ രേഖാമൂലം അറിയിച്ചിട്ടുണ്ട്. വെബ് ആപ്ലിക്കേഷനും ഉപയോഗിച്ചിട്ടില്ല. ഇംപ്ലിമെന്റേഷൻ പ്ളാനിൽ Study Notes And Materials എന്നതിന് ₹25,000/- മാത്രമാണ് വകയിരുത്തിയതെങ്കിലും റി-ടെണ്ടറിൽ അത് ₹5,00,000/- ആയി വർദ്ധിപ്പിക്കുകയും ആ തുക മുഴവൻ പിൻവലിച്ച് ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിയ്ക്ക് നൽകുകയും ചെയ്തു. പിൻവലിച്ച തുകകൾക്കൊന്നും GST വിഹിതം അടച്ചിട്ടില്ല. അക്കാദമിക്ക് എക്സലൻസ് പ്രോഗ്രാമിന്റെ അക്കാദമിക്ക് കോർഡിനേറ്റർ ആയി ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിയുടെ ഭാഗമായി പ്രവർത്തിച്ചിരുന്ന ശ്രീ. മുഹമ്മദ് നാദിർ 26/10/2023-ൽ വിദ്യാഭ്യസ ഉപഡയറക്ടർക്ക് നൽകിയ കത്തിൽ ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി പഠിതാക്കൾക്ക് വേണ്ടി പുസ്തകമോ, വെബ് ആപ്ലിക്കേഷനോ തയ്യാറാക്കി നൽകിയിട്ടില്ലന്നും ഓൺലൈൻ ക്ലാസുകളെടുത്ത അധ്യാപകർക്ക് വേതനം പോലും നൽകിയിട്ടില്ല എന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹12,48,000/- ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റായ ശ്രീ. ജിജോ മാത്യു വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവെന്നും ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റി സമർപ്പിച്ച എല്ലാ ബില്ലുകളും വൗച്ചറുകളും വ്യാജമാണെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ വ്യാജബിൽ ഹാജരാക്കി കൈപ്പറ്റിയ ₹12,00,000/- (ഓൺ ലൈൻ ക്ലാസിന് നല്കിയ തുകയായ ₹48,000/- കിഴിച്ച്) ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും ഈടാക്കേണ്ടതും കരാർ ലംഘനത്തിനും വിശ്വാസ വഞ്ചനയ്ക്കും നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷം ചെലവഴിച്ച ₹6,00,000/-യ്ക്ക് 2022-23ൽ സർചാർജ് നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്. നഷ്ടമായ തുക ഗ്രാമനികേതൻ ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും ഈടാക്കാത്തപക്ഷം 2023-24 വർഷം ചെലവഴിച്ച ₹6,00,000/- നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. (അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 തിയതി 21/11/24ന് മറുപടി ലഭ്യമായില്ല)

### 3-2 കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം- അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര്,നം. | കോഴിപ്പള്ളി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം (547/23, 672/24) |
| കരാർ നമ്പർ | 130/T/AEE/LID$EW/IDK/2022-23/10.01.2023 |
| അടങ്കൽ | ₹10,00,000.00 (വികസനഫണ്ട്-പട്ടികവർഗ്ഗ വിഭാഗം) |
| എം ബുക്ക് നമ്പർ | EMBook |
| | |

| | |
|---|---|
| ബിൽ നമ്പർ/ തിയതി/തുക | **2210065201360156 0028/29.03.2024, ₹3,47,104.00** 2310065201360075 4308/07.11.2023, ₹3,19,760.00 |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ കോഴിപ്പള്ളിയിൽ കമ്മൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് 2015-16-ൽ ആവിഷ്കരിച്ച പ്രോജക്റ്റിൽ ₹16,34,200/- പൊതുവിഭാഗം വികസന ഫണ്ട് ചെലവഴിച്ച് കമ്മ്യൂണിറ്റി ഹാളിന്റെ സ്ട്രക്ച്ചറൽ പ്രവർത്തികൾ പൂർത്തീകരിച്ചു. തുടർന്ന് 2022-23 വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രവൃത്തിയുടെ അധിക ഇനം (Extra Item) നമ്പർ 7-ആയി നിർവഹിക്കേണ്ട പ്രവൃത്തി കമ്മ്യൂണിറ്റി ഹാൾ മുറ്റത്ത് 60mm കോൺക്രീറ്റ് തറയോട് പാകലാണ്. അളവ് പുസ്തക പ്രകാരം 35.3എം2 തറയോട് പാകിയതായി രേഖപ്പെടുത്തി 928.03/M2എന്ന നിരക്കിൽ 18% ജി.എസ്.ടി ഉൾപ്പെടെ ആകെ ₹38,656/- (₹32,759.46+₹5,897.00) കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ എൽ.ഐ.ഡി & ഇ.ഡബ്ല്യൂ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധിച്ച് അളവെടുത്തപ്പോൾ 22എം2 തറയോട് മാത്രമാണ് വിരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. അളവ് പുസ്തകത്തിൽ യഥാർത്ഥത്തിൽ ചെയ്തതിനേക്കാൾ അധികമായി വിസ്തീർണം രേഖപ്പെടുത്തിയതു മൂലം കരാറുകാരന് താഴെപ്പറയും പ്രകാരം അധിക തുക അനുവദിച്ച് നൽകാനിടയായിട്ടുണ്ട്.

| | അനുവദിച്ചത് | അനുവദിക്കാവുന്നത് | അധികം നല്കിയത് |
|---|---|---|---|
| പ്രവൃത്തിയുടെ അളവ് | 35.3 M2 | 22 | 13.3 |
| നിരക്ക് | 928.03/M2 | 928.03/M2 | 928.03/M2 |
| തുക (₹) | 32,759.46 | 20,416.66 | 12,342.80 |
| ജി.എസ്.ടി (18%) (₹) | 5,896.70 | 3,675.00 | 2,221.70 |
| ആകെ (₹) | 38,656.00 | 24,092.00 | 14,564.00 |

അധികം നല്കിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികം നല്കിയ തുക അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് സർച്ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്. അധിക തുക നൽകുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/05.11.2024) മറുപടി ലഭ്യമാക്കിയില്ല.

**കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിലെ മറ്റ് അപാകങ്ങൾ ചുവടെ** കൊടുക്കുന്നു.

2015-16ൽ പ്രോജക്റ്റ് ആവിഷ്കരിച്ച അവസരത്തിലും പിന്നീട് 2016-17 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയപ്പോഴും പൊതുവിഭാഗം പ്രോജക്ടായിട്ടാണ് പ്രോജക്റ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, കെട്ടിനിർമ്മാണം പൂർത്തീകരിക്കുന്നതിന് 2022-23ൽ പട്ടികവർഗ്ഗ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്റ്റ് ഏറ്റെടുത്തത്. പദ്ധതി ആവിഷ്കരിച്ച അവസരത്തിൽ പദ്ധതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടാണ് എന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ഒരു സാമ്പത്തിക വർഷം നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പദ്ധതികൾ ബഹുവർഷ പ്രോജക്ടായി ഏറ്റെടുത്ത് ഓരോ വർഷവും ചെലവഴിക്കേണ്ട വിഭവസ്രോതസുകൾ കൃത്യമായി രേഖപ്പെടുത്തി വേണം ആവിഷ്കരിക്കേണ്ടത്. എന്നാൽ, 2016-17ൽ പ്രോജക്റ്റ് ഏറ്റെടുത്തപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പ്രോജക്ടാണ് എന്ന് വ്യക്തമാക്കുന്ന ഒരു രേഖപ്പെടുത്തലും പ്രോജക്റ്റ് റിപ്പോർട്ടിലില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം കാണിക്കുന്ന സാമൂഹ്യ ഭൂപടം പ്രോജക്ടിനൊപ്പം തയ്യാറാക്കിയിട്ടില്ല. അതിനാൽ, പട്ടികവർഗ്ഗ വികസന ഫണ്ട് വകയിരുത്തുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.

കമ്മ്യൂണിറ്റി ഹാൾ എന്ന പേരിലാണ് നിർമ്മാണം നടത്തിയതെങ്കിലും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിനു കീഴിലുള്ള കോഴിപ്പള്ളി അങ്കണവാടിയാണ് നിലവിൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ പുറം വശത്തെ മൺതിട്ട മഴക്കാലത്ത് ഇടിഞ്ഞ് മണ്ണ് കെട്ടിടത്തിന്റെ മുറ്റത്ത് പതിച്ചിരിക്കുകയാണ്. ഇടിഞ്ഞു വീണ ഭാഗം കെട്ടി സംരക്ഷിക്കാത്തത് കെട്ടിടത്തിന്റെ സുരക്ഷയ്ക്ക് അപകടമാണ്. കെട്ടിടത്തിൽ

വൈദ്യുതി കണക്ഷൻ ഇല്ല. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം സ്ഥലം ജില്ലാപഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളില്ല. അപാകങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ

-ഇല്ല-

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കഞ്ഞിക്കുഴി പഞ്ചായത്ത് പഴയരിക്കണ്ടം ജി എച്ച് എസ് സ്കൂൾ ത്രീഫേസ് കണക്ഷൻ (907/24) | 231600520136006556455, 11.10.2023 | 71,616.00 | 0.00 | 71,616.00 |
| കെ.എസ്.ഇ.ബി | ഉപ്പുതറ പഞ്ചായത്ത് ആഴംകാലാ ജലസേചന പദ്ധതി പൂർത്തീകരണം (639/24) | 231600520136004556236, 20.06.2023 | 1,28,018.00 | 0.00 | 1,28,018.00 |
| കെ.എസ്.ഇ.ബി | മുരിക്കാശ്ശേരി സ്കൂൾപ്പടിഭാഗം കുടിവെള്ള പദ്ധതി- ത്രീഫേയ്സ് ലൈൻ മോട്ടോർ സ്ഥാപിക്കൽ (1097/24) | 2023-24/P/94, 28/03/2024 | 2,50,538.00 | 0.00 | 2,50,538.00 |
| കെ.എസ്.ഇ.ബി | ഇടുക്കി ജില്ലാ പഞ്ചായത്ത് 2023-24- ശാന്തൻപാറ പഞ്ചായത്ത്- എസ്റ്റേറ്റ് പൂപ്പാറ കുടിവെള്ള പദ്ധതി മോട്ടോർ | 2316005201360163656257, 21.03.2024 | 2,04,850.00 | 0.00 | 2,04,850.00 |

| | | | | | |
|---|---|---|---|---|---|
| | അനുബന്ധ ഉപകരണങ്ങൾ (1003/24) | | | | |
| കെ.എസ്.ഇ.ബി | കൈപ്പ കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 022673 : 27-Feb-2024 | 17383.00 | 0.00 | 17383.00 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

-ഇല്ല-

**4-4 വായ്പ/വായ്പാ തിരിച്ചടവ്**

-ഇല്ല-

**4-5 സ്ഥിരനിക്ഷേപം**

31.03.2024ലെ ആസ്തി ബാദ്ധ്യത പത്രികയിലെ ബി-12ൽ സ്ഥിര നിക്ഷേപ നീക്കിയിരിപ്പായി ₹1,70,72,391/- രേഖപ്പെടുത്തിയിട്ടുള്ളതിന്റെ ആധികാരികത വ്യക്തമല്ല. വിശദമായ പരാമർശം ഖണ്ഡിക 1-1-12ൽ ചേർത്തിട്ടുണ്ട്.

**4-6 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹7262/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-1 (ഭാഗികം) | 7262.00 | ശ്രീമതി. ആൻസി.കെ.കുര്യൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 123040100077/07.12.2023 |

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-00 | (1) | സാനിട്ടറി കക്കൂസ് നിർമ്മാണം - അധിക സബ്സിഡി നൽകിയത് | ലഭ്യമല്ല |
| | | | (2) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - ഹൈറേഞ്ച് ചാരിറ്റബിൾ സൊസൈറ്റിക്കായി നൽകിയ 4.20 ലക്ഷം രൂപയുടെ ക്രമരഹിത വിനിയോഗം | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | | (3) | കാലിതീറ്റ ഫാക്ടറി – സ്ഥലത്തിന് അധികവില നൽകിയത് | ലഭ്യമല്ല |
| 1999-2000 | 42 | 2002-03 VII.6.13(I) | ലൈബ്രറി കെട്ടിട നിർമ്മാണം – ലൈബ്രറികൾക്കുള്ള ധനസഹായം വിനിയോഗിക്കാതെ കൈയ്യിൽ സൂക്ഷിച്ചു | | ലഭ്യമല്ല |
| 1999-2000 | 44 | 2002-03 VII.6.13(Ii) | മണ്ണിര കമ്പോസ്റ്റ് പദ്ധതി – അനധികൃതമായി തുക പിൻവലിച്ചു | | ലഭ്യമല്ല |
| 1999-00 | 46 | 2002-03 VII.6.13(Iii) | സംഘത്തിന് അനധികൃതമായി ധനസഹായം നൽകി | | ലഭ്യമല്ല |
| 1999-00 | | 2002-03 VII.6.13(Iv) | സ്വാശ്രയ സംഘങ്ങൾക്ക് നിയമ വിരുദ്ധമായി പ്രവർത്തന മൂലധനം അനുവദിച്ചു- ₹5,29,000/- | | ലഭ്യമല്ല |
| 1999-00 | | 2002-03 VII.6.13(V) | ധനസഹായം പണമായി അനുവദിച്ചത് അംഗീകരിക്കുന്നില്ല – ₹3,86,000/- | | ലഭ്യമല്ല |
| 2000-01 | 3-27 | 2004-05 | മെഡിക്കൽ കോളജ് – പദ്ധതി പണം ദുർവിനിയോഗം ചെയ്തു | | ലഭ്യമല്ല |
| 2000-01 | 48(4) | 2004-05 | സ്വശ്രയ വനിത സംഘത്തിന് ധനസഹായം – ക്രമക്കേടുകൾ | | ലഭ്യമല്ല |
| 2001-02 | 40 (എ,ബി) | 2004-05 | വിദ്യാഭ്യാസ മേഖല – ജനകീയാസൂത്രണ ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ | | ലഭ്യമല്ല |
| 2005-06 | 3-9 | 2007-08 | മരാമത്ത് വേലകൾ സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാത്തതിനാൽ ₹3,47,884/-യുടെ നഷ്ടം | | ലഭ്യമല്ല |
| 2006-07 | 3-13 | 2009-10 | മരാമത്ത് പണിക്കായി പദ്ധതിവിഹിതം മുൻകൂർ പിൻവലിച്ചത് – പണി പൂർത്തിയാക്കാത്തത് | | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2012-13 | ജില്ലാ കൃഷിഫാം, അരിക്കുഴ – കൃഷി ഫാമുകളും കാർഷിക അഭിവൃദ്ധിയും | | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2013-14 | വികേന്ദ്രീകൃതാസൂത്രണം – വ്യവസായ തൊഴിൽ സംരംഭങ്ങൾ | | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2014-15 | കോലാനി പന്നി വളർത്തൽ കേന്ദ്രം, ജില്ലാ പൗൾട്രി ഫാം കോലാനി – മൃഗ സംരക്ഷണ – ക്ഷീര വികസന മേഖല | | ലഭ്യമല്ല |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ | കോടതി വ്യവഹാര ങ്ങളിൽ | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാ ധ്യത | റി മാ ർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | നമ്പർ/ തീയതി) | സ്ഥാപനത്തിന്റെ ഡിമാന്റിൽ ചേർത്തിട്ടുണ്ടോ | ക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ചേർത്തിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 27, 28 | V K Vasudevan, Secretary, Vanitha Commission | LF. 21760/ SC2/02 Dt. 30.06.03/ 2.08.03 | 62704 | | | | | | | 62704 | |
| 2 | 1998-99 | 33 | S Murukan Asari, Manager, Dist. Industrial Centre | LF. 21760/ SC2/02 Dt.01.11.03 | 13558 | | | | | | | 13558 | |
| | 1999-00 | 24 | Mary Cyriac, President, Dist. Panchayath | LF.16332/ Spl.Cell (SC2)/2004. Dt.30.05.05/ 13.07.05 | 1837 | | | | | | | 1837 | |
| | 2000-01 | 41 (Part) | K J James | LF.245/ Spl.Cell (SC2)/ 2006(1) . Dt.29.09.08 | 7105 | | | | | | | 7105 | |
| | 2000-01 | 41 (Part) | M K Poulose | LF.245/ Spl.Cell (SC2)/06(Ii) Dt.29.09.08 | 7105 | | | | | | | 7105 | |
| | 2000-01 | 32, 36(A), 36(B) | P C Chacko, Puthenpurackal, Thiruvanchoor. Asst.Engineer | LF.245/ Spl.Cell (SC2)/2006 Dt.25.01.2008 | 11136 | | | | | | | 11136 | |
| | 2000-01 | 21, 27 | Smt Mary Cyriac, Perumana, Kattappana | LF.245/Spl. Cell (SC2)/2006 Dt.5.4.2014 | 61961 | | | | | | | 61961 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 2002-03 | 7 | T K Sivadasan, Asst.Ex.Engineer, PIP Sub Divn Chengannur | LF.11905/Spl. Cell (Sc.2)/06(1) Dt.26.11.07 | 5000 | | | | | | | 5000 | |
| | 2002-03 | 20 (Part) | Dr. A Thankappan, Civil Surgeon | LF.11905/ Sp.Cell (Sc.2)/06 Dt.26.11.07 | 3531 | | | | | | | 3531 | |
| | 2002-03 | 13, 16,17 | C Chelladurai, Exe. Engineer(Rtd) | LF.11905/ Spl.Cell (Sc.2)/06(2) Dt.26.11.07 | 30515 | | | | | | | 30515 | |
| | 2002-03 | 14(2), 14(3) | P C Chacko, Asst.Engineer | LF.11905/ Spl.Cell (Sc.2)/06(2) Dt.11.11.08 | 11000 | | | | | | | 11000 | |
| | 2004-05 | 3-11 (ഭാഗികം) | ആർ. വിശ്വംഭരൻ | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 13880 | | | | | | | 13880 | |
| | 2004-05 | 3-17 | എം. മോഹൻകുമാർ | LF.18102/ Spl.Cell/ SC2/09 Dt.16.06.11 | 9575 | | | | | | | 9575 | |
| | 2004-05 | 3-22 | K B Sankaran Kuppananickal, Methotty P O | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 20873 | | | | | | | 20873 | |
| | 2006-07 | 3-1, 3-6, 3-10 | എം. മോഹൻകുമാർ | LF.18706/ Spl.Cell/ CSC/C1/11 Dt.21.02.14 | 84883 | | | | | | | 84883 | |
| | 2006-07 | 08/03/18 | P K Jacob, Parambil House, Thodupuzha | LF.18706/ Spl.Cell/ CSC/C1/11 Dt.06.03.15 | 35977 | | | | | | | 35977 | |
| | 2008-09 | 3-20 (Part) | P Reji- Asst. Engineer Theruvaparambil Kottarakkavu P O Mavelikkara | LF.17986/ Spl.Cell / CSC/C1/13 Dt.02.03.16 | 4125 | | | | | | | 4125 | |
| | 2008-09 | 3-21 (Part) 3-22 (Part) | E Saraswathidevi | LF.17986/ Spl.Cell/ CSC/C1/13 Dt.24.07.17 | 9161 | | | | | | | 9161 | |
| | 2008-09 | 3-21 (Part) | T K Jacob, Thachethukudi, Choondy P O | LF.17986/ Spl.Cell/ CSC/C1/13(1) Dt.25.09.17 | 3561 | | | | | | | 3561 | |
| | 2008-09 | 3-32 (Part) | K M Ushanandan, Kizhakkel, Thalikulam | LF.17986/ Spl.Cell/ CSC/C1/13(2) Dt.25.09.17 | 5600 | | | | | | | 5600 | |
| | 2012-13 | 3-3, 3-7 | T Sanalkumar, Secretary | LF.15983/ Spl.Cell/ CSC/ | 210000 | | | | | | | 210000 | |

C1/15(lii)
Dt.19.02.18

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | ₹21,01,31,129.00 |
| വരവ് | ₹49,93,50,715.00 |
| ആകെ | ₹70,94,81,844.00 |
| ചെലവ് | ₹49,36,92,208.00 |
| നീക്കിയിരിപ്പ് | ₹21,57,89,636.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹3,991.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹6,14,564.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,29,35,885.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-1 | 3,991.00 | | | ശ്രീമതി. സുനിതാകുമാരി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 3-1 (1-33) | | 6,00,000.00 | | ശ്രീമതി. വിജയ. ആർ., വിദ്യാഭ്യാസ ഉപഡയറക്ടർ, തൊടുപുഴ |
| 3-2 (1-38) | | 14,564.00 | 4,854.00 | ശ്രീ. ബിജു. വി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് |
| | | | 4,855.00 | ശ്രീമതി. ദീപ. ടി.ആർ., അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് |
| | | | 4,855.00 | ശ്രീമതി. സുനിതാകുമാരി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-29 | 1,77,007.00 | | ശ്രീമതി. ഷെർലാ ബീഗം, സെക്രട്ടറി |
| 1-32 | 25,000.00 | | ശ്രീമതി. ഷെർലാ ബീഗം, സെക്രട്ടറി |

| | | | |
|---|---|---|---|
| 1-36 | 6,72,405.00 | 1,99,634.00 | ശ്രീ നിസ്സാർ. എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| | | 4,72,771.00 | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-44 | 50,000.00 | | ശ്രീമതി. ഷെർലാ ബീഗം, സെക്രട്ടറി |
| 1-46 | 9,77,002.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-47 | 3,83,285.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-48 | 1,54,109.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-49 | 3,08,594.00 | | ശ്രീമതി.ഷെർലാ ബീഗം, സെക്രട്ടറി |
| 1-51 | 5,46,770.00 | | ശ്രീ. നിസ്സാർ. എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-52 | 6,27,503.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ ഡിവിഷൻ |
| 1-54 | 6,90,458.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-55 | 2,83,915.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ ഡിവിഷൻ |
| 1-56 | 5,92,477.00 | | ശ്രീ. നിസ്സാർ. എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-57 | 6,42,345.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-59 | 4,67,556.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-60 | 12,18,346.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-61 | 5,00,000.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-62 | 4,49,080.00 | | ശ്രീ. നിസ്സാർ. എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-64 | 5,00,000.00 | | ശ്രീമതി. ഷെർലാ ബീഗം, സെക്രട്ടറി |
| 1-65 | 9,99,822.00 | 8,10,425.00 | ശ്രീ. നിസ്സാർ. എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| | | 1,89,397.00 | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-66 | 19,47,474.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |
| 1-67 | 7,22,737.00 | | ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

-ഇല്ല-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീമതി. വിജയ. ആർ., വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | വിരമിച്ചു | പുല്ലുമലയിൽ വീട്, പുത്തൻകുരിശ് പി.ഒ, എറണാകുളം-682308 |
| ശ്രീ. ബിജു. വി.കെ., അസിസ്റ്റന്റ് എഞ്ചനീയർ | അസിസ്റ്റന്റ് എഞ്ചനീയർ, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | വീണ്ടപ്ലാക്കൽ വീട്, കോലാനി പി.ഒ, വെങ്ങല്ലൂർ, തൊടുപുഴ, ഇടുക്കി |
| ശ്രീമതി. ദീപ ടി.ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | ചിറയ്ക്കൽ വീട്, മണക്കാട് പി.ഒ, തൊടുപുഴ, ഇടുക്കി-685608 |
| ശ്രീമതി. സനൂജ. എച്ച്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ | ചേത്തഴവളകോട്ട്, തെക്കേമുറി, വള്ളികുന്നം പി.ഒ , ആലപ്പുഴ-690501 |
| ശ്രീമതി. സുനിതാകുമാരി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നേമം ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നമ്പർ26, സപി.എസ് നഗർ, വള്ളക്കടവ്.പി.ഒ., തിരുവനന്തപുരം |
| ശ്രീ. നിസ്സാർ. എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW ഇടുക്കി ഡിവിഷൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അടിമാലി ബ്ലോക്ക് പഞ്ചായത്ത് | മലയിൽവടക്കേതിൽ, പുതിയവിയൽ പി.ഒ, കായംകുളം ആലപ്പുഴ |

**<u>4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| **റിപ്പോർട്ട് വർഷം** | **ഈ ഓഫീസിൽ നിന്നും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടുകളുടെ നമ്പർ** | **ഖണ്ഡികകളുടെ എണ്ണം** | **ഖണ്ഡികകൾ** |
|---|---|---|---|
| 1995-96 & 1996-97 | LFI-3/55/2001 Dt.13.03.2001 | 14 | 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30 |

| | | | |
|---|---|---|---|
| 1997-98 | LFI-3.580/2001 Dt.20.11.2001 | 17 | 18, 19, 20, 21, 22, 23, 24, 25, 26, 29, 44, 46, 47, 54, 55, 56, 57 |
| 1998-99 | LFI-3/759/02 Dt. 07.01.2003 | 23 | 14, 15, 17, 19, 20a2, 20a3, 20b, 22, 22b, 23, 24, 25, 27, 28, 29, 30, 31, 32, 33, 35, 36, 37, 38 |
| 1999-2000 | LFI-4/91/2006 Dt.20.03.2006 | 33 | 22, 23, 24, 25, 26, 27, 28, 29, 32, 33, 34, 35, 36, 37, 41, 42, 43, 45, 46, 47, 48, 49, 50, 51, 52, 53, 54, 56, 57, 58, 59, 61, 62 |
| 2000-01 | KSA-IDK-4/987/15 Dt.08.10.2015 | 29 | 16, 18, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 36, 37, 38,39, 40, 41, 42, 43, 44, 45, 46, 47, 48 |
| 2001-02 | LFI-4/127/2015 Dt.06.02.2015 | 34 | 4, 5, 6, 7, 8, 10, 11, 12, 13, 15a, 15b, 16, 17, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40 |
| 2002-03 | LFI-4/332/08 Dt.03.04.2008 | 23 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14(1), 3-14(2), 3-14(3), 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, |
| 2003-04 | KSA-IDK-4/1473/15 Dt.05.02.2016 | 33 | 2-1, 2-2, 3-1, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34 |
| 2004-05 | LFI-4/952/2012 Dt.09.08.2012 | 39 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34, 3-35, 3-36, 3-38, 3-39, 3-41, 3-42 |
| 2005-06 | LFI-4/1103/2014 Dt. 17.10.2014 | 13 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2006-07 | LFI-5/302/14 Dt. 08.04.2014 | 18 | 3-1, 3-2, 3-5, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-23, |
| 2007-08 | KSA-IDK-4/905/15 Dt.18.10.2015 | 29 | 3-4, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26b, 3-27, 3-29, 3-30, 3-31a, 3-31b, 3-32, 3-33, 3-34, 3-35 |
| 2008-09 | KSA-IDK-4/1113/12 Dt.26.07.2013 | 58 | 2-7, 3-1 മുതൽ 3-57 വരെ |
| 2009-10 | KSA-IDK-4/534/15 Dt.05.10.2015 | 25 | 2-1, 2-2, 2-3, 3-1, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25 |
| 2010-11 | LFI-4/866/14 Dt.09/12/14 | 27 | 1-13, 2-1, 2-2, 2-4, 3-4, 3-5, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29 |
| 2011-12 | KSA-IDK-4/ 1557/16 Dt.19.12.2016 | 30 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22,3-23, 3-24, 3-25, 3-27, 3-28, 3-29, 3-31, 3-32, 3-33, 3-34, 3-37 |

| | | | |
|---|---|---|---|
| 2012-13 | KSA-IDK-4/195/19 Dt.22.03.19 | 27 | 2-1(1), 2-1(2), 2-1(3), 2-3, 3-1, 3-3, 3-(4), 3-(5), 3-6, 3-7, 3-8, 3-9, 3-10(A), 3-10(B), 3-11, 3-12(A), 3-12(B), 3-13, 3-14, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2013-14 | KSA-IDK-4/ 48/2017 Dt.13.02.19 | 31 | 2-1, 2-2, 3-1, 3-2(1), 3-2(2), 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34(1), 3-34(2), 3-35, 3-36, 3-37(1), 3-37(2), 3-38, 3-39, 3-42, 3-43 |
| 2014-15 | KSA-IDK-4/ 723/17 Dt.12.12.2018 | 47 | 2-1, 2-1, 2-3(1), 2-3(3), 3-1, 3-2, 3-4, 3-5, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16(1), 3-16(2), 3-16(3), 3-16(4), 3-16(5), 3-17(1), 3-17(2), 3-18, 3-19, 3-19(1), 3-19(2), 3-19(3), 3-19(4), 3-19(5), 3-19(6), 3-20, 3-21, 3-22, 3-23, 3-24(1), 3-24(2), 3-24(3), 3-25(1), 3-25(2), 3-26, 3-27, 3-28, 3-29, 3-31, 3-33, 3-34 |
| 2015-16 | KSA-IDK-4/ 1454/17 Dt.07.11.18 | 23 | 2-1, 2-2, 2-3, 3-2, 3-3, 3-4, 3-6(1), 3-6(2), 3-6(3), 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-19, 3-20, 3-21, 3-22 |
| 2016-17 | KSA-IDK.4/601/18 Dt.02.12.2018 | 29 | 2-1, 2-2, 2-4(B), 2-6, 3-2, 3-3, 3-4, 3-5, 3-6(2), 3-6(3), 3-7, 3-8, 3-9(2), 3-9(3), 3-9(4), 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-24, 3-25 |
| 2017-18 | KSA-IDK-4/902/21 Dt.17.06.2022 | 19 | 1-12, 3-2, 3-4, 3-5, 3-6, 3-10, 3-11, 3-13, 3-15, 3-16, 3-17, 3-19, 3-20, 3-22, 3-23, 3-25, 3-26, 4-2, 4-9 |
| 2018-19 | KSA-IDK-DP1/10/2024 Dt.18.05.2024 | 18 | 1-11 മുതൽ 1-20 വരെ, 1-22, 3-1 മുതൽ 3-6 വരെ, 4-10 |
| 2019-20 | KSA-IDK-DP1/35/2024 Dt.23.10.2024 | 72 | 1-11 മുതൽ 1-17 വരെ, 1-19 മുതൽ 1-31 വരെ, 1-33, 1-35, 1-38 മുതൽ 1-41 വരെ, 1-44 മുതൽ 1-52 വരെ, 1-56 മുതൽ 1-58 വരെ, 1-61 മുതൽ 1-70 വരെ, 1-74 മുതൽ 1-76 വരെ, 1-79, 1-81, 1-82, 3-1 മുതൽ 3-6 വരെ, 3-8, 3-9, 3-11 മുതൽ 3-18 വരെ, 3-20, 4-10 |
| 2020-21 | KSA-IDK-DP1/48/2023 Dt.01.03.2024 | 72 | 1-10 മുതൽ 1-52 വരെ, 2-1, 3-1 മുതൽ 3-27 വരെ, 4-10 |
| 2021-22 | KSAIDK/DP1/4/24 തീ.01.03.2024 | 42 | 1-12, 1-13, 1-16 മുതൽ 1-41 വരെ, 1-43 മുതൽ 1-46 വരെ, 2-1, 3-1 മുതൽ 3-8 വരെ, 4-10 |
| 2022-23 | KSAIDK/DP1/4/09 തീ.07.05.2024 | 53 | 1-1, 1-3, 1-7 മുതൽ 1-51 വരെ, 3-1 മുതൽ 3-4 വരെ, 4-5, 4-9 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated and submitted on , comprising of Receipt and Payment statement,Income and Expenditure account for the year ended on March and Balance sheet as on 31-03- , with supporting forms, of the Idukki Concurrent District Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Idukki District Panchayat as on 31-03-2024

**Date: 28/12/2024**

**Senior Deputy Director**
**Idukki District Panchayat**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Idukki Concurrent District Panchayat for the Year 2023-2024 .

**1.Major Observations**

**1. Mandatory financial statements, viz., ratios and notes on accounts, prescribed in Kerala Panchayath Raj (Accounts) Rules, 2011 not submitted along with Annual Finacial Statements.**
**2. Non-Disclosure of Assets in respect of all accounts.**
**3. Non-Disclosure of liability in respect of Special Purpose Grants.**
**4. Non-Disclosure of liability in respect of Liablilties accounted in B-9 Schedule of Balance Sheet.**

**5. Non-Disclosure of Assets in respect of Stores.**
**6. Non-disclosure of Receipts accounted.**
**7. Non-Disclosure of liability in respect of Loans.**
**8. Non-Disclosure of Assets in respect of Investements-Fixed Deposits.**
**9. Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.**
**10. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.**
**11. Non-Disclosure of liability in respect of Panchayath General Fund.**
**12. Non-Disclosure of liability in respect of Capital Contibution.**
**13. Non-Disclosure of assets in respect of Capital work in progress.**
**14. Non-Disclosure of assets in respect of deposits to agencies.**
**15. Non-disclosure of expenses accounted.**

**2.Other Observations**

1. Net increase/decrease in cashflow not matching with the difference between the opening balance and closing balance of cash and cash equivalents.
2. Non prepration and attestation of Monthly Bank Reconciliation Statement.
3. Stock register, Advance Received register (Liability), Deposit register, Loan register, Advance/loan register (Asset), Investment register, loan register are not reliable for audit.
4. Lack of authenticated journal vouchers for supporting the adjustment entries.
5. Misclassification of Receipt voucher.
6. Lapses in making timely and accurate entries in respect of receipts.
7. Lapses in making timely and accurate entries in respect of expenditure.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം ,ഇടുക്കി -685603
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്